കേരളസർക്കാർ

വാല്യം 09
ഇഷ്യൂ 01

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





"മാനസിക വികാസമായിരിക്കണം
മനുഷ്യന്റെ അസ്തിത്വത്തിന്റെ
ആത്യന്തിക ലക്ഷ്യം"

കേരളസർക്കാർ



# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം







കേരള സർക്കാർ

നിയമവകുപ്പ്

# പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
16-07-2025

ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണം എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി വിവിധ കർമ്മപദ്ധതികൾ കേരള സർക്കാർ ആവിഷ്ക്കരിച്ച് വരുന്നു. അതിന്റെ ഭാഗമായി, കോടതി ഭാഷയും സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ മാറ്റേണ്ടതുണ്ട്. കോടതിഭാഷ മലയാളമാക്കാനുള്ള പരിശ്രമങ്ങൾ ജാഗ്രതയോടെ പുരോഗമിക്കുകയാണ്. ഇതിന്റെ തുടർച്ചയായാണ് ഗവ. സെക്രട്ടേറിയറ്റിലെ നിയമവകുപ്പ് '***നിയമധ്വനി*** എന്ന പ്രസിദ്ധീകരണത്തിലൂടെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും പ്രധാനപ്പെട്ടതും ആനുകാലിക പ്രസക്തിയുള്ളതുമായ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ദൗത്യവുമായി ഒരു പതിറ്റാണ്ടിലേറെയായി മുന്നോട്ട് പോകുന്നത്. വിധിന്യായങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള സങ്കീർണ്ണമായ വിഷയങ്ങൾ മാതൃഭാഷയിൽ ലളിതമായി വിവർത്തനം ചെയ്ത് സാമാന്യജനങ്ങളിലെത്തിക്കുന്നതുവഴി സമൂഹത്തിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനും മലയാളഭാഷയുടെ വികാസത്തിനും ഭരണരംഗത്ത് അതിന്റെ വ്യാപനത്തിനും സഹായകമാകുന്നു. ഈ ലക്കത്തിലൂടെയും പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നിയമധ്വനിയെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

കേരള സർക്കാർ

# നിയമധ്വനി

നിയമവകുപ്പ് പ്രസിദ്ധീകരണം

പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**ഷിബു തോമസ്**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ

**ജാക്വലിൻ ഇ. ഡബ്ല്യു.**
ജോയിന്റ് സെക്രട്ടറി

**ഗായത്രി എം. എം.**
സെക്ഷൻ ഓഫീസർ

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്

**ദിവ്യ കെ.**
ലീഗൽ അസിസ്റ്റന്റ്

പുറം താൾ രൂപകൽപ്പന

രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം

അച്ചടി

ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം-2025

---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക

വിലാസം

നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695 001
ഫോൺ : 04712517064, 04712517066
email.id: so.olpc.law@kerala.gov.in

# ഉൾത്താളുകളിൽ


**I. സുപ്രീം കോടതി വിധിന്യായങ്ങൾ** **3**

1. രാഖി സാധുഖാൻ V. രാജ സാധുഖാൻ 5

2. യോഗേഷ് കുമാർ V. ഉത്തർപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും 9

**II. ഹൈക്കോടതി വിധിന്യായങ്ങൾ** **13**

1. മലയാലപ്പുഴ ഗ്രാമപഞ്ചായത്തും മറ്റൊരാളും V. അജികുമാർ എൻ. ഉം മറ്റുള്ളവരും 15

2. രാം ബല്ലാൽ V. കേരള സംസ്ഥാനവും മറ്റൊരാളും 18

3. പ്രകാശ് ശങ്കർ V. ഭാരത് സഞ്ചാർ നിഗം ലിമിറ്റഡും മറ്റുള്ളവരും 21

4. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും V. എസ്. സതികുമാരി അമ്മ 25

**III. സുപ്രീം കോടതി വിധി : സംക്ഷിപ്തം** **29**

ജോഗേശ്വർ സാഹുവും മറ്റുള്ളവരും V. കട്ടക്ക് ജില്ലാ ജഡ്ജിയും മറ്റുള്ളവരും 31

**IV. കേരള ഹൈക്കോടതി വിധി : സംക്ഷിപ്തം** **34**

അഹമ്മദ് നസീഫും മറ്റുള്ളവരും V. കേരള സംസ്ഥാനവും മറ്റൊരാളും 35

**V. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** **38**

1. മൻസൂർ അലി V. കേരള സംസ്ഥാനം 39

2. സിബിൻ എസ് വി V. കേരള സംസ്ഥാനം 39

3. തോമസ് ആന്റണി V. കേരള സംസ്ഥാനം 40

4. കേരള സംസ്ഥാനം V. ടി രാജീവ് 41

5. അനൂപ് വർക്കി V. ജി. എസ്. സജിപ്രസാദ് 43

6. കേരള സംസ്ഥാന വൈദ്യുതി ബോർഡും മറ്റുള്ളവരും V. റാഫേൽ & കമ്പനി, ചേർപ്പ് 44

**VI. ലേഖനങ്ങൾ** 45

1. വിവര സാങ്കേതിക നിയമവും സൈബർ സുരക്ഷയും 47
   (റ്റി.ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്)
2. റാഗിംഗ് നിരോധനം - ചരിത്രവും വർത്തമാനവും 50
   (ദിപിൻ റോയ് എസ്. എൽ., സെക്ഷൻ ഓഫിസർ, നിയമ വകുപ്പ്.)
3. സാന്ത്വന പരിചരണവും ലഹരിവിരുദ്ധ നിയമങ്ങളും 58
   (ഗൗരി എസ്, ലീഗൽ അസിസ്റ്റന്റ്, നിയമ വകുപ്പ്)

**VII. വേറിട്ടവിധികൾ** ***62***

1. പൊറോട്ട, ബീഫ് ഫ്രൈ എന്നിവയ്ക്കൊപ്പം ഗ്രേവി നൽകാത്തത് സേവനത്തിലെ പോരായ്മയായി വിശേഷിപ്പിക്കാനാവില്ല. 63
2. ഷർട്ട് തയ്ച്ച് നൽകിയതിലെ പിഴവുകൾ പരിഹരിക്കുവാൻ തയ്യാറാവാത്തത് 'സേവനത്തിലെ പോരായ്മ' : പിഴ ചുമത്തി ജില്ലാ കമ്മീഷൻ 64

**VIII. നിയമപദപരിചയം** **67**

**IX. നിയമസൂക്തങ്ങൾ** **68**

**X. മാനകപദാവലി** **70**

**XI. നിയമലോകം** **72**




# സുപ്രീം കോടതി

## വിധിന്യായങ്ങൾ

**സുപ്രീം കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

**&**

**ബഹു. ജസ്റ്റിസ് സന്ദീപ് മേഹ്ത**

സിവിൽ അപ്പീൽ അധികാരപരിധി

സിവിൽ അപ്പീൽ നമ്പർ 10209/2024

**രാഖി സാധുഖാൻ - അപ്പീൽവാദി**

**v.**

**രാജാ സാധുഖാൻ- എതിർകക്ഷി**

&

കോടതിയലക്ഷ്യ ഹർജി (C) നം. 857/2024

സിവിൽ അപ്പീൽ നമ്പർ 10209/2024-ൽ നിന്നും

**രാഖി സാധുഖാൻ - ഹർജിക്കാരി**

**v.**

**രാജാ സാധുഖാൻ- എതിർകക്ഷി**

( 29.05.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

പുനർവിവാഹിതയാകാതെയും പരാശ്രയം കൂടാതെയും ജീവിക്കുന്ന അപ്പീൽവാദിയായ ഭാര്യക്ക് വിവാഹസമയത്ത് അവൾ ആസ്വദിച്ച ജീവിത നിലവാരത്തെ പ്രതിഫലിപ്പിക്കുന്നതും അവളുടെ ഭാവി ന്യായമായി സുരക്ഷിതമാക്കുന്നതുമായ തുക ജീവനാംശമായി ലഭിക്കുവാൻ അർഹതയുണ്ട്. എതിർകക്ഷിയായ ഭർത്താവിന്റെ വരുമാനം, സാമ്പത്തിക വെളിപ്പെടുത്തലുകൾ, മുൻകാല വരുമാനം എന്നിവ സ്ഥാപിക്കുന്നത് ഉയർന്നതുക നൽകുവാൻ കഴിയുന്ന ഒരു നിലയിലാണ് അയാൾ എന്നാണ്. ഇത് കൂടാതെ, പണപ്പെരുപ്പംമൂലം ജീവിതച്ചെലവിലുള്ള വർദ്ധനവും സാമ്പത്തിക സഹായത്തിനായുള്ള ഏകമാർഗ്ഗമായി തുടർന്നും അവൾ ജീവനാംശ തുകയെ ആശ്രയിക്കേണ്ടിവരുന്നതും തുക പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമാകുന്നു.

**വിധിന്യായം**

## ജസ്റ്റിസ് വിക്രം നാഥ്

1) കൽക്കട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 25/06/2019-ൽ FA No.92/2019 (FAT No. 122/2015) കേസിൽ പാസ്സാക്കിയ ഉത്തരവിൽ നിന്നുമാണ് ഈ അപ്പീൽ ഉത്ഭവിച്ചിരിക്കുന്നത്. അതിൽ എതിർകക്ഷിയായ ഭർത്താവ് ഫയൽ ചെയ്ത അപ്പീൽ അനുവദിച്ച് വിവാഹമോചന ഉത്തരവ് നൽകുകയും അപ്പീൽവാദിയായ ഭാര്യക്ക് ഓരോ മൂന്നുവർഷം കൂടുമ്പോഴും 5% വർദ്ധനയോടുകൂടി പ്രതിമാസം 20,000/- രൂപ ജീവനാംശം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു.

2) നിലവിലെ അപ്പീലിലെ പ്രസക്തമായ വസ്തുതകൾ ഇനി പറയും പ്രകാരമാണ് :

2.1. അപ്പീൽവാദിയായ ഭാര്യയും എതിർ കക്ഷിയായ ഭർത്താവും തമ്മിലുള്ള വിവാഹം നടന്നത് 18/06/1997ലാണ്.

2.2. 05/08/1998-ൽ അവർക്ക് ഒരു ആൺകുട്ടി ജനിച്ചു.

2.3. അപ്പീൽവാദിയായ ഭാര്യയിൽ നിന്നും ക്രൂരത ഉണ്ടായി എന്ന് ആരോപിച്ചുകൊണ്ട് 2008 ജൂലൈയിൽ എതിർകക്ഷിയായ ഭർത്താവ് 1954-ലെ സ്പെഷ്യൽ മാരേജ് ആക്റ്റിന്റെ 27-ാം വകുപ്പ് പ്രകാരം വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ട് 430/2008നമ്പർ കേസ് ഫയൽ ചെയ്തു.

2.4 അതിനെ തുടർന്ന് അപ്പീൽവാദിയായ ഭാര്യ ഇതേ കേസിൽ അവർക്കും പ്രായപൂർത്തിയാകാത്ത മകനും ഇടക്കാല ജീവനാംശം ആവശ്യപ്പെട്ടുകൊണ്ട് 1955-ലെ ഹിന്ദുവിവാഹ ആക്റ്റിലെ 24-ാം വകുപ്പ് പ്രകാരം മിസലേനിയസ് കേസ് നമ്പർ 155/2008 ഫയൽ ചെയ്തു.

2.5 വിചാരണകോടതിയുടെ 14/01/2010-ലെ ഉത്തരവ് പ്രകാരം ഇടക്കാല ജീവനാംശമായി പ്രതിമാസം 8,000/- രൂപയും വ്യവഹാര ചെലവായി 10,000/- രൂപയും അപ്പീൽവാദിയായ ഭാര്യയ്ക്ക് അനുവദിച്ചു.

2.6 അപ്പോൾ അപ്പീൽവാദിയായ ഭാര്യ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 125-ാം വകുപ്പ് പ്രകാരം മിസലേനിയസ് കേസ് നമ്പർ 116/2010 ഫയൽ ചെയ്തു. വിചാരണകോടതിയുടെ 28/03/2014-ലെ ഉത്തരവ് പ്രകാരം എതിർകക്ഷിയായ ഭർത്താവിനോട് അപ്പീൽവാദിയായ ഭാര്യയ്ക്ക് ജീവനാംശമായി പ്രതിമാസം 8,000/- രൂപയും പ്രായപൂർത്തിയാകാത്ത മകന്റെ ജീവനാംശമായി പ്രതിമാസം 6,000/- രൂപയും അതോടൊപ്പം വ്യവഹാര ചെലവായി 5000/- രൂപയും നൽകുവാനും നിർദ്ദേശിച്ചു.

2.7 ക്രൂരത തെളിയിക്കുന്നതിൽ എതിർകക്ഷിയായ ഭർത്താവ് പരാജയപ്പെട്ടു എന്ന് കണ്ടെത്തിയ വിചാരണക്കോടതി 10/01/2016 ലെ ഉത്തരവ് പ്രകാരം വിവാഹമോചന ഹർജി തള്ളിക്കളഞ്ഞു. ഇതിൽ സങ്കടപ്പെട്ട എതിർകക്ഷി കൽക്കട്ട ഹൈക്കോടതി മുമ്പാകെ FAT നമ്പർ 122/2015 അപ്പീൽ ഫയൽ ചെയ്തു.

2.8 അപ്പീൽ പരിഗണനയിലിരിക്കുന്ന വേളയിൽ അപ്പീൽവാദിയായ ഭാര്യ അവളുടെ ഇടക്കാല ജീവനാംശമായി ആകെ 30,000/- രൂപയും മകന് 20,000/- രൂപയും അതോടൊപ്പം വ്യവഹാര ചെലവുകൾക്കായി 50,000/- രൂപയും ആവശ്യപ്പെട്ടുകൊണ്ട് CAN No.4505/2025 അപേക്ഷ ഫയൽ ചെയ്തു.

2.9 14/05/2015 ലെ ഉത്തരവിലൂടെ ഹൈക്കോടതി ഇടക്കാല ജീവനാംശമായി പ്രതിമാസം 15,000/- രൂപ നല്കുവാൻ എതിർകക്ഷിയായ ഭർത്താവിനോട് നിർദ്ദേശിച്ചു.

2.10 അതിനുശേഷം 14/07/2016 ലെ ഉത്തരവിൽ ഹൈക്കോടതി എതിർകക്ഷിയായ ഭർത്താവിന് മൊത്തം 69,000/- രൂപ പ്രതിമാസശമ്പളമായി ലഭിക്കുന്നത് ശ്രദ്ധിക്കുകയും, ഇടക്കാല ജീവനാംശ തുക പ്രതിമാസം 20,000/- രൂപയായി വർദ്ധിപ്പിച്ചു നൽകുകയും ചെയ്തു.

2.11 ഒടുവിൽ, ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള 25/06/2019 ലെ ഉത്തരവിലൂടെ ഹൈക്കോടതി എതിർകക്ഷിയായ ഭർത്താവിന്റെ അപ്പീൽ അനുവദിക്കുകയും മാനസികമായ ക്രൂരത

യുടെയും, വീണ്ടെടുക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിലുള്ള വൈവാഹികബന്ധ തകർച്ച യുടെയും അടിസ്ഥാനത്തിൽ വിവാഹമോചന ഉത്തരവ് നൽകുകയും എതിർകക്ഷിയായ ഭർത്താവിനോട് ഇനി പറഞ്ഞിട്ടുള്ളവ ചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തു :

(i) അപ്പീൽവാദിയായ ഭാര്യ താമസിച്ചിരുന്ന ഫ്ളാറ്റിന്മേലുള്ള പണയം വീണ്ടെടുത്ത് അതിന്റെ ഉടമസ്ഥാവകാശരേഖ 31/08/2019 അകം അവരുടെ പേർക്ക് കൈമാറുക;

(ii) അപ്പീൽവാദിയായ ഭാര്യയെയും അവരുടെ മകനെയും പ്രസ്തുത ഫ്ളാറ്റിൽ താമസം തുടരുവാൻ അനുവദിക്കുക; കൂടാതെ

(iii) അപ്പീൽവാദിയായ ഭാര്യക്ക് സ്ഥിരജീവനാംശ മായി പ്രതിമാസം നൽകിവരുന്ന 20,000/- രൂപ ഓരോ മൂന്നു വർഷത്തിലും 5% വർദ്ധനവിന് വിധേയമായി തുടർന്നും നൽകുക.

ഇത് കൂടാതെ, ഹൈക്കോടതി മകന്റെ സർവ്വകലാശാല വിദ്യാഭ്യാസത്തിനുള്ള ചെലവുകൾക്കും സ്വകാര്യ ട്യൂഷനുമായി പ്രതിമാസം 5,000 രൂപ നൽകുവാനും നിർദ്ദേശിച്ചു. ജീവനാംശമായി വിധിച്ച തുകയിൽ സങ്കടപ്പെട്ടുകൊണ്ടാണ് അപ്പീൽവാദിയായ ഭാര്യ ഈ കോടതി മുമ്പാകെ വന്നിട്ടുള്ളത്. കക്ഷികളുടെ അഭിഭാഷകരെ ഞങ്ങൾ കേട്ടിട്ടുണ്ടായിരുന്നു.

3) അപ്പീൽവാദിയായ ഭാര്യക്ക് സ്ഥിരജീവനാംശ മായി വിധിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കുന്ന ചോദ്യവുമായി മാത്രം ബന്ധപ്പെട്ട് കൊണ്ട് ഈ കോടതി 20/02/2023 ലെ ഉത്തരവ് പ്രകാരം നോട്ടീസ് നൽകിയിരുന്നു.

4) നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു എന്നതിന് തെളിവുണ്ടായിരുന്നിട്ടും എതിർകക്ഷിയായ ഭർത്താവിനെ പ്രതിനിധീകരിച്ച് ആരും ഹാജരായിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 07/11/2023-ലെ ഈ കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ പ്രതിമാസ ജീവനാംശ തുക 01/11/2023 മുതൽ 75,000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഇതിനെതുടർന്ന് എതിർ കക്ഷിയായ ഭർത്താവ് ഹാജരാവുകയും പ്രസ്തുത ഇടക്കാല ഉത്തരവ് നീക്കം ചെയ്യുവാൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

5) ഹൈക്കോടതി അന്തിമമാക്കിയിട്ടുള്ള പ്രതിമാസം 20-,000/- രൂപ എന്നത് ഇടക്കാല ജീവനാംശ തുകയായി ആദ്യം അനുവദിച്ചതാണ് എന്ന് അപ്പീൽവാദിയായ ഭാര്യ വാദിച്ചു. എതിർകക്ഷിയായ ഭർത്താവിന് മാസം ഏകദേശം 4,00,000/- രൂപ വരുമാനം ഉണ്ടെന്നും, ജീവനാംശമായി വിധിച്ചിട്ടുള്ള തുക വിവാഹ സമയത്ത് കക്ഷികൾ നിലനിർത്തിവന്ന ജീവിത നിലവാരവുമായി പൊരുത്തപ്പെടുന്നില്ലെന്നും അവർ വാദിച്ചു.

6) മറുപടിയായി, എതിർകക്ഷിയായ ഭർത്താവ് തന്റെ നിലവിലെ മൊത്തം പ്രതിമാസ വരുമാനം കൊൽക്കത്തയിലെ തരത ലയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേ ജ്മെന്റിലെ ജോലിയിൽ നിന്നും സമ്പാദിക്കുന്ന 1,64,039/- രൂപ മാത്രമാണെന്ന് സമർപ്പിച്ചു. 2023–2024 വർഷത്തെ ശമ്പള സ്ലിപ്പുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ആദായനികുതി റിട്ടേണുകൾ എന്നിവ അയാൾ രേഖയായി സമർപ്പിച്ചു. കൂടാതെ മുമ്പ് അദ്ദേഹം താജ് ഹോട്ടലിൽ 21,92,525/- രൂപ മൊത്തം വാർഷിക ശമ്പളത്തിൽ ജോലി ചെയ്തിരുന്നു എന്ന് പ്രസ്താവിച്ചു. അയാൾ വീണ്ടും വിവാഹം കഴിച്ചുവെന്നും പ്രതിമാസ വീട്ട് ചെലവുകൾ ആകെ 1,72,088/- രൂപ ആണെന്നും അയാളെ ആശ്രയിച്ചുകഴിയുന്ന കുടുംബവും വൃദ്ധരായ മാതാപിതാക്കളുമുണ്ടെന്നും സമർപ്പിച്ചു. ഇപ്പോൾ അവരുടെ മകന് 26 വയസ് ആയതിനാൽ സാമ്പത്തികമായി ആശ്രിത നല്ലെന്നും എതിർകക്ഷിയായ ഭർത്താവ് വാദിച്ചു.

7) ഉന്നയിച്ചിട്ടുള്ള വാദങ്ങളും സമർപ്പിച്ചിട്ടുള്ള രേഖകളും പരിഗണിച്ചതിൽ നിന്നും ഹൈക്കോടതി നിശ്ചയിച്ച സ്ഥിരജീവനാംശതുക പുതുക്കേണ്ടതുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. എതിർകക്ഷിയായ ഭർത്താവിന്റെ വരുമാനം, സാമ്പത്തിക വെളിപ്പെടുത്തലുകൾ, മുൻകാല വരുമാനം എന്നിവ സ്ഥാപിക്കുന്നത്

ഉയർന്നതുക നൽകുവാൻ കഴിയുന്ന ഒരു നിലയിലാണ് അയാൾ എന്നാണ്. പുനർവിവാഹിതയാകാതെയും പരാശ്രയം കൂടാതെയും ജീവിക്കുന്ന അപ്പീൽവാദിയായ ഭാര്യക്ക് വിവാഹസമയത്ത് അവൾ ആസ്വദിച്ച ജീവിത നിലവാരത്തെ പ്രതിഫലിപ്പിക്കുന്നതും അവളുടെ ഭാവി ന്യായമായി സുരക്ഷിതമാക്കുന്നതുമായ തുക ജീവനാംശമായി ലഭിക്കുവാൻ അർഹതയുണ്ട്. ഇത് കൂടാതെ, പണപ്പെരുപ്പംമൂലം ജീവിതച്ചെലവിലുള്ള വർദ്ധനവും സാമ്പത്തിക സഹായത്തിനായുള്ള ഏകമാർഗ്ഗമായി തുടർന്നും അവൾ ജീവനാംശ തുകയെ ആശ്രയിക്കേണ്ടിവരുന്നതും തുക പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമാകുന്നു.

8) ഞങ്ങളുടെ അഭിപ്രായത്തിൽ, അപ്പീൽവാദിയായ ഭാര്യയുടെ സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിന് പ്രതിമാസം 50,000 രൂപ ന്യായമായതും, നീതിപൂർവ്വവും ഉചിതവുമാണ്. ഈ തുക ഓരോ രണ്ട് വർഷത്തിലും 5% വർദ്ധനവിന് വിധേയമായിരിക്കും. ഇപ്പോൾ 26 വയസ്സുള്ള മകനെ സംബന്ധിച്ചിടത്തോളം കൂടുതലായി ഏതെങ്കിലും നിർബന്ധിത സാമ്പത്തിക സഹായം നിർദ്ദേശിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും വിദ്യാഭ്യാസത്തിനോ അല്ലെങ്കിൽ മറ്റ് ന്യായമായ ചെലവുകൾക്കോ സ്വമേധയാ അവനെ സഹായിക്കുവാൻ എതിർകക്ഷിയായ ഭർത്താവിന് സ്വാതന്ത്ര്യമുണ്ട്. മകന്റെ പിൻതുടർച്ചാവകാശം മാറ്റമില്ലാതെ നിലനിൽക്കുമെന്നും പൂർവ്വികസ്വത്തിലോ മറ്റ് സ്വത്തുക്കളിലോ ഉള്ള അവകാശം നിയമപ്രകാരം തേടാവുന്നതാണെന്നും ഞങ്ങൾ വ്യക്തമാക്കുന്നു.

9. മുകളിൽ പറഞ്ഞപ്രകാരം അപ്പീൽ അനുവദിച്ചിരിക്കുന്നു. അപ്പീൽവാദിയായ ഭാര്യക്ക് നൽകേണ്ട സ്ഥിരജീവനാംശം പ്രതിമാസം 50,000/- രൂപ ആയിരിക്കണമെന്നും മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ ഓരോ രണ്ടുവർഷത്തിലും 5% വർദ്ധനവിന് വിധേയമായിരിക്കുമെന്നും വിധിച്ചുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഹൈക്കോടതി ഉത്തരവ് ഭേദഗതി ചെയ്യുന്നു.

10. അതനുസരിച്ച് കോടതിയലക്ഷ്യ ഹർജി തീർപ്പാക്കുന്നു.

11. തീർപ്പാക്കാതെയുള്ള അപേക്ഷകൾ ഉണ്ടെങ്കിൽ അതും തീർപ്പാക്കുന്നു.

# സുപ്രീം കോടതി മുമ്പാകെ

സിവിൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് ബി. ആർ. ഗവായി**

**&**

**ബഹു. ജസ്റ്റിസ് അഗസ്റ്റിൻ ജോർജ് മാസിഹ്**

സിവിൽ അപ്പീൽ നം. _____ / 2025

[എസ്.എൽ.പി. (സിവിൽ) നം.5505/2020-ൽ നിന്നുത്ഭവിച്ചത്]

**യോഗേഷ് കുമാർ - അപ്പീൽവാദി**

**v.**

**ഉത്തർപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും - എതിർകക്ഷികൾ**

( 18.03.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

വസ്തുതാപരമായ കാര്യങ്ങളിൽ തർക്കമുണ്ടെങ്കിൽപ്പോലും, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരമുള്ള ഒരു ഹർജി പരിഗണിക്കുന്നതിൽ ഹൈക്കോടതി നീതീകരിക്കപ്പെടും എന്ന് എ ബി എൽ ഇന്റർനാഷണൽ ലിമിറ്റഡും മറ്റൊരാളും v. എക്സ്പോർട്ട് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും മറ്റുള്ളവരും എന്ന കേസിൽ ഈ കോടതി, വിധിച്ചിട്ടുണ്ടായിരുന്നു. വസ്തുതാപരമായ തർക്കങ്ങളുള്ള കേസുകളിൽ പോലും, സത്യവാങ്മൂലത്തിൽ അടങ്ങിയിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അത്തരം തർക്കങ്ങൾ തീരുമാനിക്കാൻ കഴിയുന്നിടത്തും വിശദമായ തെളിവുകൾ നൽകേണ്ട ആവശ്യമില്ലാത്തിടത്തും, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം ആശ്വാസം നൽകുന്നതിൽ ഹൈക്കോടതിയെ നീതീകരിച്ചിട്ടുണ്ടെന്ന് വിധിച്ചിട്ടുണ്ട്. ഏത് സാഹചര്യത്തിലും, സംസ്ഥാനവും ഹൈക്കോടതികളും മാതൃകാവ്യവഹാരികളായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എട്ട് വർഷം ജില്ലാ ജുഡീഷ്യറിയിൽ സേവനമനുഷ്ഠിച്ച ജീവനക്കാരുടെ ശമ്പളം നൽകുന്ന കേസ് കൈകാര്യം ചെയ്യുമ്പോൾ ഹൈക്കോടതി അതിസാങ്കേതികമായ വീക്ഷണം സ്വീകരിക്കേണ്ടതില്ലായിരുന്നു.

## വിധിന്യായം

## ജസ്റ്റിസ് ബി. ആർ. ഗവായി

1. അനുമതി നൽകി.

2. അപ്പീൽ വാദം കേൾക്കുന്നതിനായി എടുക്കുന്നു.

3. 456/2019 നമ്പർ ഡിഫെക്റ്റീവ് സ്പെഷ്യൽ അപ്പീലിൽ അലഹബാദ് ഹൈക്കോടതിയിലെ (ഇനി മുതൽ “ഹൈക്കോടതി” എന്ന് വിശേഷിപ്പിക്കപ്പെടുന്നു) ഡിവിഷൻ ബെഞ്ച് 2019 മെയ് 16 ന് പുറപ്പെടുവിച്ച വിധിന്യായത്തെയും ഉത്തരവിനെയും ഈ

അപ്പീലിൽ ചോദ്യം ചെയ്തിട്ടുണ്ട്. അതിൽ അലഹബാദ് ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച 2018 മെയ് 23-ാം തീയതിയിലെ ഉത്തരവിനെ ചോദ്യം ചെയ്ത് ഇതിലെ അപ്പീൽവാദി സമർപ്പിച്ച അപ്പീൽ തള്ളുകയായിരുന്നു.

4. ആവശ്യമില്ലാത്ത വിശദാംശങ്ങൾ ഒഴിവാക്കി കൊണ്ട് നിലവിലെ അപ്പീലിലേക്ക് നയിച്ച വസ്തുതകൾ താഴെ പറയുന്നവയാണ്:

4.1 അപ്പീൽവാദി സഹാറൻപൂർ ജില്ലാ കോടതി പുറപ്പെടുവിച്ച പരസ്യം അനുസരിച്ച് സ്റ്റെനോഗ്രാഫർ തസ്തികയിലേക്ക് അപേക്ഷിച്ചിരുന്നു. നിയമന പ്രക്രിയയിൽ യോഗ്യരാണെന്ന് കണ്ടെത്തിയ അപ്പീൽവാദിയെയും മറ്റ് ആറ് പേരെയും സ്റ്റെനോഗ്രാഫർ തസ്തികയിലേക്ക് നിയമിക്കുകയും, അവർ 2002 ഏപ്രിൽ 16-ന് ചുമതലയേൽക്കുകയും ചെയ്തു. എന്നിരുന്നാലും, പരസ്യപ്പെടുത്തിയ തസ്തികകളുടെ എണ്ണം മൂന്ന് മാത്രമായിരുന്നു എന്നും, ഇതിലെ അപ്പീൽവാദി ഉൾപ്പെടെ നാല് പേരെ അധികമായി നിയമിച്ചതായും പിന്നീട് കണ്ടെത്തി. അതിനാൽ, അവരുടെ നിയമനം റദ്ദാക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിലെ അപ്പീൽവാദിയെയും മറ്റ് മൂന്ന് പേരെയും പിരിച്ചുവിട്ടുകൊണ്ട് ജില്ലാ ജഡ്ജി 2005 ഫെബ്രുവരി 28-ന്, ഉത്തരവ് പുറപ്പെടുവിച്ചു.

4.2 പിരിച്ചുവിടലിൽ സങ്കടപ്പെട്ടുകൊണ്ട്, ഇതിലെ അപ്പീൽവാദിയും മറ്റ് മൂന്ന് പേരും റിട്ട് ഹർജി നമ്പർ 43168/2005 മുഖേന ഹൈക്കോടതിയിലെ പണ്ഡിതനായ സിംഗിൾ ജഡ്ജിയെ സമീപിച്ചു. പ്രസ്തുത റിട്ട് ഹർജി 2012 മെയ് 17-ാം തീയതിയിലെ ഉത്തരവിലൂടെ തള്ളുകയായിരുന്നു. ഇതിനെതിരായി സമർപ്പിച്ച പ്രത്യേക അപ്പീലായ 1180/2012 നമ്പർ ഇൻട്രാ കോടതി അപ്പീലും തള്ളുകയായിരുന്നു. അതിൽ സങ്കടപ്പെട്ടുകൊണ്ട്, ഇതിലെ അപ്പീൽവാദി പ്രത്യേക അനുമതി ഹർജി (സി) നമ്പർ 26959/2012 മുഖേന ഈ കോടതിയെ സമീപിക്കുകയായിരുന്നു.

4.3 ഈ കോടതി 2012 സെപ്റ്റംബർ 21-ാം തീയതിയിലെ ഉത്തരവ് മുഖേന ഇതിലെ അപ്പീൽവാദിയും മറ്റുള്ളവരും സമർപ്പിച്ച പ്രത്യേക അനുമതി ഹർജി ഇനിപ്പറയും പ്രകാരം തള്ളി:-

"കേട്ടു."

ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഇടപെടാൻ ഒരു കാരണവും ഞങ്ങൾ കാണുന്നില്ല. പ്രത്യേക അനുമതി ഹർജി തള്ളുന്നു.

സ്റ്റെനോഗ്രാഫർമാരായി ജോലി ചെയ്തിട്ടും എട്ട് വർഷത്തെ ശമ്പളം ഹർജിക്കാർക്ക് നൽകിയിട്ടില്ലെന്ന് ഈ ഘട്ടത്തിൽ ഹർജിക്കാരുടെ അഭിഭാഷകൻ വാദിച്ചു. ഹർജിക്കാർക്ക് ജോലി ചെയ്ത കാലയളവിലെ ശമ്പളം അവകാശപ്പെടാനുള്ള സ്വാതന്ത്ര്യം നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഈ പ്രത്യേക അനുമതി ഹർജി തള്ളുന്നത് ഉചിതമായ സിവിൽ വ്യവഹാരത്തിലൂടെ അങ്ങനെയുള്ള ഏതെങ്കിലും ആശ്വാസം തേടുന്നതിൽ നിന്ന് ഹർജിക്കാരെ തടസ്സപ്പെടുത്തില്ലെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. അങ്ങനെയുള്ള വ്യവഹാരത്തിന്റെ നിലനിൽപ്പിനെക്കുറിച്ചോ അല്ലെങ്കിൽ നിർദ്ദിഷ്ട അവകാശവാദം ന്യായീകരിക്കാവുന്നതാണോ എന്നതിനെക്കുറിച്ചോ ഞങ്ങൾ യാതൊരു അഭിപ്രായവും പ്രകടിപ്പിക്കുന്നില്ല."

4.4 അതിനുശേഷം തങ്ങൾ ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ട് അപ്പീൽവാദിയും മറ്റുള്ളവരും സഹാറൻപൂർ ജില്ലാ ജഡ്ജിയുടെ മുമ്പാകെ നിവേദനം നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത നിവേദനം നിരസിക്കപ്പെട്ടു. അതിൽ സങ്കടപ്പെട്ടുകൊണ്ട്, അപ്പീൽവാദിയും മറ്റുള്ളവരും പണ്ഡിതനായ സിംഗിൾ ജഡ്ജി മുമ്പാകെ റിട്ട് ഹർജി നമ്പർ 26698/2015 ഫയൽ ചെയ്തു. പ്രസ്തുത ഹർജി 2018 മെയ് 23-ലെ ഉത്തരവിലൂടെ തള്ളുകയായിരുന്നു. ഇതിനെതിരെ സമർപ്പിച്ച 456/2019 നമ്പർ ഡിഫെക്റ്റീവ് സ്പെഷ്യൽ അപ്പീലായ ഇൻട്രാ കോടതി അപ്പീലും തള്ളി. അതിൽ സങ്കടപ്പെട്ടുകൊണ്ട്, പ്രത്യേക അനുമതി മുഖേന നിലവിലെ അപ്പീൽ ഫയൽ ചെയ്തു. അതിൽ ഈ കോടതി 2020 ഫെബ്രുവരി 28-ലെ ഉത്തരവ് പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചു.

5. അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ഡോ. എൽ. എസ്. ചൗധരിയെയും, രണ്ടാം എതിർകക്ഷിയായ അലഹബാദ് ഹൈക്കോടതിക്ക് വേണ്ടി ഹാജരായ ശ്രീ. വിശാൽ മേഘ്‌വാളിനെയും ഞങ്ങൾ കേട്ടു.

6. അപ്പീൽവാദിയുടെ അവകാശവാദം തള്ളിക്കളഞ്ഞതിൽ ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജിയും ഡിവിഷൻ ബെഞ്ചും തികച്ചും തെറ്റായ സമീപനമാണ് സ്വീകരിച്ചതെന്ന് അപ്പീൽവാദിയുടെ അഭിഭാഷകനായ ഡോ. എൽ. എസ്. ചൗധരി സമർപ്പിച്ചു. അപ്പീൽവാദിയും മറ്റുള്ളവരും എട്ട് വർഷം യഥാർത്ഥത്തിൽ ജോലി ചെയ്തിരുന്നു എന്നതിൽ തർക്കമില്ലെന്ന് സമർപ്പിച്ചു. ഹൈക്കോടതിയിലെ പണ്ഡിതനായ സിംഗിൾ ജഡ്ജി പോലും അപ്പീൽവാദിയും മറ്റുള്ളവരും യഥാർത്ഥത്തിൽ എട്ട് വർഷം ജോലി ചെയ്തിരുന്നു എന്ന വാദം അംഗീകരിച്ചിട്ടുണ്ടെന്നും സമർപ്പിച്ചു. എന്നിരുന്നാലും, അപ്പീൽവാദിക്കും മറ്റുള്ളവർക്കും ഉചിതമായ സിവിൽ നടപടി സ്വീകരിക്കാൻ അർഹതയുണ്ടെന്ന് സുപ്രീംകോടതി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽവാദിക്കും മറ്റുള്ളവർക്കും ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് ആശ്വാസം പണ്ഡിതനായ സിംഗിൾ ജഡ്ജി നിഷേധിക്കുകയായിരുന്നു. റിട്ട് കോടതി ഒരു സിവിൽ കോടതി അല്ല എന്ന കാരണത്താൽ, അപ്പീൽവാദിയുടെ കേസ് തള്ളിയ സിംഗിൾ ജഡ്ജിയുടെ സമീപനം തീർത്തും തെറ്റാണെന്ന് സമർപ്പിച്ചു.

7. ഹൈക്കോടതിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ വിശാൽ മേഘ്‌വാൾ ഈ അപ്പീലിനെ ശക്തമായി എതിർത്തു. ഈ കോടതിയെ സമീപിച്ചതുൾപ്പെടെയുള്ള ആദ്യ ഘട്ട വ്യവഹാരങ്ങളിൽ അപ്പീൽവാദിയും മറ്റുള്ളവരും പരാജയപ്പെട്ടുവെന്ന് അദ്ദേഹം സമർപ്പിച്ചു. ഈ കോടതി അനുവദിച്ചിരുന്ന സ്വാതന്ത്ര്യം ഉചിതമായ സിവിൽ നടപടി സ്വീകരിക്കുക എന്നതായിരുന്നുവെന്ന് അദ്ദേഹം ബോധിപ്പിച്ചു. സിവിൽ കോടതി മുമ്പാകെ ഉചിതമായ വ്യവഹാര നടപടികൾ സ്വീകരിക്കുന്നതിന് പകരം അപ്പീൽവാദിയും മറ്റുള്ളവരും പണ്ഡിതനായ ജില്ലാ ജഡ്ജിക്ക് നിവേദനം നൽകിയതിനാൽ ആ അവകാശവാദം ജില്ലാ ജഡ്ജി നിരസിച്ചത് ശരിയായിരുന്നു. ഇതേ കാരണങ്ങളാൽ, ഇതിലെ അപ്പീൽവാദിയും മറ്റുള്ളവരും സമർപ്പിച്ച ഹർജിയും അപ്പീലും തള്ളിയതിൽ ഹൈക്കോടതിയെ നീതീകരിക്കാവുന്നതാണെന്ന് സമർപ്പിച്ചു.

8. ഈ കേസിലെ വസ്തുതകൾ സംബന്ധിച്ച് തർക്കമില്ല. സഹാറൻപൂർ ജില്ലാ കോടതി പുറപ്പെടുവിച്ച പരസ്യം അനുസരിച്ചാണ് അപ്പീൽവാദിയും മറ്റുള്ളവരും അപേക്ഷ നൽകിയത്. എന്നിരുന്നാലും, പ്രസക്തമായ സമയത്ത് മൂന്ന് സ്ഥിര-ഒഴിവുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും, ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ, അപ്പീൽവാദിയെയും മറ്റുള്ളവരെയും ഫാസ്റ്റ് ട്രാക്ക് കോടതികളിൽ ജോലി ചെയ്യാൻ നിയമിച്ചതായി കാണുന്നു. തുടർന്ന്, ഫാസ്റ്റ് ട്രാക്ക് കോടതികളുടെ പ്രവർത്തനം നിർത്തിയതോടെ, അപ്പീൽവാദിയെയും മറ്റുള്ളവരെയും പിരിച്ചുവിട്ടതായി കാണുന്നു.

9. അപ്പീൽവാദിയുടെ പിരിച്ചുവിടൽ ആദ്യ ഘട്ട വ്യവഹാരങ്ങളിൽ തന്നെ ഹൈക്കോടതിയുടെ പണ്ഡിതനായ സിംഗിൾ ജഡ്ജിയും ഡിവിഷൻ ബെഞ്ചും ഈ കോടതിയും ശരിവച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. എന്നിരുന്നാലും, പ്രത്യേക അനുമതി ഹർജി തള്ളിയത് അപ്പീൽവാദിക്കും മറ്റുള്ളവർക്കും ഉചിതമായ സിവിൽ നടപടിയിലൂടെ അങ്ങനെയുള്ള ആശ്വാസം തേടുന്നതിന് തടസ്സമാകില്ലെന്ന് ഈ കോടതി പ്രത്യേകമായി വ്യക്തമാക്കിയിട്ടുണ്ട്.

10. ഉചിതമായ സിവിൽ നടപടികൊണ്ട് അർത്ഥമാക്കുന്നത് സിവിൽ കോടതി മുമ്പാകെയുള്ള നടപടികൾ മാത്രമാണെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി അപ്പീൽ വാദിയുടെയും മറ്റുള്ളവരുടെയും കേസ് തള്ളുകയായിരുന്നു. 'അഡ്വാൻസ്ഡ് ലോ ലെക്സിക്കൺ' 'പരാമർശിച്ചുകൊണ്ട്' 'സിവിൽ നടപടി' എന്താണെന്ന് പണ്ഡിതനായ സിംഗിൾ ജഡ്ജി വിശദീകരിച്ചിട്ടുണ്ട്.

11. 'സിവിൽ നടപടി' എന്നതിന്റെ നിർവചനം സിംഗിൾ ജഡ്ജി ശരിയായി പരിഗണി ച്ചിട്ടുണ്ടെന്നതിൽ സംശയമില്ല; എന്നാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, ഇന്ത്യൻ

ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരമുള്ള അധികാരിത വിനിയോഗിക്കുമ്പോൾ, കോടതിയുടെ സമീപനം അതിസാങ്കേതികമായിരിക്കേണ്ടതില്ല.

12. അപ്പീൽവാദിയും മറ്റുള്ളവരും എട്ട് വർഷം സേവനമനുഷ്ഠിച്ചു എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. 2018 മെയ് 23 ന് സിംഗിൾ ജഡ്ജി വിധിന്യായം പുറപ്പെടുവിക്കുന്നതിന് വളരെ മുമ്പുതന്നെ, വസ്തുതാപരമായ കാര്യങ്ങളിൽ തർക്കമുണ്ടെങ്കിൽപ്പോലും, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരമുള്ള ഒരു ഹർജി പരിഗണിക്കുന്നതിൽ ഹൈക്കോടതി നീതീകരിക്കപ്പെടും എന്ന് എ ബി എൽ ഇന്റർനാഷണൽ ലിമിറ്റഡും മറ്റൊരാളും v. എക്സ്പോർട്ട് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും മറ്റുള്ളവരും എന്ന കേസിൽ ഈ കോടതി, വിധിച്ചിട്ടായിരുന്നു. വസ്തുതാപരമായ തർക്കങ്ങളുള്ള കേസുകളിൽ പോലും, സത്യവാങ്മൂലത്തിൽ അടങ്ങിയിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അത്തരം തർക്കങ്ങൾ തീരുമാനിക്കാൻ കഴിയുന്നിടത്തും വിശദമായ തെളിവുകൾ നൽകേണ്ട ആവശ്യമില്ലാത്തിടത്തും, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരം ആശ്വാസം നൽകുന്നതിൽ ഹൈക്കോടതിയെ നീതീകരിച്ചിട്ടുണ്ടെന്ന് വിധിച്ചിട്ടുണ്ട്.

13. ഏത് സാഹചര്യത്തിലും, സംസ്ഥാനവും ഹൈക്കോടതികളും മാതൃക വ്യവഹാരികളായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എട്ട് വർഷം ജില്ലാ ജുഡീഷ്യറിയിൽ സേവനമനുഷ്ഠിച്ച ജീവനക്കാരുടെ ശമ്പളം നൽകുന്ന കേസ് കൈകാര്യം ചെയ്യുമ്പോൾ ഹൈക്കോടതി അതിസാങ്കേതികമായ വീക്ഷണം സ്വീകരിക്കേണ്ടതില്ലായിരുന്നു. എ.ബി.എൽ ഇന്റർനാഷണൽ കേസിൽ ഈ കോടതി നിർദ്ദേശിച്ച നിയമം സോണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ v. ദേവി ഇസ്പാറ്റ് ലിമിറ്റഡും മറ്റുള്ളവരും, റിയൽ എസ്റ്റേറ്റ് ഏജൻസിസ് v. ഗോവ സംസ്ഥാനവും മറ്റുള്ളവരും, പോപ്പട്രാവു വ്യങ്കട്ടറാവു പാട്ടീൽ v. മഹാരാഷ്ട്ര സംസ്ഥാനവും മറ്റുള്ളവരും, യൂണിടെക് ലിമിറ്റഡും മറ്റുള്ളവരും v. തെലങ്കാന സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷനും (TSIIC) മറ്റുള്ളവരും, നാഷണൽ കമ്പനിയെ പ്രതിനിധീകരിച്ച് അതിന്റെ മാനേജിംഗ് പാർട്ണർ v. ടെറിട്ടറി മാനേജർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും മറ്റൊരാളും, ഉത്തർപ്രദേശ് സംസ്ഥാനം v. സുധീർ കുമാർ സിംങ്ങും മറ്റുള്ളവരും എന്നീ കേസുകളിൽ ഈ കോടതി പിന്തുടർന്നു.

14. ഈ വിഷയം മേൽപറഞ്ഞപ്രകാരം നോക്കുമ്പോൾ, പണ്ഡിതനായ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച വിധിന്യായവും, ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും നിയമപരമായി നിലനിൽക്കില്ലെന്ന് ഞങ്ങൾ കാണുന്നു.

15. അതിനാൽ, അപ്പീൽ അനുവദിച്ചിരിക്കുന്നു. 2018 മെയ് 23ന് ഹൈക്കോടതിയിലെ പണ്ഡിതനായ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച വിധിന്യായവും ഉത്തരവും, 2019 മെയ് 16ന് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും റദ്ദാക്കുന്നു.

16. ഇതിലെ അപ്പീൽവാദിക്കും സമാനമായ സാഹചര്യത്തിലുള്ള മറ്റ് വ്യക്തികൾക്കും ജില്ലാ കോടതിയിൽ അവർ യഥാർത്ഥത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പളം നൽകാൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു. ഇന്ന് മുതൽ മൂന്ന് മാസത്തിനുള്ളിൽ ഇത് നൽകേണ്ടതാണ്. കൂടാതെ അവർക്ക് യഥാർത്ഥത്തിൽ ശമ്പളം നൽകേണ്ടിയിരുന്ന തീയതി മുതൽ 6% നിരക്കിൽ വാർഷിക പലിശയും നൽകണം.

17. ഇതിലെ അപ്പീൽവാദിയും മറ്റുള്ളവരും കോടതിയിൽ നിന്നും കോടതിയിലേക്ക്, പ്രത്യേകിച്ചും 2012 ന് ശേഷം, അതായത് ഈ കോടതി ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ, കയറിയിറങ്ങാൻ നിർബന്ധിതരായിട്ടുള്ളതിനാൽ, ഒരു ലക്ഷം രൂപയായി കണക്കാക്കിയ ചെലവുകൾക്കും അയാൾക്ക് അർഹതയുണ്ടായിരിക്കും. ഇത് ഇന്ന് മുതൽ മൂന്ന് മാസത്തിനുള്ളിൽ നൽകേണ്ടതാണ്.

18. തീർപ്പാക്കാത്ത അപേക്ഷ(കൾ) ഉണ്ടെങ്കിൽ, അവ തീർപ്പാക്കപ്പെടുന്നു

# ഹൈക്കോടതി

## വിധിന്യായങ്ങൾ



**കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ**

**&**

**ബഹു. ജസ്റ്റിസ് എസ്. മനു**

റിട്ട് അപ്പീൽ നം. 1729/2024

(റിട്ട് ഹർജി നം. 3846 /2024 ലെ 27.09.2024 തീയതിയിലെ വിധിന്യായത്തിനെതിരെ)

**മലയാലപ്പുഴ ഗ്രാമപഞ്ചായത്തും മറ്റൊരാളും - അപ്പീൽവാദികൾ**

**v.**

**അജികുമാർ എൻ. ഉം മറ്റുള്ളവരും - എതിർകക്ഷികൾ**

(21.02.2025-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഏത് സാഹചര്യത്തിലും എല്ലാ സ്റ്റാറ്റ്യൂട്ടറി അധികാരികളും അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിനുള്ളിൽ നിന്ന് പ്രവർത്തിക്കണം. ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുവാൻ അങ്ങനെയുള്ള അധികാരം വിനിയോഗിക്കുന്നത് സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്കുള്ളിൽ നിന്നും പ്രവർത്തിക്കണം. നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലാത്ത മാനദണ്ഡങ്ങൾ പരിഗണിക്കുവാൻ സ്റ്റാറ്റ്യൂട്ടറി അധികാരിക്ക് അനുവാദമില്ല. അല്ലാത്തപക്ഷം അത്തരമൊരു നടപടി അതിന്റെ അധികാരിതയ്ക്ക് അപ്പുറത്ത് ആയിപോകും.

## വിധിന്യായം

## ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ

അപ്പീൽവാദിയായ പഞ്ചായത്തിന്റെ അഭിഭാഷകനായ ശ്രീ. കെ. ഷാജ്നെയും ഒന്നാം എതിർകക്ഷിയുടെ (ഒറിജിനൽ ഹർജിക്കാരൻ) മുതിർന്ന അഭിഭാഷകനായ ശ്രീ. എസ്. ശ്രീകുമാറിനെയും കേട്ടു.

2. ഈ റിട്ട് അപ്പീലിലെ എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരന് ക്വാറി പ്രവർത്തനങ്ങൾ നടത്തുന്നതിന് അപ്പീൽവാദിയായ പഞ്ചായത്ത് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നാലാമത്തെ കേസാണിത് എന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ഒന്നിനു പിറകെ ഒന്നായി തുടർന്നു വന്ന ഓരോ കേസിലും അപ്പീൽവാദിയായ പഞ്ചായത്ത് എടുത്തിട്ടുള്ള

വാദങ്ങളെ നിരാകരിക്കുകയോ അല്ലെങ്കിൽ വിഷയം വീണ്ടും പരിഗണിക്കുവാനായി തിരിച്ച് നൽകുകയോ ചെയ്തിരുന്നു. അവസാനത്തെ കേസ് എക്സിബിറ്റ് P16 വിധിന്യായത്തിൽ കലാശിക്കുകയും അതിൽ മൂന്ന് കാര്യങ്ങളാണ് അനുമതി നിഷേധിക്കുവാൻ കാരണമായി പറഞ്ഞിട്ടുള്ളതും, അത് ഇപ്രകാരമാണ്:-

(i) 232-ാം വകുപ്പിൻ കീഴിലുള്ള ലൈസൻസുകൾ എടുക്കുന്നതിന് മുന്നോടിയായി ഹർജിക്കാരൻ 233-ാം വകുപ്പിൻ പ്രകാരം സ്ഥാപനത്തിനുള്ള അനുമതി നേടിയിട്ടില്ല.

(ii) ആസ്തി രജിസ്റ്ററിൽ റോഡുണ്ടെന്ന പരാമർശം.

(iii)“വെടിമരുന്നുശാല” നിർമ്മിക്കുവാനുള്ള കെട്ടിടാനുമതി ഹർജിക്കാരൻ നേടിയിട്ടില്ല.

3. അതിനാൽ അപ്പീൽവാദിയായ പഞ്ചായത്ത് ഉന്നയിച്ചിട്ടുള്ള പ്രധാനവാദം എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 233-ാം വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അതിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, മറ്റ് തരത്തിലുള്ള ഊർജ്ജം ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും ഫാക്ടറി, വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലംപോലെയുള്ള വ്യാവസായിക നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. എന്നാൽ എതിർകക്ഷിയായ ഹർജിക്കാരൻ താൻ എടുത്തുകൊണ്ട് പോകത്തക്ക ഡ്രില്ലിംഗ് മെഷീനുകൾ (Portable Drilling Machines) മാത്രമേ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുള്ളുവെന്നും ആക്റ്റിന്റെ 233 ബി (ഡി) വകുപ്പു പ്രകാരം എടുത്തുകൊണ്ട് പോകത്തക്ക ഡ്രില്ലിംഗ് മെഷീനുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ ആക്റ്റിന്റെ 233-ാം വകുപ്പ് പ്രകാരം അനുമതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ലെന്നും വാദിച്ചു.

4. അജന്ത V. നഗരൂർ ഗ്രാമപഞ്ചായത്ത് (2018 (3) KLT 22) എന്ന കേസിലെ വിധിന്യായം പരാമർശിച്ചുകൊണ്ട് സിംഗിൾ ജഡ്ജി ഹർജിക്കാരന്റെ നിലപാട് അംഗീകരിച്ചു. നേരെമറിച്ച് അപ്പീൽ വാദിയായ പഞ്ചായത്ത്, എടുത്തുകൊണ്ട് പോകത്തക്ക ഡ്രില്ലിംഗ് മെഷീനുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗത്തിൽപ്പെടുന്നില്ല എന്നും, അവ ആക്റ്റിന്റെ 233-ാം വകുപ്പിന്റെ പരിധിയിൽപ്പെടുന്നു എന്നും, ജെം ഗ്രാനൈറ്റ് V. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (2008 (1) KLT 937) എന്ന കേസിലെ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തെയും മത്തായി ജോൺ V. ജില്ലാ കളക്ടർ (2015 (3) KLT 195) എന്ന കേസിലെ മറ്റൊരു സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തെയും ആശ്രയിച്ചുകൊണ്ട് വാദിച്ചു. അതിനാൽ എടുത്തുകൊണ്ട് പോകത്തക്ക ഡ്രില്ലിംഗ് മെഷീനുകൾ ഹർജിക്കാരൻ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുമ്പോൾ അപേക്ഷ സമർപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നതാണ് തർക്കം.

5. എടുത്തുകൊണ്ട് പോകത്തക്ക ഡ്രില്ലിംഗ് മെഷീനുകളെല്ലാം ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗത്തിൽപ്പെടുന്നതാണ് എന്ന് ഹർജിക്കാരൻ വാദിക്കുന്നുണ്ടെങ്കിൽ കൂടിയും ഇനിയും വ്യവഹാരങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി ആക്റ്റിന്റെ 233-ാം വകുപ്പ് പ്രകാരം അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതിന് ഹർജിക്കാരന് വിമുഖത ഇല്ല എന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ പറഞ്ഞു. അങ്ങനെയായിരിക്കെ ആക്റ്റിന്റെ 233-ാം വകുപ്പ് പ്രകാരം അപേക്ഷ പ്രോസസ്സ് ചെയ്യാൻ കഴിയാത്തതിന് മറ്റ് തടസ്സങ്ങൾ ഒന്നും ഞങ്ങളെ ബോധ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനും അതിന്റെ തീർപ്പാക്കലിനും സമയക്രമം നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു.

6. രണ്ടാമത്തെ കാരണമായ റോഡുണ്ടെന്ന വിഷയത്തിലേയ്ക്ക് വരുമ്പോൾ, ഈ നിബന്ധന 233-ാം വകുപ്പിൻ കീഴിലോ അല്ലെങ്കിൽ 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ 5-ാം ചട്ടത്തിൻ കീഴിലോ അനുമതി തടഞ്ഞുവയ്ക്കുന്നതിനുള്ള കാരണമായി കാണാൻ കഴിയില്ല. അവിടെ അങ്ങനെയുള്ള ഒരു പൊതുറോഡ് ഇല്ലായെന്ന് ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പഞ്ചായത്തിനെ ബാധിക്കുമെന്നും, പാരിസ്ഥിതിക അനുമതി നൽകിയപ്പോൾ ഈ മാനദണ്ഡങ്ങൾ തെറ്റായി പരിഗണിച്ചു എന്നും പഞ്ചായത്ത് വാദിച്ചു. പരിസ്ഥിതി അതോറിറ്റി എക്സിബിറ്റ് P 19-ൽ ഒരു പൊതുറോഡ്

നിലവിലില്ല എന്ന് നിരീക്ഷിക്കുകയും പാരിസ്ഥിതിക അനുമതി നൽകുകയും ചെയ്തു. ഈ വസ്തുത പാരിസ്ഥിതിക അനുമതി നൽകിയ അതോറിറ്റിക്ക് മുമ്പാകെ കൊണ്ടുവന്നു എങ്കിലും അവരുടെ പ്രതികരണം എതിരായിരുന്നു. അതിനാൽ അപ്പീൽവാദി ഈ കേസ് മുന്നോട്ട് കൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നു. നിയമം അനുവദിക്കും പ്രകാരമുള്ള നിവൃത്തി തേടുവാൻ അപ്പീൽവാദിക്ക് എപ്പോഴും സ്വാതന്ത്ര്യമുണ്ട്.

7. മൂന്നാമത്തെ കാരണമായ 'വെടിമരുന്നുശാല' നിർമ്മിക്കുവാനുള്ള കെട്ടിട അനുമതി സംബന്ധിച്ച്, സൈറ്റിൽ ഉള്ളത് ചട്ടങ്ങളിൽ നിർവ്വചിച്ചിരിക്കുന്നതുപോലെ ഒരു 'കെട്ടിടം' ആണോ എന്നതുമായി ബന്ധപ്പെട്ട് ഞങ്ങളുടെ മുമ്പിൽ ഒരു തർക്കമുണ്ട്. അപ്പീൽവാദിയായ പഞ്ചായത്തിന്റെ വാദം അനുസരിച്ച് ഇത് 'കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽപ്പെടുന്നു. അതേ സമയം എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരന്റെ അഭിപ്രായത്തിൽ ഇത് പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) നൽകിയ ലൈസൻസ് പ്രകാരം സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സംഭരണി മാത്രമാണ്. അത് താല്ക്കാലിക സംഭരണവും അനുവദിക്കുന്നു എന്നുമാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട് ചട്ടലംഘനം ഏതെങ്കിലും ഉണ്ടായാൽ നിയമപ്രകാരം അനുവദനീയമായ അങ്ങനെയുള്ള നടപടികൾ എടുക്കുവാൻ പഞ്ചായത്തിന് എപ്പോഴും സ്വാതന്ത്ര്യമുണ്ട്, അത്തരം നടപടികൾ ഉണ്ടായാൽ വ്യവസ്ഥകൾക്ക് ഉള്ളിൽ നിന്ന്കൊണ്ട് അയാളുടെ പ്രവൃത്തിയെ ന്യായീകരിക്കാൻ എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരന് സ്വാതന്ത്ര്യമുണ്ട്. ഈ മൂന്നു കാര്യങ്ങളും ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ആവർത്തിച്ച്, ആവർത്തിച്ചുള്ള ഈ വ്യവഹാരങ്ങൾ അവസാനിപ്പിക്കപ്പെടേണ്ടതാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം.

8. തൊട്ടടുത്തുള്ള ക്വാറി ഉടമയുടെ ഇംഗിതമനുസരിച്ച് ദുരുദ്ദ്യേശ പരമായിട്ടാണ് പഞ്ചായത്ത് പ്രവർത്തിക്കുന്നതെന്ന എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരൻ ഉന്നയിച്ച ആരോപണം തീർത്തും അടിസ്ഥാനരഹിതമാണെന്നും, ഹർജിക്കാരൻ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് മാത്രമേ പഞ്ചായത്തിന് താല്പര്യമുള്ളൂ എന്നും അപേക്ഷയിൽ നിയമപ്രകാരം തീരുമാനം എടുക്കുമെന്നും അപ്പീൽവാദിയായ പഞ്ചായത്തിന്റെ അഭിഭാഷകൻ ബോധിപ്പിച്ചു. ഏത് സാഹചര്യത്തിലും എല്ലാ സ്റ്റാറ്റ്യൂട്ടറി അധികാരികളും അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിനുള്ളിൽ നിന്ന് പ്രവർത്തിക്കണം. ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുവാൻ അങ്ങനെയുള്ള അധികാരം വിനിയോഗിക്കുന്നത് സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്കുള്ളിൽ നിന്നും പ്രവർത്തിക്കണം. നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലാത്ത മാനദണ്ഡങ്ങൾ പരിഗണിക്കുവാൻ സ്റ്റാറ്റ്യൂട്ടറി അധികാരിക്ക് അനുവാദമില്ല. അല്ലാത്തപക്ഷം അത്തരമൊരു നടപടി അതിന്റെ അധികാരിതയ്ക്ക് അപ്പുറത്ത് ആയിപോകും. അതിനാൽ എതിർകക്ഷിയായ പഞ്ചായത്ത് അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുമ്പോൾ ഈ നിയമവ്യവസ്ഥ മനസ്സിലുണ്ടാവണം. റോഡുണ്ട് എന്നത് സംബന്ധിച്ചും അതിന്റെ ഘടന സംബന്ധിച്ചും ഞങ്ങൾ ഇതിനകം തന്നെ മുകളിൽ പറഞ്ഞ വിശദീകരണം നല്കിയിട്ടുണ്ട്.

9. അതനുസരിച്ച് ക്വാറി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ലൈസൻസിനായി ആക്റ്റിലെ 233-ാം വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ ഞങ്ങൾ ഹർജിക്കാരനെ അനുവദിക്കുന്നു. അങ്ങനെയുള്ള ഒരു അപേക്ഷ രണ്ടാഴ്ചക്കുള്ളിൽ സമർപ്പിച്ചാൽ ആ തീയതി മുതൽ നാല് ആഴ്ചകൾക്കുള്ളിൽ പഞ്ചായത്ത് ഒരു തീരുമാനം എടുക്കുകയും അത് എതിർകക്ഷിയായ ഒറിജിനൽ ഹർജിക്കാരനെ അറിയിക്കുകയും ചെയ്യണം. ഈ വിധി അപ്‌ലോഡ് ചെയ്യുന്ന തീയതി മുതൽ സമയക്രമം തുടങ്ങുന്നതാണ്.

10. മുകളിൽ പറഞ്ഞ നിരീക്ഷണങ്ങളോടെ അപ്പീൽ തീർപ്പാക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് വി. ജി. അരുൺ**

ക്രിമിനൽ എം. സി. നം. 1310/2021

[ദേവികുളം ഒന്നാം ക്ലാസ് ജുഡീഷൽ മജിസ്ട്രേറ്റ് മുമ്പാകെ ഉണ്ടായിരുന്ന സി. സി. നം. 136/2017 ലെ ഉത്തരവ്/വിധിന്യായത്തിനെതിരെ]

**രാം ബല്ലാൽ - ഹർജിക്കാരൻ**

**v.**

**കേരള സംസ്ഥാനവും മറ്റൊരാളും - എതിർകക്ഷികൾ**

( 20.03.2025- ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരൻ ഒന്നുകിൽ ഹോട്ടലിന്റെ നടത്തിപ്പ് ചുമതലയുള്ള വ്യക്തിയോ അല്ലെങ്കിൽ ഹോട്ടൽ കൈകാര്യം ചെയ്യാൻ അധികാരമുള്ളതും ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയുന്നതുമായ പ്രത്യേക വ്യക്തിയോ ആയിരിക്കും. അങ്ങനെയാണെങ്കിൽ, വ്യത്യസ്ത സ്ഥലങ്ങളിലെ ഹോട്ടലുകളുടെ മൊത്തത്തിലുള്ള ചുമതല വഹിക്കുന്ന ഒരു ഏരിയ മാനേജരെ ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് ആരോപിച്ച് പ്രോസിക്യൂട്ട് ചെയ്യാൻ കഴിയില്ല. വിജുകുമാർ കേസിൽ ഈ കോടതി വിധിച്ചതുപോലെ, ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രേഖകൾ സൂക്ഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുള്ള ബാധ്യത കെട്ടിടത്തിന്റെ സൂക്ഷിപ്പുകാരന് മാത്രമാണ്. അതിൽ, ഒരു ഹോട്ടലോ റിസോർട്ടോ കൈകാര്യം ചെയ്യാൻ ഒരു അറ്റൻഡറോ മാനേജരോ നിയമിക്കപ്പെട്ടാൽ, ഉടമയോ ഉടമകളോ സൂക്ഷിപ്പുകാരനായിരിക്കില്ല എന്ന് വിധിച്ചിരിന്നു. അതുപോലെ, ഒരു ഹോട്ടലിൽ ലൈസൻസുള്ള മാനേജരെയും റിസപ്ഷനിസ്റ്റിനെയും നിയമിച്ചിട്ടുള്ളപ്പോൾ, ഹോട്ടൽ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനാസ്ഥ കാണിച്ചുവെന്ന് ആരോപിച്ച് ഒരു ഹോട്ടൽ ശൃംഖലയുടെ ഏരിയ മാനേജരെ പ്രോസിക്യൂട്ട് ചെയ്യാൻ കഴിയില്ല. ഹർജിക്കാരനെതിരെ പ്രോസിക്യൂഷൻ തുടരുന്നത് കോടതി നടപടിക്രമങ്ങളുടെ ദുരുപയോഗമാണെന്ന കൃത്യമായ നിഗമനത്തിലേക്ക് ഈ ചർച്ച കോടതിയെ നയിക്കുന്നു.

**ഉത്തരവ്**

**ജസ്റ്റിസ് വി. ജി. അരുൺ**

ദേവികുളം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഫയലിലെ

സി. സി. നമ്പർ 136/2017-ലെ രണ്ടാം പ്രതിയാണ് ഹർജിക്കാരൻ. 1946-ലെ ഫോറിനേഴ്സ് ആക്റ്റിന്റെ (ചുരുക്കത്തിൽ ആക്റ്റ്) 7-ഉം 14-ഉം വകുപ്പുകൾ പ്രകാരം

ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾ ചെയ്തതായി ആരോപിച്ച് ദേവികുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 2016-ലെ ക്രൈം നമ്പർ 266-ൽ നിന്നാണ് കേസ് ഉത്ഭവിച്ചത്. 1948-ലെ ഫോറിനേഴ്സ് ഓർഡറിന് വിരുദ്ധമായി ദേവികുളത്തെ വേദാന്ത വേക്ക് അപ്പ് റിസോർട്ടിൽ യഥാക്രമം ലൈസൻസ്ഡ് മാനേജർ, ഏരിയ മാനേജർ, റിസപ്ഷനിസ്റ്റ് എന്നീ നിലകളിൽ ജോലി ചെയ്തിരുന്ന പ്രതികൾ, 06.12.2015-നും 09.09.2016-നും ഇടയിൽ, 1948-ലെ ഫോറിനേഴ്സ് ഓർഡറിന്റെ 16-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്ന, വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യാതെയും ഫോം സി-യുടെ പകർപ്പ് രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാതെയും 325 വിദേശികളെ റിസോർട്ടിൽ താമസിക്കാൻ അനുവദിച്ചുവെന്ന ആരോപണത്തിന്മേൽ ആണ് കുറ്റകൃത്യം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

2. ഹർജിക്കാരന് വേണ്ടി ഹാജരായ അഭിഭാഷകൻ അലക്സ് ജെ. പുളിമൂടിനെയും എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ പബ്ളിക് പ്രോസിക്യൂട്ടറായ ശ്രീമതി. എം. കെ. പുഷ്പലതയെയും കേട്ടു.

3. 'വേദാന്ത വേക്ക് അപ്പ് റിസോർട്ട്സ്'എന്ന പേരിൽ വ്യാപാരം നടത്തിയിരുന്ന ബ്ളാങ്കറ്റ് ഹോസ്പിറ്റാലിറ്റി വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിലെ ജീവനക്കാരനാണ് തന്റെ കക്ഷി എന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു. 20.08.2015 -ന് 'ഏരിയ മാനേജർ - ഓപ്പറേഷൻസ്' ആയി ഹർജിക്കാരൻ കമ്പനിയിൽ ചേർന്നു. ഫോർട്ട് കൊച്ചി, കോവളം, വർക്കല, കന്യാകുമാരി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലെ വസ്തുക്കളുടെ ചുമതല അദ്ദേഹത്തിന് നൽകി. വിദേശ സന്ദർശകരുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും രജിസ്ട്രേഷൻ ഓഫീസർക്ക് ഫോം സി സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയതിന് അയാളും ഉത്തരവാദിയാണെന്ന് ആരോപിച്ച് 10.09.2016-ന് ദേവികുളത്തെ വസ്തു സന്ദർശിച്ചപ്പോൾ ഹർജിക്കാരനെ അറസ്റ്റ് ചെയ്തു. രജിസ്റ്റർ സൂക്ഷിക്കുന്നതിനും ഫോം - സി സമർപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഫോറിനേഴ്സ് ഓർഡറിലെ ഖണ്ഡിക 16(7)(b) ൽ നിർവ്വചിച്ചിട്ടുള്ള 'ഹോട്ടലിന്റെ സൂക്ഷിപ്പുകാരന്' ആണെന്നും വ്യത്യസ്ത സ്ഥലങ്ങളിലുള്ള റിസോർട്ടുകളുടെയും ഹോട്ടലുകളുടെയും ചുമതലയുള്ള ഒരു ഏരിയ മാനേജർ ടി നിർവ്വചനത്തിൽ വരില്ലെന്നും വാദിച്ചു. ഫോറിനേഴ്സ് ഓർഡറിന്റെ ഖണ്ഡിക -16 പ്രകാരം, ഓരോ സന്ദർശകനിൽ നിന്നും പേരും, ദേശീയതയും ടി ആവശ്യത്തിലേക്കായി സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ഒരു ഹോട്ടൽ സൂക്ഷിപ്പുകാരൻ വാങ്ങിയിരിക്കണം, കൂടാതെ, സന്ദർശകൻ ഒരു വിദേശ പൗരനാണെങ്കിൽ, 'ഫോം ബി' രജിസ്റ്ററിൽ ക്രമ നമ്പർ 4 മുതൽ 11 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തണം. ഹോട്ടൽ സൂക്ഷിപ്പുകാരൻ ഫോം സി-യിൽ വിദേശ സന്ദർശകന്റെ വിവരങ്ങൾ ശേഖരിച്ച്, വിദേശ സന്ദർശകൻ എത്തിച്ചേർന്ന് 24 മണിക്കൂറിനുള്ളിൽ രജിസ്ട്രേഷൻ ഓഫീസർക്ക് പകർപ്പ് കൈമാറണം. അഭിഭാഷകന്റെ അഭിപ്രായത്തിൽ, ആ സമയത്ത് ഹോട്ടലിലുള്ള റിസപ്ഷനിസ്റ്റിനോ മാനേജർക്കോ മാത്രമേ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് രജിസ്ട്രേഷൻ ഓഫീസർക്ക് ഫോം സി-ൽ കൈമാറാൻ കഴിയൂ. മാനേജരെയും റിസപ്ഷനിസ്റ്റിനെയും കുറ്റകൃത്യത്തിൽ പ്രതികളാക്കിയിട്ടുള്ളതിനാൽ, ഹർജിക്കാരനെതിരായ നടപടികൾ തുടരുന്നത് കോടതി നടപടിക്രമങ്ങളുടെ ദുരുപയോഗമാണ്. വാദത്തിന് പിന്തുണയായി, വിജുകുമാറും മറ്റുള്ളവരും v. കേരള സംസ്ഥാനം (2009 (3) KLT684) എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായത്തെ വാദത്തിന് പിൻതുണയായി ആശ്രയിച്ചു.

4. രജിസ്റ്ററിൽ എൻട്രികൾ രേഖപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ ഓഫീസർക്ക് ഫോം- സി' സമർപ്പിക്കുന്നതിനും ഹർജിക്കാരൻ ഉത്തരവാദിത്തപ്പെട്ട വ്യക്തിയാണോ എന്ന ചോദ്യം തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണെന്നും അതിനാൽ ഈ

കോടതി അതിന് മുമ്പേ വിധിക്കരുതെന്നും പണ്ഡിതനായ പബ്ളിക് പ്രോസിക്യൂട്ടർ വാദിച്ചു.

5. ആക്റ്റിലെ 7 ഉം 14 ഉം വകുപ്പുകൾ പ്രകാരമാണ് ഹർജിക്കാരനെതിരായ കുറ്റകൃത്യങ്ങൾ ചുമത്തിയിരിക്കുന്നത്. വിവരങ്ങൾ നൽകാനുള്ള കെട്ടിടത്തിന്റെ സൂക്ഷിപ്പുകാരന്റെ കടമയാണ് 7-ാം വകുപ്പിൽ കൈകാര്യം ചെയ്യുന്നത്. ഈ വ്യവസ്ഥ സൂക്ഷ്മമായി വായിച്ചാൽ, കെട്ടിടത്തിൽ താമസിക്കുന്ന വിദേശികളെ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കാനും ആവശ്യമായ ഫോമുകളും രേഖകളും സമർപ്പിക്കാനുമുള്ള കടമ അങ്ങനെയുള്ള കെട്ടിടത്തിന്റെ സൂക്ഷിപ്പുകാരനാണെന്ന് വ്യക്തമാകും. 14-ാം വകുപ്പ് പ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

6. ഫോറിനേഴ്സ് ഓർഡറിന്റെ 16-ാം ഖണ്ഡികയിൽ 'ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരനെ' താഴെ പറയുന്ന രീതിയിൽ നിർവചിച്ചിരിക്കുന്നു;
" ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരൻ' എന്നാൽ ഒരു ഹോട്ടലിന്റെ നടത്തിപ്പ് ചുമതലയുള്ള വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്, കൂടാതെ അയാൾ അധികാരപ്പെടുത്തിയതും ഈ ഖണ്ഡിക പ്രകാരമുള്ള ഹോട്ടൽ സൂക്ഷിപ്പുകാരന്റെ ചുമതലകൾ നിർവ്വഹിക്കാൻ പ്രാപ്തനുമായ ഏതൊരു വ്യക്തിയും ഇതിൽ ഉൾപ്പെടുന്നു."

7. അതിനാൽ ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരൻ ഒന്നുകിൽ ഹോട്ടലിന്റെ നടത്തിപ്പ് ചുമതലയുള്ള വ്യക്തിയോ അല്ലെങ്കിൽ ഹോട്ടൽ കൈകാര്യം ചെയ്യാൻ അധികാരമുള്ളതും ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയുന്നതുമായ പ്രത്യേക വ്യക്തിയോ ആയിരിക്കും. അങ്ങനെയാണെങ്കിൽ, വ്യത്യസ്ത സ്ഥലങ്ങളിലെ ഹോട്ടലുകളുടെ മൊത്തത്തിലുള്ള ചുമതല വഹിക്കുന്ന ഒരു ഏരിയ മാനേജരെ ഒരു ഹോട്ടലിന്റെ സൂക്ഷിപ്പുകാരന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് ആരോപിച്ച് പ്രോസിക്യൂട്ട് ചെയ്യാൻ കഴിയില്ല. വിജുകുമാർ കേസിൽ ഈ കോടതി വിധിച്ചതുപോലെ, ആക്റ്റിലെ 7ാംവകുപ്പ് പ്രകാരം രേഖകൾ സൂക്ഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുള്ള ബാധ്യത കെട്ടിടത്തിന്റെ സൂക്ഷിപ്പുകാരന് മാത്രമാണ്. അതിൽ, ഒരു ഹോട്ടലോ റിസോർട്ടോ കൈകാര്യം ചെയ്യാൻ ഒരു അറ്റൻഡറോ മാനേജരോ നിയമിക്കപ്പെട്ടാൽ, ഉടമയോ ഉടമകളോ സൂക്ഷിപ്പുകാരനായിരിക്കില്ല എന്ന് വിധിച്ചിരുന്നു. അതുപോലെ, ഒരു ഹോട്ടലിൽ ലൈസൻസുള്ള മാനേജരെയും റിസപ്ഷനിസ്റ്റിനെയും നിയമിച്ചിട്ടുള്ളപ്പോൾ, ഹോട്ടൽ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനാസ്ഥ കാണിച്ചുവെന്ന് ആരോപിച്ച് ഒരു ഹോട്ടൽ ശൃംഖലയുടെ ഏരിയ മാനേജരെ പ്രോസിക്യൂട്ട് ചെയ്യാൻ കഴിയില്ല. ഹർജിക്കാരനെതിരെ പ്രോസിക്യൂഷൻ തുടരുന്നത് കോടതി നടപടിക്രമങ്ങളുടെ ദുരുപയോഗമാണെന്ന കൃത്യമായ നിഗമനത്തിലേക്ക് ഈ ചർച്ച കോടതിയെ നയിക്കുന്നു.

അതിന്റെ ഫലമായി, ക്രിമിനൽ എം. സി. അനുവദിക്കുന്നു. ദേവികുളം ഒന്നാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ഹർജിക്കാരനെതിരായ ഫയലുകളിലെ സി.സി. നമ്പർ 136/2017-ലെ അനുബന്ധം എ2 അന്തിമ റിപ്പോർട്ടും എല്ലാ തുടർനടപടികളും റദ്ദാക്കുന്നു.

# കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് മുഹമ്മദ് നിയാസ് സി.പി.

റിട്ട് ഹർജി (സിവിൽ ) നം. 27890/ 2018

**പ്രകാശ് ശങ്കർ - ഹർജിക്കാരൻ**
**vs**
**ഭാരത് സഞ്ചാർ നിഗം ലിമിറ്റഡും മറ്റുള്ളവരും - എതിർകക്ഷികൾ**

(2025 ഏപ്രിൽ 10-ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1987 ലെ ആക്റ്റ് പ്രകാരം സ്ഥാപിതമായ പെർമനന്റ് ലോക് അദാലത്ത്, പൂർണ്ണ അധികാരങ്ങളോട് കൂടിയ ഒരു കോടതിയല്ല. കൂടാതെ, ആക്റ്റിന് അതീതമായി പ്രവർത്തിക്കാനോ നിയമത്തിൽ പ്രത്യേകമായി നൽകിയിട്ടില്ലാത്ത അധികാരങ്ങൾ പ്രയോഗിക്കാനോ കഴിയില്ല. പുനഃപരിശോധന തേടാനുള്ള അവകാശം സ്വാഭാവികമോ മൗലികമോ ആയ അവകാശമല്ല, കാരണം അങ്ങനെയുള്ള അധികാരം ആക്റ്റിലൂടെ സ്പഷ്ടമായി നൽകേണ്ടതാണ്. നിയമം അനുശാസിക്കുന്നില്ലെങ്കിൽ പുനഃപരിശോധനയ്ക്ക് സഹജമായ അധികാരം ഇല്ല. തിരുത്തലിനും പുനഃപരിശോധനയ്ക്കും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ട്, കാരണം പുനഃപരിശോധനയ്ക്ക് നിയമപരമായ അംഗീകാരം ആവശ്യമാണ്. തിരിച്ചുവിളിക്കാനുള്ള (recall) ട്രൈബ്യൂണലിന്റെ അധികാരം, വിധിന്യായത്തിലെ പിഴവുകൾ വീണ്ടും കേൾക്കുന്നതിനോ ഗുണദോഷങ്ങളിന്മേൽ പുനഃവ്യവഹാരം നടത്താനോ ഉള്ളതല്ല. എന്നാൽ അവശ്യകക്ഷികൾക്ക് നോട്ടീസ് നൽകുന്നതിൽ പരാജയമോ വഞ്ചനയോ പോലുള്ള നടപടിക്രമത്തിലെ പിഴവുകൾ തിരുത്തുവാൻ മേൽപ്പറഞ്ഞ അധികാരം അനുവദിക്കുന്നു. ഗുണദോഷങ്ങളിന്മേലുള്ള പുനഃപരിശോധനയ്ക്ക് പ്രത്യേക നിയമപരമായ അനുമതി ആവശ്യമാണെന്നത് സുസ്ഥാപിതമാണ്. അതേസമയം ന്യായതയുമായി ബന്ധപ്പെട്ട നടപടിക്രമം സംബന്ധിച്ച പുനഃപരിശോധന എല്ലാ വിധിനിർണ്ണയ അധികാരികളിലും സഹജമായിട്ടുള്ളതാണ്. ഒരു തീരുമാനത്തിന്റെ കൃത്യത വീണ്ടും പരിശോധിക്കുന്ന ഗുണദോഷങ്ങളിന്മേലുള്ള ഒരു പുനഃപരിശോധനക്ക് നിയമം പ്രത്യേകമായി അനുവദിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പ്രയോഗിക്കാൻ കഴിയൂ.

## വിധിന്യായം

## ജസ്റ്റിസ് മുഹമ്മദ് നിയാസ് സി. പി.

ബി. എസ്. എൻ. എൽ ഉപഭോക്താവായ ഹർജിക്കാരൻ 1987-ലെ ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ടിലെ 22(സി) (i) വകുപ്പിനോടൊപ്പം 22 എ (ബി)(ii) വകുപ്പ് കൂട്ടി വായിച്ച പ്രകാരം തനിക്ക് നൽകിയ പോസ്റ്റ് പെയ്ഡ് മൊബൈൽ ബില്ലുകളെ ചോദ്യം ചെയ്ത് ഒ.പി.നമ്പർ 40/2016 ( എക്സിബിറ്റ് പി 1 ) മുഖേന പെർമനന്റ് ലോക് അദാലത്തിനെ സമീപിച്ചു. തന്റെ പോസ്റ്റ് പെയ്ഡ് നമ്പറായ 9447703014-ൽ അന്താരാഷ്ട്ര റോമിങ്

പ്രവർത്തനക്ഷമമാക്കി റോമിങ്ങിനായി പ്രത്യേക ബി എസ് എൻ എൽ സിം നേടിയ ശേഷമാണ് താൻ യാത്ര ചെയ്തിട്ടുള്ളത് എന്ന് അയാൾ വാദിച്ചു .

2. ഹർജിക്കാരൻ വരുന്നത് ഡാറ്റ പ്ലാൻ 501 ന്റെ കീഴിൽ ആണെന്നും ഇതിൽ അന്താരാഷ്ട്ര റോമിംഗിൽ 5 ജിബി സൗജന്യ ഡാറ്റ 23.11.2015 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ അനുവദിച്ചിരുന്നുവെന്നും കൂടാതെ അദ്ദേഹത്തിന്റെ ഉപയോഗം ക്രെഡിറ്റ് പരിധിയുടെ 500% കവിഞ്ഞതിനാൽ, 3.12.2015 ന് ഒരു ഓട്ടോമേറ്റഡ് പ്രീ-ബാറിംഗ് സന്ദേശം കൊടുക്കുകയും, ഇത് സേവനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിലേക്ക് നയിക്കുകയും ചെയ്തു എന്നുമാണ് എതിർ കക്ഷിയായ ബി.എസ്.എൻ.എൽ വാദിച്ചത്. അയാൾ 30.11.2015 ന് 20,209.84 രൂപയും, 1.12.2015-ന് 55,613.05 രൂപയും, 2.12.2015-ന് 24,494.88 രൂപയും, 3.12.2015-ന് 9,664.48 രൂപയും ഉപയോഗിച്ചു എന്നാണ് വിശദമായ ബില്ലിംഗ് രേഖകൾ കാണിക്കുന്നത്. ബാക്ഗ്രൗണ്ട് ആപ്ലിക്കേഷൻസ് കാരണം സ്മാർട്ട്ഫോണുകളും ജി.പി.ആർ.എസ് ശേഷിയുള്ള ഏറ്റവും വിലയേറിയ ഉപകരണങ്ങളും തുടർച്ചയായി ഡാറ്റ ഉപയോഗിക്കുന്നുണ്ടെന്നും ഇത് ഉയർന്ന നിരക്കുകളിലേക്ക് നയിച്ചേക്കാമെന്നും ബിഎസ്എൻഎൽ വ്യക്തമാക്കി. അന്താരാഷ്ട്ര റോമിംഗിലായിരിക്കുമ്പോൾ ഈ ആപ്ലിക്കേഷനുകൾ പ്രവർത്തനക്ഷമമാക്കാനോ പ്രവർത്തനരഹിതമാക്കാനോ ഉള്ള ഓപ്ഷൻ ഉപഭോക്താവിന് ഉണ്ട്. അന്താരാഷ്ട്ര റോമിംഗിന്റെ ഉപയോഗം രണ്ട് ദിവസത്തിന് ശേഷം ലഭിച്ചു. ഇത് പ്രീ-ബാറിംഗ് സന്ദേശത്തിലേക്കും 31.01.2016- ലെ ഇടക്കാല ബില്ലിലേക്കും 1,27,462/- രൂപ വരുന്ന അന്തിമ ഇൻവോയിസിലേക്കും നയിച്ചു . എല്ലാ ചാർജുകളും താരിഫ് പ്രകാരം ശരിയായിട്ടാണ് ബിൽ ചെയ്തിരിക്കുന്നത് എന്നും, റോമിംഗിലായിരിക്കുമ്പോൾ ബിഎസ്എൻഎൽ കണക്ഷൻ ഉപയോഗിച്ചിട്ടില്ലെന്ന ഹർജിക്കാരന്റെ വാദം അടിസ്ഥാനരഹിതമാണെന്നും സമർപ്പിച്ചു.

3. വാക്കാലുള്ളതും രേഖാമൂലമുള്ളതുമായ തെളിവുകളും വിദഗ്ദ്ധാഭിപ്രായവും പരിശോധിച്ച ശേഷം, ബിഎസ്എൻഎൽ അവകാശപ്പെട്ട ഉപയോഗം ശരിയല്ലെന്ന് തെളിയിക്കാൻ ഹർജിക്കാരന് കഴിഞ്ഞില്ലെന്ന് പെർമനന്റ് ലോക് അദാലത്ത് കണ്ടെത്തി. ബി.എസ്.എൻ.എല്ലിന്റെ സബ് ഡിവിഷണൽ എഞ്ചിനീയർ നൽകിയ ഫോൺ വിളി സംബന്ധിച്ച രേഖകളുടെ (Call Data Records) വിശദമായ വിശകലനം കാണിക്കുന്നത് ഹർജിക്കാരൻ പ്രസക്തമായ കാലയളവിൽ നടത്തിയ ഫോൺ വിളികളും തുടർച്ചയായ ഇന്റർനെറ്റ് ഉപയോഗവുമാണ്. ഇത് നൽകിയിട്ടുള്ള ബില്ലിംഗിനെ ന്യായീകരിക്കുന്നതാണ് . അതിനാൽ ബില്ലിംഗ് പിശകോ അമിത ചാർജോ തെളിയിക്കുന്നതിൽ ഹർജിക്കാരൻ പരാജയപ്പെട്ടുവെന്ന് പെർമനന്റ് ലോക് അദാലത്ത് കണ്ടെത്തുകയും ആക്റ്റിലെ 22 C (8)-ാം വകുപ്പ് പ്രകാരം ഹർജി തള്ളി ഉത്തരവ് പാസാക്കുകയും ചെയ്തു.

4. ഒ.പി. തള്ളിയതിന് ശേഷം കേസ് തെളിയിക്കുന്നതിൽ ഹർജിക്കാരൻ പരാജയപ്പെട്ടുവെന്ന് തെറ്റായി പെർമനന്റ് ലോക് അദാലത്ത് വിധിച്ചതിനാൽ വിധിയിൽ ഒരു പ്രകടമായ പിഴവ് ഉണ്ടെന്ന് വാദിച്ചുകൊണ്ട് ഹർജിക്കാരൻ 22-ഡി വകുപ്പ് പ്രകാരം ഒരു പുനഃപരിശോധന ഹർജി ഫയൽ ചെയ്തു. അന്താരാഷ്ട്ര റോമിംഗ് ഓപ്പറേറ്ററിൽ നിന്നുള്ള അറിയിപ്പ് സംബന്ധിച്ച രേഖ ഉൾപ്പെടെയുള്ള പ്രധാന രേഖകൾ ഒന്നും ബി എസ് എൻ എൽ ഹാജരാക്കിയിട്ടില്ല എന്നാണ് ആർ.ഡബ്ല്യൂ. 1 ന്റെ മൊഴിയിൽ നിന്ന് വെളിവാകുന്നുവെന്ന് അയാൾ വാദിച്ചു. ബില്ലുകളുടെയും, ഡാറ്റ ഉപയോഗം സംബന്ധിച്ച രേഖകളുടെയും ഒരേഒരു സൂക്ഷിപ്പുകാരൻ എന്ന നിലയിൽ ബിഎസ്എൻഎല്ലിന് ആ രേഖകൾ ഹാജരാക്കാനും ബിൽ തയ്യാറാക്കുന്ന പ്രക്രിയ വിശദീകരിക്കാനുമുള്ള അടിസ്ഥാന കടമയുണ്ടെന്ന് ഹർജിക്കാരൻ പ്രസ്താവിച്ചു. അത്തരം സുപ്രധാന രേഖകൾ ഹാജരാക്കാതിരിയ്ക്കുന്നത് കോടതിയെ വഞ്ചിക്കുന്നതിന് തുല്യമാണ്.

5. സിവിൽ നടപടി നിയമ സംഹിത അതിന് ബാധകമല്ലെന്നും, ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റിലെ 22 ഡി വകുപ്പ് പ്രകാരം, ഇതിനകം ചർച്ച ചെയ്തതും പൂർത്തിയാക്കിയിട്ടുള്ളതുമായ തെളിവുകൾ വീണ്ടും വിലയിരുത്താൻ അതിന്

അധികാരമില്ലെന്നും ലോക് അദാലത്ത് കണ്ടെത്തി. പുനഃപരിശോധനഹർജി നട പടിക്രമങ്ങളുടെ ദുരുപയോഗമാണെന്ന് പെർമനന്റ് ലോക് അദാലത്ത് കണ്ടെത്തുകയും, എതിർകക്ഷിക്ക് നോട്ടീസ് നൽകാതെ അത് 04.08.2018 ന് തള്ളുകയും ചെയ്തു. പുനഃ പരിശോധന നിരസിച്ച എക്സിബിറ്റ് പി4 അവാർഡ് ഈ റിട്ട് ഹർജിയിൽ ചോദ്യം ചെയ്തിട്ടുള്ളതാണ്.

6. ഇരുഭാഗത്തെയും കേട്ടു

7. 1987 ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്ടിലെ 22ഡി വകുപ്പിൻ കീഴിൽ പുനഃപ രിശോധനയ്ക്കുള്ള ഏതെങ്കിലും അധികാരം നൽകിയിട്ടുണ്ടോ എന്നതാണ് ഈ കേസിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നം. വകുപ്പ് 22ഡി ഉദ്ധരിക്കുകയും ചെയ്തു.

8. എസ്റ്റേറ്റ് ഓഫീസർ vs. ചരൺ കൗറും മറ്റുള്ളവരും [2015 (4) CivCC 225] എന്ന കേസിലെ പഞ്ചാബ്, ഹരിയാന ഹൈക്കോടതിയുടെ വിധിന്യായത്തെയും ഹർജിക്കാരൻ ആശ്രയിച്ചു. അതിൽ ലീഗൽ സർവീസസ് അതോറിറ്റി ആക്ട് പ്രകാരമുള്ള നടപടിക്രമം സിവിൽ നടപടി നിയമസംഹിതയിൽ നൽകിയിട്ടുള്ളതിനേക്കാൾ കൂടുതൽ ഉദാരമായതിനാൽ പുനഃപ രിശോധന നിലനിൽക്കുന്നതാണെന്ന് അതിൽ വിധിച്ചിരുന്നു.

9. 1987 ലെ ആക്റ്റ് പ്രകാരം സ്ഥാപിതമായ പെർമന ന്റ് ലോക് അദാലത്ത്, പൂർണ്ണ അധികാരങ്ങളോട് കൂടിയ ഒരു കോടതിയല്ല. കൂടാതെ, ആക്റ്റിന് അതീതമായി പ്രവർത്തിക്കാനോ നിയമത്തിൽ പ്രത്യേകമായി നൽകിയിട്ടില്ലാത്ത അധികാര ങ്ങൾ പ്രയോഗിക്കാനോ കഴിയില്ല. പുനഃപരി ശോധന തേടാനുള്ള അവകാശം സ്വാഭാവികമോ മൗലികമോ ആയ അവകാശമല്ല, കാരണം അങ്ങനെയുള്ള അധികാരം ആക്റ്റിലൂടെ സ്പഷ്ടമായി നൽകേണ്ടതാണ്. നിയമം അനുശാസിക്കുന്നില്ലെങ്കിൽ പുനഃപരിശോ ധനയ്ക്ക് സഹജമായ അധികാരം ഇല്ല. തിരുത്തലിനും പുനഃപരിശോധനയ്ക്കും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ട്, കാരണം പുനഃപ രിശോധനയ്ക്ക് നിയമപരമായ അംഗീകാരം ആവശ്യമാണ്. തിരിച്ചുവിളിക്കാനുള്ള (recall) ട്രൈബ്യൂണലിന്റെ അധികാരം, വിധിന്യായത്തിലെ പിഴവുകൾ വീണ്ടും കേൾക്കുന്നതിനോ ഗുണദോഷങ്ങളിന്മേൽ പുനഃവ്യവഹാരം നടത്താനോ ഉള്ളതല്ല. എന്നാൽ അവശ്യകക്ഷികൾക്ക് നോട്ടീസ് നൽകുന്നതിൽ പരാജയമോ വഞ്ചനയോ പോലുള്ള നടപടിക്രമത്തിലെ പിഴവുകൾ തിരുത്തുവാൻ മേൽപ്പറഞ്ഞ അധികാരം അനുവദിക്കുന്നു. ഗുണദോഷങ്ങളിന്മേലുള്ള പുനഃപരിശോധനയ്ക്ക് പ്രത്യേക നിയമ പരമായ അനുമതി ആവശ്യമാണെന്നത് സുസ്ഥാപിതമാണ്. അതേസമയം ന്യായത യുമായി ബന്ധപ്പെട്ട നടപടിക്രമം സംബന്ധിച്ച പുനഃപരിശോധന എല്ലാ വിധിനിർണ്ണയ അധികാരികളിലും സഹജമായിട്ടുള്ളതാണ്. ഒരു തീരുമാനത്തിന്റെ കൃത്യത വീണ്ടും പരിശോധിക്കുന്ന ഗുണദോഷങ്ങളിന്മേലുള്ള ഒരു പുനപരിശോധനക്ക് നിയമം പ്രത്യേകമായി അനുവദിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പ്രയോഗി ക്കാൻ കഴിയൂ.

10. ഗ്രിൻഡ്ലേയ്സ് ബാങ്ക് ലിമിറ്റഡ് vs. സെൻട്രൽ ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും മറ്റുള്ളവരും [AIR 1981 SC 606] വിധിന്യായത്തെ അടിസ്ഥാനമാക്കി, കപ്ര മസ്ദൂർ ഏകതാ യൂണിയൻ vs. ബിർള കോട്ടൺ സ്പിന്നിംഗ് & വീവിംഗ് മിൽസ് ലിമിറ്റഡും മറ്റൊരാളും [(2005) 13 SCC 777] എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിന്യായം പരാമർശിക്കുന്നത് ഉചിതമാണ്. അതിൽ ഇനിപ്പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"19.ഈ തത്വങ്ങൾ പ്രയോഗിക്കുമ്പോൾ, ഗുണ ദോഷത്തിന്റെ അടിസ്ഥാനത്തിൽ വിധി പറയാൻ അധികാരിതയുള്ള ഒരു കോടതിയോ അർദ്ധ-ജുഡീഷ്യൽ അതോറിറ്റിയോ അങ്ങനെ ചെയ്യുമ്പോൾ, കോടതിക്കോ അർദ്ധ-ജുഡീഷ്യൽ അതോറിറ്റിക്കോ വ്യക്തമായ വ്യവസ്ഥയിലൂടെയോ അതിന് അനുസൃതമായ സൂചനകളിലൂടെയോ പുനഃപരിശോധന നടത്താനുള്ള അധികാരം നിക്ഷിപ്തമാണെങ്കിൽ മാത്രമേ അതിന്റെ വിധിന്യായമോ ഉത്തരവോ ഗുണദോഷത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്താൻ കഴിയൂ എന്ന് വ്യക്തമാണ്. നടപ ടിക്രമം സംബന്ധിച്ച പുനഃപരിശോധന

വ്യത്യസ്തമായ വിഭാഗത്തിൽപ്പെടുന്നു. അങ്ങനെയുള്ള പുനഃപരിശോധനയിൽ, വിധി പറയാൻ അധികാരിതയുള്ള കോടതിയോ അർദ്ധ ജുഡീഷ്യൽ അതോറിറ്റിയോ അപ്രകാരം ചെയ്യുമ്പോൾ, വിഷയത്തിന്റെ അടിത്തട്ടിലേക്ക് പോയി നടപടിക്രമങ്ങളെ തന്നെ അസാധുവാക്കുന്ന നിയമരാഹിത്യം ഉണ്ടാകുകയാണെങ്കിൽ തൽഫലമായി പുനഃപരിശോധന ഉത്തരവും അസാധുവാകുന്നു. നടപടിക്രമം സംബന്ധിച്ച പുനഃപരിശോധനാ അധികാരം വിനിയോഗിക്കാവുന്ന കേസുകളുടെ ഉദാഹരണമാണ് എതിർകക്ഷിക്ക് നോട്ടീസ് നൽകാതെയോ എതിർകക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന തെറ്റിദ്ധാരണയിലോ കോടതിയോ അർദ്ധ ജുഡീഷ്യൽ അതോറിറ്റിയോ തീരുമാനം എടുക്കുന്നതോ, അല്ലെങ്കിൽ വാദം കേൾക്കുന്നതിനായി നിശ്ചയിച്ച തീയതിയിൽ അല്ലാതെ മറ്റൊരു തീയതിയിൽ വാദം കേട്ട് തീരുമാനമെടുക്കുന്നതോ ആയ കേസുകൾ. അങ്ങനെയുള്ള ഒരു കേസിൽ, ഉത്തരവ് പുനഃപരിശോധിക്കാനോ തിരിച്ചുവിളിക്കാനോ (re-call) ആവശ്യപ്പെടുന്ന കക്ഷി, പാസാക്കിയ ഉത്തരവിൽ പ്രകടമായ ഒരു പിശക് ഉണ്ടെന്നോ അല്ലെങ്കിൽ പുനഃപരിശോധന നീതീകരിക്കാവുന്ന മറ്റേതെങ്കിലും കാരണം ഉണ്ടെന്നോ തെളിയിക്കേണ്ടതില്ല. എതിർകക്ഷിയുടേതായ കാരണം കൊണ്ടല്ലാതെ അയാളുടെ ഭാഗം കേൾക്കാതിരിക്കുകയോ അല്ലെങ്കിൽ അയാളുടെ കാരണം കൊണ്ടല്ലാതെ വാദം കേൾക്കാൻ നിശ്ചയിച്ച തീയതിക്ക് പകരം മറ്റൊരു തീയതിയിൽ അയാളുടെ അഭാവത്തിൽ വാദം കേട്ട് തീരുമാനം എടുക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ, നടപടിക്രമത്തെ വികലമാക്കുന്നതും അതിൽ പുറപ്പെടുവിച്ച ഉത്തരവിനെ അസാധുവാക്കുന്നതുമായ നിയമരാഹിത്യം കോടതിയോ അർദ്ധ ജുഡീഷ്യൽ അധികാരിയോ പിൻതുടർന്ന നടപടിക്രമത്തെ ബാധിച്ചിട്ടുണ്ടെന്ന് അയാൾ സ്ഥാപിക്കേണ്ടതുണ്ട്. അതുകൊണ്ട്, അത്തരം കേസുകളിൽ പാസാക്കിയ ഉത്തരവിന്റെ ഗുണദോഷങ്ങളിലേക്ക് കടക്കാതെ, നിയമം അനുസരിച്ച് കേസ് വീണ്ടും കേൾക്കേണ്ടതുണ്ട്. പാസാക്കിയ ഉത്തരവ് തിരിച്ചുവിളിക്കാനും പുനഃപരിശോധിക്കാനും വിധേയമാക്കുന്നത് അത് തെറ്റാണെന്ന് കണ്ടെത്തിയതുകൊണ്ടല്ല, മറിച്ച് അടിസ്ഥാന വിഷയത്തെ ബാധിക്കുന്നതും നടപടിക്രമത്തെ മുഴുവനായും അസാധുവാക്കുന്നതുമായ ഒരു പിഴവോ അല്ലെങ്കിൽ തെറ്റോ ഉണ്ടാവുമ്പോഴാണ്. ഗ്രിൻഡ്‌ലേയ്സ് ബാങ്ക് ലിമിറ്റഡ് vs. സെൻട്രൽ ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും മറ്റുള്ളവരും എന്ന കേസിൽ എതിർകക്ഷികളെ ഹിയറിംഗിന് ഹാജരാകുന്നതിൽ നിന്നും തടസ്സപ്പെടുത്തിയതിന് മതിയായ കാരണങ്ങൾ ഉണ്ടെന്ന് സ്ഥാപിച്ചാൽ അത്തരം കേസുകൾ വീണ്ടും കേട്ട് തീരുമാനിക്കേണ്ടതാണ്.

അവാർഡ് പാസാക്കിയതിൽ നടപടിക്രമത്തെ സംബന്ധിച്ച നിയമരാഹിത്യമോ നടപടിക്രമങ്ങളെ തന്നെ വികലമാക്കുന്ന തരത്തിലുള്ള പിശകോ ട്രൈബ്യൂണലിന്റെ ഭാഗത്തുനിന്നും ഉണ്ടായി എന്ന കാരണത്താൽ അല്ല മറിച്ച് ട്രൈബ്യൂണൽ പരിഗണിക്കേണ്ട ചില കാര്യങ്ങൾ യഥാവിധി പരിഗണിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താലാണ് അവാർഡ് തിരിച്ച് വിളിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. നടപടിക്രമത്തെ സംബന്ധിച്ച ഒരു പുനഃപരിശോധനയല്ല മറിച്ച് ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു പുനഃപരിശോധനക്കാണ് തിരിച്ചുവിളിക്കൽ അല്ലെങ്കിൽ പുനഃപരിശോധന ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. പ്രത്യേകമായോ അവശ്യ സൂചനകൾ വഴിയോ ട്രൈബ്യൂണലിന് പുനഃപരിശോധനാ അധികാരം നൽകുന്ന ഒരു വ്യവസ്ഥ ആക്റ്റിൽ ഇല്ലാത്തതിനാൽ അത്തരമൊരു പുനഃപരിശോധന അനുവദനീയമല്ലായിരുന്നു.''

11. ഈ കേസിൽ പുനഃപരിശോധനക്കുള്ള കാരണങ്ങൾ സൂചിപ്പിക്കുന്നത് ഗുണദോഷങ്ങളിന്മേലുള്ള ഒരു പുനഃപരിശോധനയോ, റീഹിയറിംഗോ ആണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്നാണ്. എന്നാൽ അത് മേൽ പ്രസ്താവിച്ച കാരണങ്ങളാൽ അനുവദനീയമല്ല. മുകളിൽ പരാമർശിച്ച വിധിന്യായത്തിലെ പഞ്ചാബ്, ഹരിയാന ഹൈക്കോടതിയുടെ വീക്ഷണം പ്രസക്തമായ എല്ലാ തത്വങ്ങൾക്കും വിരുദ്ധമാണ്. കൂടാതെ, അതിനെ ശരിയായ നിയമമായി കണക്കാക്കാനും കഴിയില്ല.

റിട്ട് ഹർജിയിൽ യാതൊരു കഴമ്പുമില്ലാത്തതിനാൽ തള്ളുന്നു.

# കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് അമിത് റാവൽ
## &
## ബഹു. ജസ്റ്റിസ് കെ. വി. ജയകുമാർ

ഒറിജിനൽ ഹർജി (സി.എ.ടി) നം. 191 / 2017
[സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം ബെഞ്ചിന്റെ OA നം.398/2015 ലെ 3.10.2016-ലെ ഉത്തരവിനെതിരെ]

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും - ഹർജിക്കാർ / എതിർകക്ഷികൾ**

**v.**

**എസ്. സതികുമാരി അമ്മ - എതിർകക്ഷി / അപേക്ഷക**

( 08.01.2025- ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ മറ്റ് പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, കുടുംബപെൻഷൻ ജീവനക്കാരന് തന്റെ ജീവിതകാലത്ത് ഒസ്യത്തു പ്രകാരമുള്ള വിനിയോഗത്തിന് വിധേയമാക്കാൻ കഴിയില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഒരു ജീവനക്കാരന് തന്റെ കുടുംബപെൻഷൻ മറ്റൊരാൾക്ക് വേണ്ടി ഒസ്യത്ത് ചെയ്യാനോ, കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ള വ്യക്തിയെ അല്ലാതെ മറ്റാരെയെങ്കിലും നാമനിർദ്ദേശം ചെയ്യാനോ കഴിയില്ല. ഒരു അപേക്ഷ നൽകി ജീവനക്കാരന് തന്റെ മരണശേഷം ഭാര്യയെയോ കുട്ടികളെയോ കുടുംബ പെൻഷൻ ലഭിക്കുന്നതിൽനിന്ന് ഒഴിവാക്കാൻ കഴിയില്ല. കുടുംബപെൻഷൻ കിട്ടാനുള്ള ഒരു കടമോ ഈടോ അല്ലാത്തതിനാൽ, കുടുംബപെൻഷൻ അനുവദിക്കുന്നതിന് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർവഹണാധികാരികൾക്ക് നിർബന്ധിക്കാൻ കഴിയില്ല.

## വിധിന്യായം

## ജസ്റ്റിസ് കെ. വി. ജയകുമാർ

എറണാകുളം സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 03.10.2016-ന് 398/2015-ാം നമ്പർ ഒറിജിനൽ അപേക്ഷയിൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെയാണ് നിലവിലെ ഒറിജിനൽ ഹർജി (സി.എ.ടി.) ഫയൽ ചെയ്തിരിക്കുന്നത്.

2. "കുടുംബ പെൻഷൻ" ജീവനക്കാരന്റെ വസ്തുവിന്റേയോ (Property) സ്വത്തിന്റേയോ (Estate) പരിധിയിൽ വരുമോ എന്നതാണ് ഈ ഒറിജിനൽ ഹർജിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നം.

3. വസ്തുതകൾ ചുരുക്കത്തിൽ, ഇപ്രകാരമാണ് : പോസ്റ്റൽ അസിസ്റ്റന്റ് ആയി വിരമിച്ച പരേതനായ ഗോപാലകൃഷ്ണപിള്ളയുടെ ഭാര്യയാണ് ഇതിലെ എതിർകക്ഷിയായ എസ്. സതികുമാരി അമ്മ. ഗോപാലകൃഷ്ണപിള്ള 01.01.2003-ൽ സർവീസിൽ നിന്ന് സ്വയം വിരമിക്കുകയും, 24.10.2013-ൽ മരണപ്പെട്ടിട്ടുള്ളതുമാണ്. അനുബന്ധം-എ2 പെൻഷൻ നൽകൽ ഉത്തരവ് പ്രകാരമുള്ള പെൻഷൻ ഗോപാലകൃഷ്ണപിള്ളയ്ക്ക്

ലഭിച്ചുകൊണ്ടിരുന്നു. വിരമിക്കുന്ന സമയത്ത് പെൻഷനുള്ള തന്റെ അപേക്ഷ നൽകിയപ്പോൾ, അപേക്ഷകയായ സതികുമാരി അമ്മയെ കുടുംബാംഗമായി ഉൾപ്പെടുത്തേണ്ടതില്ലെന്ന ഉദ്ദേശ്യം പെൻഷണറായ ഗോപാലകൃഷ്ണപിള്ള പ്രകടിപ്പിച്ചു. മാത്രമല്ല, തന്റെ ഭാര്യ സതികുമാരി അമ്മയുടെയും മകൾ എസ്. ലക്ഷ്മിയുടെയും പേര് തന്റെ സർവീസ് ബുക്കിൽ നിന്നും മറ്റ് രേഖകളിൽ നിന്നും നീക്കംചെയ്യണമെന്നും, പെൻഷൻ ആനുകൂല്യങ്ങൾക്കായി അവർക്ക് വേണ്ടി നൽകിയിട്ടുള്ള നാമനിർദ്ദേശം റദ്ദാക്കിയതായി പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരു നിവേദനം പരേതനായ പെൻഷണർ 12.11.1998-ൽ സമർപ്പിച്ചു. അതിനുശേഷം എം.സി. നമ്പർ 37/1990 -ലെ കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ 23.11.1991-ലെ ഉത്തരവ് പ്രകാരം തന്റെ ഭാര്യയെ വിവാഹമോചനം ചെയ്തതായി പ്രസ്താവിച്ചുകൊണ്ട് 26.12.2002-ന് അദ്ദേഹം മറ്റൊരു അപേക്ഷയും ഫയൽ ചെയ്തു.

4. എതിർകക്ഷിയായ അപേക്ഷക പലിശയോട് കൂടി കുടുംബ പെൻഷൻ അവകാശപ്പെട്ടു കൊണ്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. കക്ഷികളുടെ വാദങ്ങൾ കണക്കിലെടുത്ത് അപേക്ഷകയുടെ മരണം വരെയോ പുനർവിവാഹം വരെയോ അപേക്ഷകക്ക് പലിശയോട് കൂടി കുടുംബ പെൻഷൻ അനുവദിക്കാൻ എതിർകക്ഷികളായ യൂണിയൻ ഓഫ് ഇന്ത്യക്കും മറ്റുള്ളവർക്കും ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

5. ഇതിലെ എതിർകക്ഷിയായ അപേക്ഷകയുടെ അഭിഭാഷകനായ അഡ്വ. സജിത് കുമാർ വി. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെ പിന്തുണച്ചു. പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, കുടുംബ പെൻഷൻ ജീവനക്കാരന്റെ വസ്തുവോ (property) സ്വത്തോ (estate) അല്ലെന്ന് അദ്ദേഹം വാദിച്ചു. കൂടാതെ, പ്രസ്തുത ആശ്വാസം അവകാശപ്പെടുന്നതിൽ നിന്ന് അവരെ വിലക്കുന്ന തരത്തിൽ ജീവനക്കാരന് തന്റെ ഭാര്യയുടെയും മറ്റ് ആശ്രിതരുടെയും പേര് രേഖകളിൽ നിന്ന് നീക്കംചെയ്യാൻ കഴിയില്ല.

6. നേരെമറിച്ച്, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് തികച്ചും നിയമവിരുദ്ധവും നിലനിൽക്കാത്തതുമാണെന്ന് ഇന്ത്യൻ യൂണിയനു വേണ്ടി ഹാജരായ കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ അഡ്വ. ടി വി വിനു വാദിച്ചു. പരേതനായ ഗോപാലകൃഷ്ണപിള്ള ജീവിച്ചിരിന്നപ്പോൾ തന്നെ അപേക്ഷകയുടെയും അവരുടെ മകളുടെയും പേരുകൾ പെൻഷൻ രേഖകളിൽ നിന്ന് നീക്കംചെയ്തിരുന്നുവെന്നും, 26-12-2002 ലെ ലിഖിതമായ സമർപ്പണത്തിൽ പ്രസ്താവിച്ചിരിക്കുന്നത് പോലെ തന്റെ ഭാര്യയെയും മകളെയും പരേതനായ പെൻഷണർ ഉപേക്ഷിച്ചിരിന്നു എന്നും കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ സമർപ്പിച്ചു. അതിനാൽ, കുടുംബ പെൻഷനുള്ള അപേക്ഷകയുടെ അവകാശവാദങ്ങൾ ട്രൈബ്യൂണൽ നിരസിക്കേണ്ടതായിരുന്നു.

7. എതിർകക്ഷിയായ അപേക്ഷകക്ക് പലിശ നൽകാൻ നിർദ്ദേശിക്കിന്നിടത്തോളം ട്രൈബ്യൂണലിന്റെ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് നീതിയുടെ താൽപ്പര്യാർത്ഥം റദ്ദാക്കേണ്ടതാണെന്നും അദ്ദേഹം വാദിച്ചു.

8. കക്ഷികളുടെ അഭിഭാഷകരെ ഞങ്ങൾ കേൾക്കുകയും, പേപ്പർ ബുക്ക് (രേഖകൾ, വാദങ്ങൾ, തെളിവുകൾ എന്നിവയുടെ സമാഹാരം) പരിശോധിക്കുകയും ചെയ്തു.

9. കുടുംബ പെൻഷൻ പരേതനായ ജീവനക്കാരന്റെ വസ്തുവിന്റെയോ (property) സ്വത്തിന്റെയോ (estate) പരിധിയിൽ വരുമോ എന്നും, സാധുവായ ഒരു വിവാഹം നിലനിൽക്കെ ഒരു ജീവനക്കാരന് തന്റെ ഭാര്യയുടെയും മറ്റ് ആശ്രിതരുടെയും പേരുകൾ സർവീസ് രേഖകളിൽ നിന്ന് നീക്കംചെയ്യാൻ കഴിയുമോ എന്നതുമാണ് ഈ കേസിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നം.

10. പരേതനായ ആൾ ജീവിച്ചിരിക്കുന്നകാലത്ത് നൽകേണ്ടതില്ലാത്തതും, അയാൾക്ക് വിനിയോഗിക്കാൻ അധികാരമില്ലാത്തതുമായ എന്തും അദ്ദേഹത്തിന്റെ സ്വത്തിന്റെ ഭാഗമാകില്ലെന്ന് ജോഗ് സിംഗ് v. യൂണിയൻ ഓഫ് ഇന്ത്യ [(1980)4 SCC 306] എന്ന കേസിൽ ബഹു.സുപ്രീം കോടതി നിരീക്ഷിച്ചു. അദ്ദേഹത്തിന്റെ മരണമാണ് പ്രത്യേക കുടുംബ പെൻഷൻ അവകാശപ്പെടുന്നതിനുള്ള യോഗ്യത നൽകുന്നത്. പരേതനായ വ്യോമസേന ഉദ്യോഗസ്ഥന്റെ വിധവയ്ക്ക് രാഷ്ട്രപതി നൽകിയ പ്രത്യേക കുടുംബ പെൻഷൻ, അയാൾ

ജീവിച്ചിരിക്കുമ്പോൾ ഒസ്യത്തു പ്രകാരമുള്ള വിനിയോഗത്തിന് (testamentary disposition) വിധേയമാകാൻ കഴിയുമോ എന്നതായിരുന്നു ജോഗ് സിങ്ങിന്റെ കേസിൽ ഉൾപ്പെട്ടിരുന്ന ചോദ്യം. ജോഗ് സിംഗ് കേസിലെ പ്രസക്തമായ ഖണ്ഡികകൾ ഇപ്രകാരമാണ് :

"11. എന്നിരുന്നാലും, എല്ലാ വിധവകൾക്കും പ്രത്യേക കുടുംബ പെൻഷന് അർഹതയില്ലെന്നും, ഒരു ഉദ്യോഗസ്ഥന്റെ മരണംമൂലം വിധവയാകുന്ന ആശ്രിതയായ ഭാര്യയ്ക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂ എന്നും പ്രസ്താവിച്ചിരുന്നു. കൂടാതെ, ഈ കേസിൽ മരണപ്പെട്ടയാൾ തന്റെ ഭാര്യയെ ആശ്രിതരിൽ ഒരാളായി കാണിച്ചിട്ടില്ല, മറിച്ച് മാതാപിതാക്കളെയും സഹോദരിമാരെയും സഹോദരന്മാരെയും ഉദ്യോഗസ്ഥന്റെ ആശ്രിതരായി കാണി ച്ചിരിക്കുന്നു. വിധവയ്ക്ക് പ്രത്യേക കുടുംബ പെൻഷനോ, നിയമാനുസൃതമായവേഴ്ചയിലുണ്ടായ അയാളുടെ കുട്ടികൾക്ക് പ്രത്യേക കുട്ടികളുടെ അലവൻസോ, അയാളുടെ മാതാപിതാക്കൾ, സഹോദരങ്ങൾ അല്ലെങ്കിൽ സഹോദരിമാർ എന്നിവർക്ക് ആശ്രിത പെൻഷനോ എന്നിവയാണ് 74-ാം ചട്ടം വിഭാവനം ചെയ്യുന്നത്. പ്രത്യേക കുടുംബ പെൻഷൻ ലഭിക്കുന്നതിന് അവനോ അവൾക്കോ യോഗ്യതയുണ്ടെങ്കിൽ, അവരിൽ ഓരോരുത്തർക്കും ആനുകൂല്യം അനുവദനീയമാണ്. പരേതനായ ഉദ്യോഗസ്ഥന്റെ വിധവക്കും നിയമാനുസൃതമായവേഴ്ചയിലുണ്ടായ അയാളുടെ കുട്ടികൾക്കുമുള്ള സാധാരണ കുടുംബ പെൻഷൻ 75-ാം ചട്ടം വിഭാവനം ചെയ്യുന്നു. ഭർത്താവിന്റെ മരണ സമയത്ത് അയാളിൽ നിന്നും വേർപിരിഞ്ഞ് നിൽക്കുന്നതിനാൽ 74-ാം ചട്ടത്തിൻ കീഴിലോ 75-ാം ചട്ടത്തിൻ കീഴിലോ അർഹതയില്ലാത്ത ഒരു വിധവയ്ക്ക് പെൻഷനോ ഗ്രാറ്റുവിറ്റിയോ, അവ രണ്ടും കൂടിയോ അനുവദിക്കുന്നതിനുള്ള വിവേചനാധികാരം 79-ാം ചട്ടം രാഷ്ട്രപതിക്ക് നൽകുന്നു. അതിനാൽ, പ്രത്യേക കുടുംബ പെൻഷനോ, ഗ്രാറ്റുവിറ്റിയോ, സാധാരണ കുടുംബ പെൻഷനോ ലഭിക്കുന്നതിന് വേണ്ടിയുള്ള യോഗ്യത ഒരു വിധവ നേടിയിട്ടുണ്ടോ എന്നത് രാഷ്ട്രപതി തീരുമാനിക്കേണ്ട കാര്യമാണ്. വിധവയ്ക്ക് പെൻഷന് അർഹതയുണ്ടെന്ന് രാഷ്ട്രപതിക്ക് ബോധ്യപ്പെട്ടാൽ, വിധവയ്ക്ക് പകരം അയാൾക്കോ അവൾക്കോ പ്രത്യേക കുടുംബ പെൻഷന് അർഹതയുണ്ടെന്ന വാദം ഉന്നയിച്ചുകൊണ്ട് പരേതനായ ആളുടെ മറ്റ് ചില ആശ്രിതർക്ക് വിധവയ്ക്കുള്ള ആനുകൂല്യം നിഷേധിക്കാൻ കഴിയില്ല. അതിനാൽ, പരേതനായ ഉദ്യോഗസ്ഥന്റെ വിധവ എന്ന നിലയിൽ അവൾക്ക് പ്രത്യേക കുടുംബ പെൻഷന് അർഹതയുണ്ടെന്ന് രാഷ്ട്രപതിക്ക് ബോധ്യപ്പെട്ടാൽ, പരേതനായ ആൾ തന്റെ ഭാര്യയെ ആശ്രിതയായി സൂചിപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിന് പ്രസക്തിയില്ല.

12. വിധവ എന്ന നിലയിൽ അവൾക്ക് അനുവദനീയമായ ഒരു പ്രത്യേക കുടുംബ പെൻഷൻ പരേതനായ ആളുടെ ഒസ്യത്തു മുഖേന വിനിയോഗിക്കാൻ (testamentary disposition) കഴിയുന്ന സ്വത്തിന്റെ (estate) ഭാഗമായി മാറുമോ എന്നതാണ് യഥാർത്ഥ തർക്കം. ഉദ്യോഗസ്ഥന്റെ മരണശേഷം വിധവയ്ക്ക് പ്രത്യേക കുടുംബ പെൻഷൻ നൽക്കാവുന്നതാണ്. അത് അയാളുടെ ജീവിതകാലത്ത് നൽകാനാവില്ല. പരേതനായ ആളുടെ ജീവിതകാലത്ത് നൽകേണ്ടതില്ലാത്തതും അയാൾക്ക് വിനിയോഗിക്കാൻ അധികാരമില്ലാത്തതുമായ എന്തും അയാളുടെ സ്വത്തിന്റെ ഭാഗമാകില്ല. അയാളുടെ മരണമാണ് പ്രത്യേക കുടുംബ പെൻഷൻ അവകാശപ്പെടുന്നതിനുള്ള യോഗ്യത നൽകുന്നത്. പരേതനായ ആളുടെ മരണംകൊണ്ട് മാത്രം സംഭവിക്കുന്നതും, പരേതനല്ലാതെ അയാളുമായി ബന്ധപ്പെട്ട മറ്റൊരാൾക്ക് ചില സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതുമായ "യോഗ്യരാക്കുന്ന ഒരു സംഭവം" (qualifying event) ഒസ്യത്തു മുഖേന വിനിയോഗിക്കാൻ (testamentary disposition) കഴിയുന്ന പരേതനായ ആളുടെ സ്വത്തിന്റെ ഭാഗമാകില്ല. അതിനാൽ, ഇന്ത്യൻ വ്യോമസേനയിലെ ഒരു ഉദ്യോഗസ്ഥന്റെ വിധവയ്ക്ക് 74-ാം ചട്ടത്തിൻകീഴിൽ ഇന്ത്യൻ രാഷ്ട്രപതി അനുവദിച്ച പ്രത്യേക കുടുംബ പെൻഷൻ ഒസ്യത്തു പ്രകാരമുള്ള വിനിയോഗത്തിന്റെ (testamentary disposition) വിഷയമാകാൻ കഴിയില്ലെ എന്നത് സംശയാതീതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു."

11. കുടുംബ പെൻഷൻ തന്റെ സ്വത്തിന്റെ (estate) ഭാഗമല്ലാത്തതിനാൽ ഒരു ജീവനക്കാരന് ഒസ്യത്തു പ്രകാരം കുടുംബ പെൻഷൻ വിനിയോഗിക്കാൻ കഴിയില്ലെന്ന് ശ്രീമതി വയലറ്റ് ഐസക്കും മറ്റുള്ളവരും v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും [(1991) 1 SCC 725)] എന്ന കേസിൽ ബഹു. സുപ്രീം

കോടതി വിധിച്ചു. ജോഗ് സിംഗ് കേസിലെ വിധിന്യായത്തെ വയലറ്റ് ഐസക് കേസിൽ സുപ്രീം കോടതി പിൻതുടർന്നു.

12. കുടുംബ പെൻഷൻ പരേതനായ ആളുടെ സ്വത്തിന്റെ (estate) ഭാഗമല്ലെന്നും അതിനാൽ, അതിന് അർഹതയുള്ള ആൾക്കല്ലാതെ മറ്റൊരാൾക്ക് നൽകണമെന്ന് നിർദ്ദേശം നൽകി ഒസ്യത്തു മുഖേന അത് വിനിയോഗിക്കാൻ ഒരു ജീവനക്കാരന് അവകാശമില്ലെന്നും **നിതു v. ഷീല റാണിയും മറ്റുള്ളവരും** എന്ന കേസിൽ [2016 KHC 6646] ബഹു.സുപ്രീം കോടതി ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്.

13. സർക്കാർ ജീവനക്കാരന്റെ മരണശേഷം കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കുടുംബ പെൻഷന് അർഹതയുണ്ടെന്ന് **രാധാമണി അമ്മ v. കേരള സംസ്ഥാനം [2001 KHC 661]** എന്ന കേസിൽ, ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു. സർക്കാർ ജീവനക്കാരന് തന്റെ ഭാര്യയെ പെൻഷൻ ലഭിക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ല. കുടുംബ പെൻഷൻ പരേതനായ ആളുടെ സ്വത്തിന്റെ (estate) ഭാഗമല്ല, അതിനാൽ ആർക്കാണ് അത് നൽകേണ്ടതെന്ന് തീരുമാനിക്കാൻ അദ്ദേഹത്തിന് കഴിയില്ല.

14. കുടുംബ പെൻഷൻ പരേതനായ പെൻഷനർക്ക് കിട്ടാനുള്ള കടമോ ഈടോ അല്ലെന്നും, അതിനാൽ കുടുംബ പെൻഷൻ ലഭിക്കുന്നതിന് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർബന്ധിക്കാൻ കഴിയില്ലെന്നും **സൽമ ബീവി v. കൊച്ചിൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസരും മറ്റുള്ളവരും [2014(3) KHC 820]** എന്ന കേസിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

15. ജോഗ് സിംഗ് കേസിലും വയലറ്റ് ഐസക് കേസിലും ബഹു.സുപ്രീം കോടതി നിർദ്ദേശിച്ച നിയമത്തിന്റെ വെളിച്ചത്തിൽ, കുടുംബ പെൻഷൻ ജീവനക്കാരന്റെ സ്വത്തോ (estate) വസ്തുവോ (property) അല്ലെന്ന് വ്യക്തമാണ്. അതിനാൽ, നിയമപരമായി വിവാഹം കഴിച്ച തന്റെ ഭാര്യയ്ക്കോ മറ്റ് ആശ്രിതർക്കോ കുടുംബ പെൻഷൻ അവകാശപ്പെടാൻ അർഹതയില്ലെന്ന് പറഞ്ഞുകൊണ്ടുള്ള നിവേദനം ഒരു ജീവനക്കാരന് നൽകാൻ കഴിയില്ല. പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ മറ്റ് പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, കുടുംബ പെൻഷൻ, ജീവനക്കാരന് തന്റെ ജീവിതകാലത്ത് ഒസ്യത്തു പ്രകാരമുള്ള വിനിയോഗത്തിന് വിധേയമാക്കാൻ കഴിയില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഒരു ജീവനക്കാരന് തന്റെ കുടുംബ പെൻഷൻ മറ്റൊരാൾക്ക് വേണ്ടി ഒസ്യത്ത് ചെയ്യാനോ, കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ള വ്യക്തിയെ അല്ലാതെ മറ്റാരെയെങ്കിലും നാമനിർദ്ദേശം ചെയ്യാനോ കഴിയില്ല. ഒരു അപേക്ഷ നൽകി ജീവനക്കാരന് തന്റെ മരണശേഷം ഭാര്യയെയോ കുട്ടികളെയോ കുടുംബ പെൻഷൻ ലഭിക്കുന്നതിൽനിന്ന് ഒഴിവാക്കാൻ കഴിയില്ല.

16. കുടുംബ പെൻഷൻ കിട്ടാനുള്ള ഒരു കടമോ ഈടോ അല്ലാത്തതിനാൽ, കുടുംബ പെൻഷൻ അനുവദിക്കുന്നതിന് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർവഹണാധികാരികൾക്ക് നിർബന്ധിക്കാൻ കഴിയില്ല.

17. ഇനി കേസിന്റെ വസ്തുതകളിലേക്ക് തിരിച്ചുവരാം. തന്റെ മരണശേഷം കുടുംബ പെൻഷൻ ലഭിക്കുന്നതിൽ നിന്ന് ഭാര്യയെയും മകളെയും അനർഹരാക്കുന്നതിനായി അവരുടെ പേര് സർവീസ് രേഖകളിൽ നിന്ന് ഒഴിവാക്കണമെന്ന് പ്രസ്താവിച്ചുകൊണ്ട് ജീവനക്കാരൻ തപാൽ അധികാരികൾക്ക് ഒരു നിവേദനം നൽകി.

18. അപേക്ഷകയുടെ പേര് തന്റെ സർവീസ് രേഖകളിൽ നിന്ന് നീക്കംചെയ്യാൻ പരേതനായ ജീവനക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഭാര്യയെയും കുട്ടികളെയും നിയമപരമായ അവകാശികളായി നാമനിർദ്ദേശം ചെയ്യാൻ അദ്ദേഹം ഉദ്ദേശിച്ചിട്ടില്ലെന്നും എന്നതാണ് ട്രൈബ്യൂണലിന് മുമ്പാകെയും ഞങ്ങളുടെ മുമ്പാകെയും യൂണിയൻ ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുള്ള നിലപാട്.

19. കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും, ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച നിയമവും കണക്കിലെടുത്ത്, കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒറിജിനൽ അപേക്ഷ പലിശ സഹിതം അനുവദിച്ചു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ നിയമവിരുദ്ധതയോ മറ്റേതെങ്കിലും തെറ്റോ ഞങ്ങൾ കാണുന്നില്ല.

191/2017 നമ്പർ ഒറിജിനൽ ഹർജി (സി.എ.ടി) തള്ളുന്നു.




# സുപ്രീംകോടതി വിധി

## സംക്ഷിപ്തം

# സുപ്രീം കോടതി മുമ്പാകെ

സിവിൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് പമിഡിഘണ്ടം ശ്രീ നരസിംഹ**

**&**

**ബഹു. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

സിവിൽ അപ്പീൽ നം. ____ / 2025

[എസ്.എൽ.പി. (സിവിൽ) നം.5918/2024-ൽ നിന്നുത്ഭവിച്ചത്]

**ജോഗേശ്വർ സാഹുവും മറ്റുള്ളവരും - അപ്പീൽവാദികൾ**

**v.**

**കട്ടക്ക് ജില്ലാ ജഡ്ജിയും മറ്റുള്ളവരും - എതിർകക്ഷികൾ**

( 04.04.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള തെറ്റിദ്ധരിപ്പിക്കലോ വഞ്ചനയോ കൂടാതെ അധിക തുക നൽകിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ ശമ്പളം/ബത്ത കണക്കാക്കുന്നതിൽ തെറ്റായ തത്വം തൊഴിലുടമ പ്രയോഗിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും ചട്ടം/ഉത്തരവിന്റെ പ്രത്യേക വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലോ ജീവനക്കാരന് അധിക തുക നൽകിട്ടുണ്ടെങ്കിലോ, അത് തെറ്റാണെന്ന് പിന്നീട് കണ്ടെത്തുകയും ചെയ്താൽ, അത്തരം അധിക ശമ്പളമോ ബത്തകളോ ഈടാക്കാൻ കഴിയില്ലെന്ന് ഈ കോടതി വ്യക്തമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈടാക്കലിനെതിരെ നൽകുന്ന ഈ ആശ്വാസം ജീവനക്കാരന്റെ ഏതെങ്കിലും അവകാശം മൂലമല്ല, മറിച്ച് ധാർമിക നീതിയുടെ അടിസ്ഥാനത്തിലാണ് എന്ന് വിധിച്ചിരുന്നു.

## വിധിന്യായം

ഒറീസ ഹൈക്കോടതി 33482/2023 നമ്പർ റിട്ട് ഹർജിയിൽ 09.11.2023-ൽ പുറപ്പെടുവിച്ച അന്തിമ വിധിക്കും ഉത്തരവിനും എതിരായാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. തസ്തികകൾ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി ജീവനക്കാർക്ക് അധികമായി നൽകിയിരുന്ന തുകകൾ ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് കട്ടക്ക് പ്രത്യേക കോടതി ജഡ്ജിയും കട്ടക്ക് സിവിൽ കോടതി രജിസ്ട്രാറും പുറപ്പെടുവിച്ച 12.09.2023, 08.09.2023 തീയതികളിലെ ഉത്തരവുകളെ

ചോദ്യംചെയ്ത് അപ്പീൽവാദികൾ സമർപ്പിച്ച 33482/2023 നമ്പർ റിട്ട് ഹർജി ഹൈക്കോടതി തള്ളിയതായിരുന്നു.

ആ സമയത്ത്, അപ്പീൽവാദികൾ കട്ടക്ക് ജില്ലാ ജുഡീഷ്യറിയിൽ ഗ്രേഡ്-1 സ്റ്റെനോഗ്രാഫർ, പേഴ്സണൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുകയായിരുന്നു. ഷെട്ടി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 1-ാം എതിർകക്ഷിയുടെ ശിപാർശകൾ അനുസരിച്ച് സ്റ്റെനോഗ്രാഫർമാരെ മൂന്ന് ഗ്രേഡുകളായി അപ്ഗ്രേഡ് ചെയ്യുകയും തൽഫലമായി 01.04.2003 മുതൽ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകുകയും ചെയ്തുകൊണ്ടുള്ള കട്ടക്ക് ജില്ലാ ജഡ്ജി പാസാക്കിയ 10.05.2017-ലെ 63-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം സാമ്പത്തിക ആനുകൂല്യം അവർക്ക് അനുവദിച്ചിരുന്നു.

2017-ൽ അങ്ങനെയുള്ള സാമ്പത്തിക ആനുകൂല്യം അപ്പീൽവാദികൾക്ക് നൽകിയതിനുശേഷം, അവർ 2020-ൽ അവരവരുടെ തസ്തികകളിൽ നിന്നും വിരമിച്ചു. അവർ വിരമിച്ച് മൂന്ന് വർഷത്തിനു ശേഷവും, അവർക്ക് സാമ്പത്തിക ആനുകൂല്യം അനുവദിച്ച് ആറ് വർഷത്തിന് ശേഷവും, ഷെട്ടി കമ്മീഷന്റെ ശിപാർശകൾ തെറ്റായി വ്യാഖ്യാനിച്ചായിരുന്നു അപ്പീൽവാദികൾക്ക് അങ്ങനെയുള്ള ആനുകൂല്യം നൽകിയിരുന്നു എന്ന കാരണത്താൽ, പ്രസ്തുത തുക ഈടാക്കാൻ 1-ാം എതിർകക്ഷി ഉത്തരവിട്ടു. അങ്ങനെ അപ്പീൽവാദികൾക്ക് അധികമായി നൽകിയ സാമ്പത്തിക ആനുകൂല്യം ഈടാക്കുന്നതിന്റെ ഭാഗമായി 12.09.2023, 08.09.2023 തീയതികളിലെ ഉത്തരവുകൾ പ്രകാരം, അങ്ങനെയുള്ള തുക തിരിച്ചടക്കുവാൻ അവരോട് നിർദ്ദേശിച്ചു. അപ്പീൽവാദികളുടെ ഭാഗം കേൾക്കാതെ ഉത്തരവുകൾ പാസാക്കിയതിനാൽ, അവർ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും, ചോദ്യംചെയ്ത വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും ടി ഹർജി തള്ളുകയും ചെയ്തു.

അപ്പീൽവാദികൾക്ക് സാമ്പത്തിക ആനുകൂല്യം അനുവദിച്ചതിൽ, അവരുടെ ഭാഗത്തുനിന്ന് യാതൊരുതരത്തിലുള്ള വഞ്ചനയോ തെറ്റിദ്ധരിപ്പിക്കലോ ഉണ്ടായിട്ടില്ല എന്നും അതിനാൽ, വിരമിച്ച് മൂന്ന് വർഷത്തിന് ശേഷം അങ്ങനെയുള്ള തുക ഈടാക്കുന്നത് നിയമവിരുദ്ധവും ഏകപക്ഷീയവുമാണെന്നും അപ്പീൽവാദികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചു. തുച്ഛമായ ശമ്പളം ലഭിക്കുന്ന ഒരു ജീവനക്കാരനിൽ നിന്ന് അയാൾ വിരമിച്ചതിന് ശേഷം അധികമായി നൽകിയ തുക ഈടാക്കുന്നത് നിയമവിരുദ്ധമാണെന്ന് പ്രസ്താവിച്ച ഈ കോടതിയുടെ വിധിന്യായങ്ങളെയും സുസ്ഥാപിത നിയമവും പരിഗണിക്കുന്നതിൽ ഹൈക്കോടതി പരാജയപ്പെട്ടുവെന്ന് വാദിച്ചു.

നേരെമറിച്ച്, സാമ്പത്തിക ആനുകൂല്യത്തിന് അപ്പീൽവാദികൾക്ക് അർഹതയില്ലെന്നും, കട്ടക്കിലെ ജില്ലാ ജഡ്ജി പുറപ്പെടുവിച്ച ഉത്തരവ് ഒറീസ ഹൈക്കോടതി ഭരണപരമായ അധികാരം വിനിയോഗിച്ചുകൊണ്ട് ശരിവെച്ചിട്ടുള്ളതിനാൽ, ഈടാക്കൽ നടപടി നീതികരിക്കാവുന്നതാണെന്നും വാദിച്ചുകൊണ്ട് എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ചോദ്യംചെയ്ത വിധിന്യായത്തെ പിന്തുണച്ചു. അധിക തുക എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് അപ്പീൽവാദികൾ തിരികെ നൽകുമെന്ന വ്യവസ്ഥയോടെയാണ് മുൻകാല പ്രാബല്യത്തോടെയുള്ള സ്ഥാനക്കയറ്റത്തിന് അത്തരം സാമ്പത്തിക ആനുകൂല്യം അനുവദിച്ചതെന്നും, ഇത് സംബന്ധിച്ച് നിയമ സാധുതയുള്ള ഉറപ്പ് രേഖാമൂലം അപ്പീൽവാദികൾ സമർപ്പിച്ചിട്ടുള്ളതിനാൽ ഈടാക്കലിനെ ചോദ്യം ചെയ്യുന്നതിൽ നിന്ന് അവർ വിലക്കപ്പെട്ടിരിക്കുന്നു എന്നും വാദിച്ചു.

ഞങ്ങളുടെ പരിഗണനയിൽ വന്നിട്ടുള്ള വിഷയം 10.05.2017 ന് അപ്പീൽവാദികൾക്ക് മുൻകാല പ്രാബല്യത്തോട് കൂടി നൽകിയിട്ടുള്ള സ്ഥാനക്കയറ്റത്തിന്റെയും

സാമ്പത്തിക ആനുകൂല്യത്തിന്റെയും നിയമസാധുതയെക്കുറിച്ചല്ല. മറിച്ച് അപ്പീൽവാദികൾ സർവീസിലായിരിക്കെ അവർക്ക് നൽകിയ തുക വിരമിച്ച ശേഷം ടിയാന്മാരെ കേൾക്കാതെ ഈടാക്കാൻ കഴിയുമോ എന്നതാണ് പരിഗണിക്കേണ്ട വിഷയം.

**സാഹിബ് റാം v. ഹരിയാന സംസ്ഥാനം, ശ്യാം ബാബു വർമ്മ v. യൂണിയൻ ഓഫ് ഇന്ത്യ, യൂണിയൻ ഓഫ് ഇന്ത്യ v. എം. ഭാസ്കർ, വി. ഗംഗാറാം v. റീജിയണൽ ജോയിന്റ് ഡയറക്ടർ, തോമസ് ഡാനിയേൽ v. കേരള സംസ്ഥാനവും മറ്റുള്ളവരും** എന്നീ കേസുകളിലും ഈ കോടതി ഈ നിലപാട് ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു.

ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള തെറ്റിദ്ധരിപ്പിക്കലോ വഞ്ചനയോ കൂടാതെ അധിക തുക നൽകിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ ശമ്പളം/ബത്ത കണക്കാക്കുന്നതിൽ തെറ്റായ തത്വം തൊഴിലുടമ പ്രയോഗിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും ചട്ടം/ഉത്തരവിന്റെ പ്രത്യേക വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലോ ജീവനക്കാരന് അധിക തുക കിട്ടുന്നുണ്ടെങ്കിലോ, അത് തെറ്റാണെന്ന് പിന്നീട് കണ്ടെത്തുകയും ചെയ്താൽ, അത്തരം അധിക ശമ്പളമോ ബത്തകളോ ഈടാക്കാൻ കഴിയില്ലെന്ന് ഈ കോടതി വ്യക്തമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈടാക്കലിനെതിരെ നൽകുന്ന ഈ ആശ്വാസം ജീവനക്കാരന്റെ ഏതെങ്കിലും അവകാശം മൂലമല്ല, മറിച്ച് ധാർമിക നീതിയുടെ അടിസ്ഥാനത്തിലാണ് എന്ന് വിധിച്ചിരുന്നു.

ഈ കേസിൽ, അപ്പീൽവാദികൾ സ്റ്റെനോഗ്രാഫർ തസ്തികയിൽ ജോലി ചെയ്യുമ്പോൾ ആയിരുന്നു ചട്ടങ്ങൾക്ക് വിരുദ്ധമായി തുക നൽകിയിരുന്നത്. അപ്പീൽവാദികൾ നടത്തിയ ഏതെങ്കിലും വഞ്ചനെയോ തെറ്റിദ്ധരിപ്പിക്കലോ മൂലമാണ് അധികതുക നൽകിയതെന്ന് രേഖകളിൽ എങ്ങും പ്രതിഫലിക്കുന്നില്ല. അപ്പീൽവാദികൾക്ക് കട്ടക്ക് ജില്ലാ ജഡ്ജി സാമ്പത്തിക ആനുകൂല്യം അനുവദിച്ചത് ഹൈക്കോടതി അംഗീകരിക്കാത്തതിനാൽ, അത് തുടർന്നുള്ള ഈടാക്കൽ ഉത്തരവിലേക്ക് നയിക്കുകയായിരുന്നു. 2017-ൽ ആണ് തുക നൽകിയിരുന്നതെങ്കിലും 2023-ൽ മാത്രമാണ് ഈടാക്കൽ സംബന്ധിച്ച നടപടികൾക്ക് ഉത്തരവായിട്ടുള്ളത് എന്നതിൽ തർക്കമില്ല. എന്നിരുന്നാലും, ഇതിനിടയിൽ, അപ്പീൽവാദികൾ 2020-ൽ സേവനത്തിൽ നിന്നും വിരമിച്ചു. ഈടാക്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് അപ്പീൽവാദികളുടെ വാദം കേൾക്കാൻ ഒരു അവസരവും നൽകിയില്ല എന്നത് സമ്മതിച്ചിട്ടുള്ള സംഗതിയാണ്. മിനിസ്റ്റീരിയൽ വിഭാഗത്തിലെ സ്റ്റെനോഗ്രാഫർ തസ്തികയിൽ നിന്നും വിരമിച്ച അപ്പീൽവാദികൾ യാതൊരു ഗസറ്റഡ് തസ്തികയും വഹിച്ചിട്ടില്ലാത്തതിനാൽ മുകളിൽ ഉദ്ധരിച്ച വിധിന്യായത്തിൽ സുപ്രീം കോടതി വ്യക്തമാക്കിയ തത്വം ഈ കേസിലെ വസ്തുതകൾക്ക് ബാധകമാക്കുമ്പോൾ, ഈടാക്കൽ നീതികരിക്കാനാകില്ലെന്ന് കണ്ടെത്തി.

മേൽപ്പറഞ്ഞവ കണക്കിലെടുക്കുമ്പോൾ, അപ്പീൽ അനുവദിക്കേണ്ടതാണെന്ന് ഞങ്ങൾ കാണുന്നു. അതനുസരിച്ച്, ഞങ്ങൾ അപ്പീൽ അനുവദിക്കുകയും ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്യുന്നു. തൽഫലമായി, അധിക തുക തിരിച്ചടക്കാൻ അപ്പീൽവാദികളോട് നിർദ്ദേശിച്ച 12-09-2023, 08-09-2023 തീയതികളിലെ ഉത്തരവുകൾ റദ്ദാക്കുന്നു.




# ഹൈക്കോടതി വിധി

## സംക്ഷിപ്തം

# കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് പി. ജി. അജിത്കുമാർ

ക്രിമിനൽ എം.സി. നം. 4916 / 2024

**അഹമ്മദ് നസീഫും മറ്റുള്ളവരും – ഹർജിക്കാർ**

**v.**

**കേരള സംസ്ഥാനവും മറ്റൊരാളും – എതിർകക്ഷികൾ**

(14.03.2025- ലെ ഉത്തരവ്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

2006–ലെ ഭക്ഷ്യ സുരക്ഷാ ആക്റ്റിന്റെ 66(1)-ാം വകുപ്പ് പ്രകാരം, കമ്പനിയും, കുറ്റകൃത്യം നടന്ന സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചിരുന്നതും കമ്പനിയുടെ വ്യാപാരത്തിന്റെ നടത്തിപ്പിന് ഉത്തരവാദിയായിരുന്നതുമായ ഓരോ വ്യക്തിയും നടപടിക്ക് വിധേയരാക്കേണ്ടതാണ്. കമ്പനിയുടെ ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ഭാഗത്ത് നിന്ന് കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അശ്രദ്ധയോ ഒത്താശയോ, ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ക്രിമിനൽ വ്യവഹാര നടപടികൾ സ്വീകരിക്കാൻ 66(2)-ാം വകുപ്പ് ഭക്ഷ്യസുരക്ഷാ ഓഫീസറെ അധികാരപ്പെടുത്തുന്നു.

ഭക്ഷ്യ സുരക്ഷാ ആക്റ്റിന്റെ 66–ാം വകുപ്പിലെ വിശദീകരണം-(എ) യുടെ വെളിച്ചത്തിൽ, 66–ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന കമ്പനിയുടെ പരിധിയിൽ ഒരു പങ്കാളിത്ത സ്ഥാപനവും വരും. അതിനാൽ, പരാതിയിൽ പരാമർശിച്ചിരിക്കുന്ന കുറ്റകൃത്യങ്ങൾക്ക് പങ്കാളികൾക്കെതിരെയും നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ, അതിനായി ആക്ടിലെ 66(2)-ാം വകുപ്പിൽ ആവശ്യപ്പെടുന്നതുപോലെ പരാതിയിൽ പ്രത്യേക ആരോപണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

## ഉത്തരവ്

ഈ കേസിലെ ഹർജിക്കാരെയും മറ്റ് മൂന്ന് പേരെയും പ്രതികളാക്കി പേരാമ്പ്രയിലെ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ 2–ാം എതിർകക്ഷി അനുബന്ധം–1 പരാതി സമർപ്പിച്ചു. 2006–ലെ ഭക്ഷ്യസുരക്ഷാ ആക്ടിന്റെ 3(1)(zz)(viii), 26(1), 26(2)(i), 59(i) വകുപ്പുകൾ 66–ാം വകുപ്പിനോട് കൂട്ടി വായിച്ച പ്രകാരമാണ് ഇവർക്കെതിരെ കുറ്റകൃത്യങ്ങൾ ചുമത്തിയിരിക്കുന്നത്. കുറ്റകൃത്യങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മജിസ്ട്രേറ്റ് എല്ലാ പ്രതികൾക്കും സമൻസ് അയയ്ക്കുകയും ചെയ്തു. 397/2022 നമ്പർ സി.സി. യിലെ പരാതിയും അതിനെ തുടർന്നുള്ള നടപടികളും റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് 3 മുതൽ 9 വരെയുള്ള പ്രതികൾ 1973–ലെ ക്രിമിനൽ

നടപടി നിയമസംഹിതയുടെ 482-ാം വകുപ്പിൻ കീഴിൽ ഈ ഹർജി സമർപ്പിച്ചത്.

പരാതിക്ക് അടിസ്ഥാനമായ ആരോപണങ്ങൾ താഴെ പറയുന്നവയാണ്:

18-10-2021-ന് ഉച്ചയ്ക്ക് ഏകദേശം ഒരു മണിയോടെ 2-ാം എതിർകക്ഷി പേരാമ്പ്രയിലെ “മെസ്സേഴ്സ് മലബാർ ഭവൻ റെസ്റ്റോറന്റിന്റെ” പരിസരം പരിശോധിച്ചു. ആ സമയത്ത് ഭക്ഷണ വ്യാപാരനടത്തിപ്പുകാരനായ (food business operator) 1-ാം പ്രതി സന്നിഹിതനായിരുന്നു. 2-ാം എതിർകക്ഷി ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ എടുക്കാനുള്ള തന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുകയും, തുടർന്ന് വിൽപ്പനയ്ക്കായി വെച്ചിരുന്ന 2 കിലോ ചിക്കൻ ഫ്രൈ സാമ്പിളായി വാങ്ങുകയും, അതിന്റെ വിലയായി 500 രൂപ നൽകുകയും ചെയ്തു. അങ്ങനെ വാങ്ങിയ ചിക്കൻ ഫ്രൈയുടെ സാമ്പിളിന്മേൽ നടത്തിയ ലാബ് പരിശോധനയിൽ നിരോധിക്കപ്പെട്ട ചേരുവയായ (prohibited addent) “സൺസെറ്റ് യെല്ലോ” എന്ന സിന്തറ്റിക് ഫുഡ് കളർ ചേർത്തതായി കണ്ടെത്തി. അതിനാൽ, വ്യാപാര സ്ഥാപനത്തിന്റെ പ്രാഥമിക ചുമതലയുള്ള 1-ാം പ്രതിയും, വ്യാപാര സ്ഥാപനം നടത്തിയിരുന്ന പങ്കാളിത്തസ്ഥാപവും, അതിലെ പങ്കാളികളും പ്രസ്തുത കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ആരോപിക്കുന്നു.

പരാതിയിലെ ആരോപണങ്ങളും ഹർജിയിലെ വാദങ്ങളും പരിഗണിക്കുമ്പോൾ, 2-ാം എതിർകക്ഷി വ്യാപാര സ്ഥാപനത്തിൽ പരിശോധന നടത്തിയ സമയത്ത് അതിന്റെ നടത്തിപ്പ് 1-ാം പ്രതിക്ക് ആയിരുന്നു എന്ന് കാണുന്നു. മെസ്സേഴ്സ് മലബാർ ഭവൻ റെസ്റ്റോറന്റ് എന്ന പങ്കാളിത്ത സ്ഥാപനമാണ് ഭക്ഷ്യ വ്യാപാരം നടത്തിയതെന്നും, ഹർജിക്കാർ അതിലെ പങ്കാളികൾ മാത്രമായതിനാൽ അവരെ കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളാക്കാൻ കഴിയില്ലെന്നും വാദിച്ചു.

പങ്കാളിത്ത കരാറിന്റെ പകർപ്പിൽ നിന്നും വ്യാപാര സ്ഥാപനത്തിന്റെ നടത്തിപ്പ് മാനേജിംഗ് പാർട്ണറായ രണ്ടാം പ്രതി മുഹമ്മദ് ഇസ്മായിലിനെ ഏൽപ്പിച്ചതായി കാണുന്നു. സ്ഥാപനത്തിന്റെ പങ്കാളികൾ എന്ന നിലയിലാണ് 3 മുതൽ 9 വരെയുള്ള കുറ്റാരോപിതരായ ഹർജിക്കാരെ പ്രതികളാക്കിയത്. വ്യാപാര സ്ഥാപനത്തിന്റെ നടത്തിപ്പിന് അവർ ഉത്തരവാദികളായിട്ടില്ലെന്ന് മാത്രമല്ല, ഭക്ഷണ വ്യാപാര സ്ഥാപനത്തിന്റെ കാര്യങ്ങളിൽ അവർ വ്യക്തിപരമായി ഇടപെട്ടിട്ടുമില്ല. ഈ സാഹചര്യത്തിൽ, അവർക്കെതിരായ അനുബന്ധം-I പരാതി റദ്ദാക്കപ്പെടേണ്ടതാണെന്ന് അവർ വാദിച്ചു.

ഹർജിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷകന്റെ വാദങ്ങൾ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ നിരാകരിച്ചു. ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് വ്യാപാരത്തിൽ ഉൾപ്പെട്ടിട്ടുള്ളതും, ഭക്ഷണ വ്യാപാരം നടത്തുന്നതിൽ അനാസ്ഥ കാണിച്ചതുമായ വ്യക്തികളെ ക്രിമിനൽ വ്യവഹാര നടപടികൾക്ക് വിധേയമാക്കാൻ ഭക്ഷ്യസുരക്ഷാ ആക്ടിന്റെ 66(2)-ാം വകുപ്പ് അധികാരപ്പെടുത്തുന്നു എന്ന് അദ്ദേഹം വാദിച്ചു. അതിനാൽ പരാതി റദ്ദാക്കണമെന്ന ഹർജി പരിഗണിക്കാൻ കഴിയില്ലെന്ന് അദ്ദേഹം ബോധിപ്പിച്ചു.

66(1)-ാം വകുപ്പ് പ്രകാരം, കമ്പനിയും, കുറ്റകൃത്യം നടന്ന സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചിരുന്നതും കമ്പനിയുടെ വ്യാപാരത്തിന്റെ നടത്തിപ്പിന് ഉത്തരവാദിയായിരുന്നതുമായ ഓരോ വ്യക്തിയേയും നടപടിക്ക് വിധേയരാക്കേണ്ടതാണ്. കമ്പനിയുടെ ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ഭാഗത്ത് നിന്ന് കുറ്റകൃത്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അശ്രദ്ധയോ ഒത്താശയോ, ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ക്രിമിനൽ വ്യവഹാര നടപടികൾ സ്വീകരിക്കാൻ 66(2)-ാം വകുപ്പ് ഭക്ഷ്യസുരക്ഷാ ഓഫീസറെ അധികാരപ്പെടുത്തുന്നു.

ഭക്ഷ്യ സുരക്ഷാ ആക്റ്റിന്റെ 66-ാം വകുപ്പിലെ വിശദീകരണം-(എ) യുടെ വെളിച്ചത്തിൽ, 66-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന കമ്പനിയുടെ പരിധിയിൽ ഒരു പങ്കാളിത്ത സ്ഥാപനവും വരും. അതിനാൽ, പരാതിയിൽ പരാമർശിച്ചിരിക്കുന്ന കുറ്റകൃത്യങ്ങൾക്ക് പങ്കാളികൾക്കെതിരെയും നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ, അതിനായി ആക്ടിലെ 66(2)-ാം വകുപ്പിൽ ആവശ്യപ്പെടുന്നതുപോലെ പരാതിയിൽ പ്രത്യേക ആരോപണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

ഹർജിക്കാരിൽ ആരെങ്കിലും പേരാമ്പ്രയിലെ ഭക്ഷണ വ്യാപാര സ്ഥാപനമായ മലബാർ ഭവൻ റെസ്റ്റോറന്റിന്റെ ചുമതലയോ അതിന്റെ ഉത്തരവാദിത്തമോ വഹിച്ചിരുന്നതായി അനുബന്ധം-1 പരാതിയിൽ സൂചിപ്പിച്ചിട്ടില്ല. ഭക്ഷണ വ്യാപാര സ്ഥാപനത്തിന്റെ ചുമതലയുള്ള വ്യക്തിയെക്കുറിച്ച് പറയുന്ന 2011 ലെ ഭക്ഷ്യ സുരക്ഷാ ചട്ടങ്ങളിലെ ചട്ടം 2.5.1 പ്രകാരം നൽകിയിട്ടുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട്ടെ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ചോദ്യത്തിന് മറുപടിയായി അസിസ്റ്റന്റ് കമ്മീഷണർ അയച്ച കത്താണ് അനുബന്ധം-III. അനുബന്ധം III മുഖേന 2-ാം എതിർകക്ഷിക്ക് നൽകിയ വിശദാംശങ്ങൾ പ്രകാരം മേൽപറഞ്ഞ ഭക്ഷണ വ്യാപാര സ്ഥാപനത്തിന്റെ ഉത്തരവാദിയായ വ്യക്തി സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ട്ണറായ രണ്ടാം പ്രതി ശ്രീ. മുഹമ്മദ് ഇസ്മായിൽ ആണ്. സ്ഥാപനത്തിന്റെ നടത്തിപ്പ് മാനേജിംഗ് പാർട്ട്ണറായ രണ്ടാം പ്രതി ശ്രീ. മുഹമ്മദ് ഇസ്മായിലിൽ നിക്ഷിപ്തമായിരിക്കുമെന്ന് അനുബന്ധം-IV പങ്കാളിത്ത കരാറിലെ 8-ാം ഖണ്ഡത്തിൽ നിന്നും വളരെ വ്യക്തമാണ്. അതിനാൽ, പങ്കാളിത്ത സ്ഥാപനത്തിന്റെ നടത്തിപ്പിന് ഉത്തരവാദി പങ്കാളികളിൽ 2-ാം പ്രതി മാത്രമാണെന്ന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാണ്. ഭക്ഷ്യ വ്യാപാര സ്ഥാപനത്തിന്റെ ചുമതലയുണ്ടായിരുന്നതും പരിശോധന സമയത്ത് അവിടെ ഉണ്ടായിരുന്നതുമായ വ്യക്തിയായിരുന്നു ഒന്നാം പ്രതി.

പരാതിയിൽ ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിന് പ്രധാന ഉത്തരവാദികൾ 2-ാം പ്രതിയായ മാനേജിംഗ് പാർട്ട്ണറും 10-ാം പ്രതിയായ പങ്കാളിത്ത സ്ഥാപനവുമാണ്. ഭക്ഷണ വ്യാപാര സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന വ്യക്തിയായ 1-ാം പ്രതിയും ഈ കേസിലെ കുറ്റകൃത്യത്തിന്മേൽ മറുപടി നൽകാൻ ബാധ്യസ്ഥനാണ്.

അങ്ങനെ നോക്കുമ്പോൾ, 3 മുതൽ 9 വരെയുള്ള പ്രതികളായ ഹർജിക്കാർ സ്ഥാപനത്തിന്റെ പങ്കാളികളാണെങ്കിലും, ഭക്ഷ്യസുരക്ഷാ ആക്റ്റിന്റെ 66(2)-ാം വകുപ്പ് പ്രകാരം കുറ്റകൃത്യത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ വസ്തുതകളും വാദങ്ങളും അനുബന്ധം-1 പരാതിയിൽ പറഞ്ഞിട്ടില്ലാത്തതിനാൽ അവരെ ക്രിമിനൽ നടപടികൾക്ക് വിധേയരാക്കാൻ സാധിക്കില്ല. അതിനാൽ, ഹർജിക്കാർക്കെതിരെ പേരാമ്പ്രയിലെ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെയുള്ള സിസി നമ്പർ 397/2022 ലെ പരാതിയും തുടർ നടപടികളും റദ്ദാക്കേണ്ടതാണ്.

അതനുസരിച്ച്, ഈ ക്രിമിനൽ എം.സി. അനുവദിച്ചിരിക്കുന്നു. ഹർജിക്കാർക്കെതിരെ പേരാമ്പ്രയിലെ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെയുള്ള സിസി നമ്പർ 397/2022 ലെ പരാതിയും തുടർ നടപടികളും റദ്ദാക്കുന്നു.




# സുപ്രധാനവിധികൾ
## ഒറ്റനോട്ടത്തിൽ

## മൻസൂർ അലി
## v.
## കേരള സംസ്ഥാനം
2025 : KER : 19907

ക്രിമിനൽ നടപടി നിയമ സംഹിതയുടെ 227-ാം വകുപ്പ് പ്രകാരം സമർപ്പിച്ച വിടുതൽ ഹർജി വിചാരണ കോടതി തള്ളയതിനെ ചോദ്യം ചെയ്തുകൊണ്ട് കേസിലെ 5-ാം പ്രതിയാണ് നിലവിലെ ക്രിമിനൽ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

ഈ കേസിൽ 5 പ്രതികളാണ് ഉള്ളത്. അതിൽ 1 മുതൽ 3 വരെയുള്ള പ്രതികൾക്കുമേൽ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടിന്റെ 20, 29 വകുപ്പുകൾ പ്രകാരവും 4 ഉം 5 ഉം പ്രതികൾക്കുമേൽ ടി ആക്റ്റിന്റെ വകുപ്പ് 27A പ്രകാരവുമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

ഇങ്ങനെയുള്ള ഒരു കേസിൽ പ്രതികളിലൊരാൾ കൂട്ടുപ്രതിയുമായി ഇടക്കിടെ ഫോണിൽ ബന്ധപ്പെട്ടിരുന്നു എന്നത് കുറ്റകൃത്യത്തിൽ അയാളുടെ പങ്കാളിത്തം അനുമാനിക്കാൻ പര്യാപ്തമാണോ എന്നതായിരുന്നു കോടതി യുടെ പരിഗണനയ്ക്കു വന്ന പ്രധാന ചോദ്യം.

കുറ്റം തെളിയിക്കുന്നതരത്തിലുള്ള മറ്റേതെ ങ്കിലും വസ്തുതകളുടെ അഭാവത്തിൽ പ്രതികളിലൊരാൾ കൂട്ടുപ്രതിയുമായി ഇടക്കിടെ ഫോണിൽ ബന്ധപ്പെട്ടിരുന്നു എന്നത് കുറ്റകൃത്യത്തിൽ അയാളുടെ പങ്കാളിത്തം അനുമാനിക്കാൻ പര്യാപ്തമല്ല എന്നു കോടതി വിധിച്ചു. ഫോൺ വിളി സംബന്ധിച്ച രേഖകളെ മാത്രം ആശ്രയിച്ചുകൊണ്ട് ഹർജിക്കാരനായ 5-ാം പ്രതി, 1 മുതൽ 3 വരെയുള്ള പ്രതികൾക്ക് കഞ്ചാവ് സംഭരിക്കുന്നതി നായുള്ള ധനസഹായം നൽകിയെന്ന തരത്തിൽ ഒരു പ്രോസിക്യൂഷൻ കേസ് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയില്ല എന്നും ഇത് ഹർജിക്കാരനായ 5-ാം പ്രതിയും കൂട്ടു പ്രതികളും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരുന്നു എന്ന് കാണിക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ എന്നും കോടതി കൂട്ടിച്ചേർത്തു.

ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ഇടപാടുകളുടെ അഭാവത്തിലും അല്ലെങ്കിൽ ഹർജിക്കാരനിൽ നിന്നും ഏതെങ്കിലും നർക്കോട്ടിക്ക് പദാർത്ഥങ്ങൾ പിടിച്ചെടുക്കാത്ത സാഹചര്യത്തിലും ഹർജിക്കാരനും 2 ഉം 4 ഉം പ്രതികളും തമ്മിൽ ഫോണിൽ ബന്ധപ്പെട്ടിരുന്നു എന്നതുകൊണ്ട് മാത്രം ഹർജിക്കാരൻ 1 മുതൽ 3 വരെയുള്ള പ്രതികൾ കഞ്ചാവ് സംഭരിച്ചതിലും കൊണ്ടു പോകുന്നതിലും ഏതെങ്കിലും വിധത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ഒരു നിഗമനത്തിലേക്ക് എത്തിച്ചേരാൻ കഴിയില്ല എന്ന് കോടതി നിരീക്ഷിച്ചു.

## സിബിൻ എസ് വി
## v.
## കേരള സംസ്ഥാനം
2025 : KER : 20847

ആറാം ക്ലാസ് വിദ്യാർത്ഥിയെ ചൂരൽവടി കൊണ്ട് അടിച്ചു എന്ന് ആരോപിച്ചുകൊണ്ട് അധ്യാപകനെതിരെ 2023-ലെ ഭാരതീയ ന്യായ സംഹിതയുടെ 118(1)-ാം വകുപ്പും 2015-ലെ ജൂവനൈൽ ജസ്റ്റിസ് (കെയർ & പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റിന്റെ 75-ാം വകുപ്പും പ്രകാരം കുറ്റം ചുമത്തിയിരുന്നു. ഹർജിക്കാരനായ അധ്യാപകന്റെ മകൻ വാഹനാപകടത്തിൽ മരണപ്പെട്ടുവെന്ന വാർത്ത ടി വിദ്യാർത്ഥി പ്രചരിപ്പിച്ചതുമൂലം അവനോട് ഉണ്ടായ ശത്രുതയാണ് വിദ്യാർത്ഥിയെ അടിക്കാൻ കാരണമായത് എന്നായിരുന്നു പ്രോസിക്യൂഷൻ വാദം. ഈ കേസിൽ ജാമ്യം ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു.

ഹർജിക്കാരനായ അധ്യാപകന് കോടതി ജാമ്യം അനുവദിക്കുകയും തഴെപ്പറയും പ്രകാരം പ്രസ്താവിക്കുകയും ചെയ്തു:

ഒരു വിദ്യാർത്ഥിയെ രക്ഷിതാവ് സ്കൂളിലേക്ക് അയയ്ക്കുമ്പോൾ, കുട്ടി സ്കൂൾ അധികാ രികളുടെ ശിക്ഷണത്തിലും നിയന്ത്രണ ത്തിലും ആയിരിക്കുന്നതിനും സ്കൂളിന്റെ അച്ചടക്കം നിലനിർത്തുന്നതിനോ അവനെ തിരുത്തുന്നതിനോ ആവശ്യമായ ന്യായമായ ശിക്ഷ നൽകുന്നതിനും രക്ഷിതാവ് ഒരു

പരോക്ഷമായ സമ്മതം നൽകിയതായി കണക്കാക്കണം എന്ന് കോടതി നിരീക്ഷിച്ചു. അതേ സമയം, കുട്ടിക്ക് അകാരണമായ ശാരീരിക പീഡനമോ ഉപദ്രവമോ ഉണ്ടായാൽ, അത് അംഗീകരിക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി. ഒരു വിദ്യാർത്ഥിയെ ഉപദേശിച്ചതിന്റെയോ അവന്റെ അച്ചടക്കമില്ലായ്മയ്ക്കും പെരുമാറ്റത്തിനും ചെറിയ ശിക്ഷകൾ നൽകിയതിന്റെയോ പേരിൽ ഒരു അധ്യാപകനും കഷ്ടപ്പെടരുത് എന്നും കോടതി കൂട്ടിച്ചേർത്തു.

ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ 173(3)(i) -ാം വകുപ്പു പ്രകാരം, 3 വർഷമോ അതിൽ കൂടുതലോ എന്നാൽ 7 വർഷത്തിൽ കുറഞ്ഞതോ ആയ ശിക്ഷ ലഭിക്കാവുന്ന ഏതെങ്കിലും കുറ്റകൃത്യം ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ, പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെ, കുറ്റകൃത്യത്തിന്റെ സ്വഭാവവും ഗൗരവവും കണക്കിലെടുത്ത്, പ്രഥമദൃഷ്ട്യാ ഒരു കേസ് ഉണ്ടോ എന്ന് ഉറപ്പാക്കാൻ 14 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്താവുന്നതും പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെങ്കിൽ അന്വേഷണം തുടരാവുന്നതുമാണ് എന്ന് കോടതി ചൂണ്ടിക്കാട്ടി .

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു അധ്യാപകനെതിരെ ഏതെങ്കിലും പരാതി ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ 173(3)(i) വകുപ്പ് അനുസരിച്ച് ഒരു നിർബന്ധിത പ്രാഥമിക അന്വേഷണം നടത്തണം. പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി അധ്യാപകന് നോട്ടീസ് നൽകാമെങ്കിലും ആ ഘട്ടത്തിൽ അറസ്റ്റ് ചെയ്യാൻ പാടുള്ളതല്ലെന്നും കോടതി നിരീക്ഷിച്ചു .

ഈ ഉത്തരവ് കൈപ്പറ്റി കഴിയുന്നത്ര വേഗത്തിൽ എന്നാൽ ഒരു മാസത്തിനകം ഇത് സംബന്ധിച്ച ഉചിതമായ സർക്കുലറോ ഉത്തരവോ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിക്കേണ്ടതാണ് എന്നും കോടതി പ്രസ്താവിച്ചു.

## തോമസ് ആന്റണി

## v.

## കേരള സംസ്ഥാനം

2025 : KER : 22497

ഹർജിക്കാരൻ ജില്ലാ ടൂറിസം ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ ആയി സേവനമനുഷ്ഠിച്ച് വരവെ കൂടെ ജോലി ചെയ്ത ഒരു ജീവനക്കാരിയെ തൊഴിലിടത്തിൽ വച്ച് പീഡിപ്പിച്ചു എന്ന ആരോപണത്തെ തുടർന്ന് POSH ആക്റ്റിൻ കീഴിൽ രൂപീകരിച്ച ആഭ്യന്തര പരാതി പരിഹാര സമിതിയുടെ അന്വേഷണം നേരിടേണ്ടി വന്നു.

അതിന്റെ ഭാഗമായി അയാളെ ജൂനിയർ തസ്തികയിലേയ്ക്ക് തരംതാഴ്ത്താൻ നിർദ്ദേശിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് ഹർജിക്കാരന് നൽകിയതിനെ തുടർന്ന് അത് ചോദ്യം ചെയ്തുകൊണ്ട് അയാൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. എന്നാൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന ഘട്ടത്തിൽ പരിഹാരങ്ങൾ തേടാവുന്നതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ട്രൈബ്യൂണൽ അപേക്ഷ തള്ളി.

തുടർന്ന് പരാതിയിന്മേലുള്ള അന്വേഷണത്തിലും പരാതിക്കാരിയുടെ എതിർവിസ്താരത്തിലും പങ്കെടുക്കാൻ തനിക്ക് അനുമതി നിഷേധിച്ചുവെന്ന് ആരോപിച്ചുകൊണ്ടാണ് ഹർജിക്കാരൻ ഭരണഘടനയുടെ 227-ാം അനുച്ഛേദം അനുസരിച്ച് ബഹു. ഹൈക്കോടതിയിൽ ഈ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

കുറ്റാരോപിതനായ ജീവനക്കാരന് എതിരായുള്ള അച്ചടക്കനടപടികളുമായി ബന്ധപ്പെട്ട ഒരു അന്വേഷണം പൂർത്തീകരിക്കുന്നതിന് മുൻപ് ഇടക്കാല നടപടികളെ ചോദ്യം ചെയ്യാൻ കഴിയുമോ എന്നതും പരാതിക്കാരിയെ എതിർവിസ്താരം ചെയ്യാൻ അനുവദിക്കുന്ന കേരള സിവിൽ സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ POSH ആക്റ്റിന് കീഴിലുള്ള ഒരു ആഭ്യന്തര പരാതി പരിഹാര സമിതി പാലിക്കേണ്ടതുണ്ടോ എന്നതും, POSH ആക്റ്റിന് കീഴിലുള്ള പരാതികളിന്മേലുള്ള

അന്വേഷണങ്ങളുമായി ബന്ധപ്പെട്ട നടപടികളിൽ പരാതിക്കാരിയുടെ വിവരങ്ങൾ വെളിപ്പെടുത്താതിരിക്കുന്നതിനുള്ള സംവിധാനത്തിന്റെ ആവശ്യകതയുണ്ടോ എന്നതുമായിരുന്നു ഈ കേസിൽ കോടതിയുടെ പരിഗണനയ്ക്കായി വന്ന പ്രധാന ചോദ്യങ്ങൾ.

സ്വകാര്യതയ്ക്കുള്ള അവകാശം ഒരു മൗലികാവകാശമായി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പരാതിക്കാരിക്ക് കുറ്റാരോപിതനായ ജീവനക്കാരന്റെ അവകാശങ്ങളെ ഹനിക്കാത്ത വിധത്തിൽ അവളുടെ വിവരങ്ങൾ പൊതുസഞ്ചയത്തിൽ വരുന്നില്ല എന്ന് ഉറപ്പാക്കാനുള്ള അവകാശമുണ്ട് എന്ന് കോടതി പ്രസ്താവിച്ചു. കൂടാതെ, നാല് മാസത്തിനുള്ളിൽ ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കാൻ സംസ്ഥാന സർക്കാരിനോട് ബഹു. ഹൈക്കോടതി ആവശ്യപ്പെടുകയും ചെയ്തു.

POSH ആക്റ്റിലെ 11(1) ഉം 13(3)(i) ഉം വകുപ്പുകൾ സംയോജിപ്പിച്ച് വായിക്കുകയാണെങ്കിൽ അത് വ്യക്തമാക്കുന്നത്, സർക്കാർ ജീവനക്കാരനെതിരെ പെരുമാറ്റദൂഷ്യം തെളിയിക്കുന്നതിനായി POSH ആക്റ്റ് പ്രകാരം നടത്തുന്ന അന്വേഷണം, ഒരു അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ രീതിയിലായിരിക്കേണ്ടതാണ്. അതിനാൽ, അങ്ങനെയുള്ള അന്വേഷണത്തിൽ പിൻതുടരേണ്ട നടപടിക്രമം കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ അല്ലെങ്കിൽ ജീവനക്കാരന് ബാധകമായ മറ്റ് വകുപ്പുതല ചട്ടങ്ങളിൻ കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമമായിരിക്കണം എന്നും കോടതി നിരീക്ഷിച്ചു.

അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന ജീവനക്കാരനെ ശിക്ഷണാധികാരി അന്തിമ തീരുമാനത്തിലെത്തുന്നത് വരെ ഇടക്കാല നടപടികളെ ചോദ്യം ചെയ്യാൻ അനുവദിക്കരുത് എന്നും അന്വേഷണത്തിൽ സ്വാഭാവിക നീതിയുടെ തത്വങ്ങളുടെയോ ഏതെങ്കിലും നിയമ വ്യവസ്ഥകളുടെയോ ലംഘനം ഉണ്ടായാൽ, അന്തിമതീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് ജീവനക്കാരന് ആ കാര്യങ്ങൾ ഉന്നയിക്കാം എന്നും കോടതി പ്രസ്താവിച്ചു.

അന്വേഷണ നടപടികളോ അച്ചടക്ക നടപടികളോ ഓരോ ഘട്ടത്തിലും ചോദ്യം ചെയ്യലിന് വിധേയമാക്കിയാൽ, നടപടികൾക്ക് ഒരു അവസാനവും ഉണ്ടാകില്ല, അത് പൊതുഭരണ സംവിധാനത്തെ ബാധിക്കും എന്നും കോടതി നിരീക്ഷിച്ചു.

## കേരള സംസ്ഥാനം

## v.

## ടി രാജീവ്

2025 : KER : 36153

പോളിയോ പക്ഷാഘാതം മൂലം 60% ചലന വൈകല്യമുള്ള ഒരു ഭിന്നശേഷിക്കാരനാണ് ഈ കേസിലെ എതിർകക്ഷി. മോട്ടോർ വാഹന വകുപ്പിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ജോലി ചെയ്തുവരവേ, അദ്ദേഹം തനിയ്ക്ക് ജോലി ചെയ്യാൻ സൗകര്യപ്രദമായ ഒരു സ്ഥലത്ത് തന്നെ നിയമിക്കണമെന്നും, തനിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. ട്രൈബ്യൂണൽ അച്ചടക്ക നടപടി റദ്ദാക്കുകയും, അന്തർവകുപ്പ് സ്ഥലമാറ്റത്തിനുള്ള അപേക്ഷയിൽ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസ്, കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലായതിനാൽ ടി ഓഫീസിൽ കയറാൻ കഴിയാത്തതിനാൽ, അതേ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ജലസേചന വകുപ്പിന്റെ തലപ്പിള്ളി സബ്ഡിവിഷൻ ഓഫീസിൽ എൽഡി ടൈപ്പിസ്റ്റായി അദ്ദേഹത്തെ നിയമിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടാണ് എതിർകക്ഷി അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നത്.

അന്തർവകുപ്പ് സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് മാറ്റം സംബന്ധിച്ച അദ്ദേഹത്തിന്റെ അഭ്യർത്ഥന പരിഗണിക്കാൻ കഴിയില്ലെന്നും താഴ്ന്ന തസ്തികയിലേക്ക് മാറിപ്പോകുമ്പോൾ ശമ്പളം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥയില്ലെന്നും വ്യക്തമാക്കി സർക്കാർ അദ്ദേഹത്തിന്റെ

അപേക്ഷ നിരസിച്ചു. അന്തർവകുപ്പ് സ്ഥലംമാറ്റം വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% മായി പരിമിതപ്പെടുത്തിയിരിക്കുന്നത് അപേക്ഷ നിരസിക്കുന്നതിനുള്ള മറ്റൊരു കാരണമായി. 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ടിന്റെ വ്യവസ്ഥകളും, 1958-ലെ കെഎസ് & എസ് എസ് ആർ -ന്റെ ഭാഗം II-ലെ 39-ാം ചട്ടത്തിന്റെയും വെളിച്ചത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കണമെന്ന് നിർദ്ദേശിച്ച ട്രൈബ്യൂണലിന്റെ ഉത്തരവുകൾ മറികടന്നാണ് സർക്കാർ ഈ ഉത്തരവ് പാസാക്കിയിട്ടുണ്ടായിരുന്നത്.

എതിർകക്ഷി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തതിനെത്തുടർന്ന്, 29.11.2022 ൽ 1958 ലെ കെഎസ് & എസ് എസ് ആർ-ന്റെ ഭാഗം II-ലെ 39-ാം ചട്ടപ്രകാരം അദ്ദേഹത്തിന്റെ അവകാശവാദം അനുവദിച്ചുകൊണ്ട് ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും, തലപ്പിള്ളി സബ് ഡിവിഷൻ ജലസേചന ഓഫീസിൽ എൽഡി ടൈപ്പിസ്റ്റായി നിയമിക്കാൻ ഉത്തരവിടുകയും ചെയ്തു. മോട്ടോർ വാഹന വകുപ്പിൽ എതിർകക്ഷി വഹിച്ചിരുന്ന തസ്തികയുടെ ശമ്പളം സംരക്ഷിക്കുന്നത് സംബന്ധിച്ച് ഒരു അവകാശവാദം അദ്ദേഹം സ്ഥലമാറ്റ അപേക്ഷയിൽ ഉന്നയിച്ചിരുന്നുവെങ്കിലും, അത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ പരാമർശം ഒന്നും ഇല്ലായിരുന്നു. എന്നാൽ, ഒരു എൽഡി ടൈപ്പിസ്റ്റിന് അർഹതയുള്ള ശമ്പളം മാത്രമേ അദ്ദേഹത്തിന് നൽകിയിട്ടുള്ളൂ. ഇത് മോട്ടോർ വാഹന വകുപ്പിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് എന്ന നിലയിൽ അദ്ദേഹത്തിന് ലഭിച്ചിരുന്ന ശമ്പളവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ ശമ്പളമായിരുന്നു. തുടർന്ന്, എതിർകക്ഷി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും, അദ്ദേഹത്തിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ശമ്പളത്തിന് അർഹതയുണ്ടെന്നും അദ്ദേഹത്തിന്റെ ശമ്പളത്തിൽ എന്തെങ്കിലും കുറവ് വരുത്തുന്നത് 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ടിന്റെ വ്യവസ്ഥകളുടെ ലംഘനമാകുമെന്നും ട്രൈബ്യൂണൽ വിധിക്കുകയും ചെയ്തു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഈ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ഹൈക്കോടതിയെ സമീപിക്കുകയും, പ്രസ്തുത ആക്ടിന്റെ 3, 20, 45 എന്നീ വകുപ്പുകളെ അടിസ്ഥാനത്തിൽ കോടതി ഇനിപ്പറയും പ്രകാരം പ്രസ്താവിക്കുകയും ചെയ്തു:

പൊതുസ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണെന്ന് ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ഒരു കെട്ടിടത്തിന്റെ ഘടന ഭിന്നശേഷി സൗഹൃദമായിരിക്കണം. അത്തരം സൗകര്യങ്ങൾ സജ്ജമാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ, അയാളുടെ ശാരീരിക ശേഷിക്ക് ഉപരിയായി അങ്ങനെയുള്ള സർക്കാർ ജീവനക്കാരനെ ജോലി ചെയ്യാൻ നിർബന്ധിക്കാൻ കഴിയില്ല. ഭിന്നശേഷിക്കാരന്റെ കഴിവുകൾക്ക് അനുയോജ്യമായ ഒരു ഭൗതിക അന്തരീക്ഷം ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നു എന്നതിന്റെ പേരിൽ അയാൾക്കെതിരെ അച്ചടക്ക നടപടികളോ മറ്റ് നടപടികളോ സ്വീകരിക്കാൻ കഴിയില്ല.

ഈ കേസിൽ, സർക്കാർ ഒരു പരിഹാരം കണ്ടെത്തുന്നതിനുപകരം, അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെട്ട് എതിർകക്ഷി തന്നെ തന്റെ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുകയായിരുന്നു. അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെമ്പോൾ, തന്റെ ശമ്പളം സംരക്ഷിക്കപ്പെടണമെന്ന് എതിർകക്ഷിഒരു വ്യവസ്ഥ വെച്ചതിനാൽ, അയാളുടെ ശമ്പള സംരക്ഷണം അനുവദിക്കാതെ സർക്കാരിന് അദ്ദേഹത്തിന്റെ സ്ഥലംമാറ്റം അനുവദിക്കാൻ കഴിയില്ല.

എതിർകക്ഷിയുടെ ശമ്പളം സംരക്ഷിക്കാൻ സർക്കാർ തയ്യാറാകാത്തതിനാൽ, എതിർകക്ഷിയെ ജലസേചന വകുപ്പിലേക്ക് സ്ഥലംമാറ്റം ചെയ്ത ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. സർക്കാർ അദ്ദേഹത്തെ മോട്ടോർ വാഹന വകുപ്പിലേക്ക് തിരിച്ച് എടുക്കണമെന്നും, മുകളിലത്തെ നിലയിൽ പടിക്കെട്ട് കയറി ജോലി ചെയ്യാൻ നിർബന്ധിക്കരുതെന്നും, അയാളുടെ ശേഷിക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കണമെന്നും കോടതി വ്യക്തമാക്കി. ഒരു മാസത്തിനുള്ളിൽ ഇതിനായുള്ള ഉചിതമായ ഉത്തരവുകൾ പാസാക്കാൻ കോടതി സർക്കാരിനോട് നിർദ്ദേശിച്ചു.

## അനൂപ് വർക്കി

## v.

## ജി. എസ്. സജിപ്രസാദ്

2025 : KER : 31193

ഹർജിക്കാരൻ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറായി സ്ഥാനക്കയറ്റത്തിനുള്ള 2022 ലെ പുതുക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറായിരുന്നു. ഹർജിക്കാരനെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെ ചോദ്യം ചെയ്തു അതേ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന എതിർകക്ഷി കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. ഹർജിക്കാരൻ വിജിലൻസ് കേസിലെ പ്രതിയായതിനാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ യോഗ്യതയില്ലെന്ന് എതിർകക്ഷി വാദിച്ചു. ട്രൈബ്യൂണൽ എതിർകക്ഷിക്ക് അനുകൂലമായി വിധിച്ചപ്പോൾ, ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചു.

1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ ഭാഗം II ലെ ചട്ടം 28(ബി)(ഐ)(7) ലെ കുറിപ്പ് (i) ലെ വ്യവസ്ഥകൾ അനുസരിച്ച്, ഒരു ഉദ്യോഗസ്ഥന് എതിരെ അഴിമതി കേസുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അങ്ങനെയുള്ള ഒരാളെ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താമോ എന്നതാണ് പരിഗണനയ്ക്കായി ഉയർന്നു വന്ന ചോദ്യം.

കെ. എസ്. & എസ്. എസ്. ആർ. ഭാഗം II ലെ ചട്ടം 28(ബി)(i)(7) ലെ കുറിപ്പ് (i) ലെ ആദ്യ ഭാഗത്തിൽ, സസ്പെൻഷനിൽ നിൽക്കുന്ന ഉദ്യോഗസ്ഥരെയും കൂടാതെ ഗുരുതരമായ കുറ്റത്തിന് സെഷൻസ് കോടതിയിൽ ക്രിമിനൽ നടപടികൾ നിലനിൽക്കുന്ന ഉദ്യോഗസ്ഥരെയും, കഠിന ശിക്ഷ ചുമത്തുന്നതിന് വകുപ്പുതല നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥരെയും, സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രാഥമിക അന്വേഷണത്തിൽ കുറ്റം ചെയ്തതായി സ്ഥാപിക്കപ്പെട്ട ശേഷം വിജിലൻസ് അല്ലെങ്കിൽ വകുപ്പുതല നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തരുതെന്ന് കുറിപ്പ് (i) ന്റെ അവസാന ഭാഗത്തിൽ വ്യക്തമാക്കുന്നു.

കെ. എസ്. & എസ്. എസ്. ആർ. ഭാഗം II ലെ ചട്ടം 28 (ബി)(i)(7) ലെ കുറിപ്പ് (i) ലെ വ്യവസ്ഥകൾ പ്രകാരം വിജിലൻസ് കേസ് നേരിടുന്ന ഒരു ഉദ്യോഗസ്ഥനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് രണ്ട് വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. അവ ഇപ്രകാരമാണ് :-

1. ഒരു വിജിലൻസ് കേസോ അച്ചടക്കനടപടിയോ ആരംഭിച്ചിരിക്കണം.

2. അങ്ങനെയുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത് പ്രഥമദൃഷ്ട്യാ കുറ്റം സ്ഥാപിക്കുന്നതിനായുള്ള പ്രാഥമിക അന്വേഷണത്തിന് ശേഷം ആയിരിക്കണം.

'വിജിലൻസ് നടപടികൾ' എന്ന പദം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ആരംഭിച്ച ഒരു വിജിലൻസ് കേസായി കണക്കാക്കണം, കൂടാതെ 'ചാർജ്' എന്ന പദം അങ്ങനെയുള്ള കേസിൽ ഉദ്യോഗസ്ഥനെതിരായുള്ള ആരോപണങ്ങളായി കണക്കാക്കണം. അങ്ങനെയുള്ള ഒരു പ്രാഥമിക അന്വേഷണത്തിന് ശേഷം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു ഉദ്യോഗസ്ഥനെതിരെ എഫ്.ഐ.ആർ. ഫയൽ ചെയ്താൽ, മേൽപ്പറഞ്ഞ രണ്ടു വ്യവസ്ഥകളും പാലിക്കപ്പെടും. അതിനാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ പേര് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല. കുറിപ്പ് (i) ലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിന് വിജിലൻസ് കോടതി ചാർജ് തയ്യാറാക്കേണ്ടതില്ല. മറിച്ച് പ്രാഥമിക അന്വേഷണത്തിന് ശേഷം എഫ്.ഐ.ആർ. ഫയൽ ചെയ്താൽ മതിയാകും.

ഈ കേസിൽ പ്രാഥമിക അന്വേഷണം നടത്തി മുൻകൂർ അനുമതി നേടിയ ശേഷമാണ് ഹർജിക്കാരനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്നതിൽ തർക്കമില്ല. അതിനാൽ കെ. എസ്. & എസ്. എസ്. ആർ ഭാഗം II ലെ ചട്ടം 28(ബി)(i)(7) കുറിപ്പ് (i) പ്രകാരം ഹർജിക്കാരനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് തടഞ്ഞ ട്രൈബ്യൂണലിന്റെ തീരുമാനത്തിൽ കുറ്റം കണ്ടെത്താനാവില്ല എന്ന് നിരീക്ഷിച്ചുകൊണ്ട് അപ്പീൽ നിരസിച്ചു.

## കേരള സംസ്ഥാന വൈദ്യുതി ബോർഡും മറ്റുള്ളവരും

## v.

## റാഫേൽ & കമ്പനി, ചേർപ്പ്

2025 : KER : 15854

പ്രീ-സ്ട്രെസ്ഡ് കോൺക്രീറ്റ് തൂണുകൾ (PSC Poles) ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് 2005-2006 വർഷത്തിൽ റാഫേൽ & കമ്പനിയുമായി അഞ്ച് വർഷത്തെ കരാറിൽ ഏർപ്പെട്ടിരുന്നു. കരാറിലെ ഒരു നിബന്ധന വില വ്യതിയാനം സംബന്ധിച്ചായിരുന്നു. ഘടകവസ്തുക്കളുടെ വിലയിൽ 10% വ്യതിയാനം ഉണ്ടായാൽ, വില വ്യതിയാനത്തിന്റെ ആനുകൂല്യം കരാറുകാരന് നൽകുമെന്ന് അതിൽ പ്രസ്താവിച്ചിരുന്നു. വില വ്യതിയാനം നിശ്ചിത തീയതി മുതൽ ബാധകമാകുമെന്നായിരുന്നു കെ.എസ്.ഇ.ബി. സ്വീകരിച്ച നിലപാട്. ഇത് റാഫേൽ & കമ്പനി റിട്ട് ഹർജിയിൽ ചോദ്യം ചെയ്തു.

2017 ഒക്ടോബറിൽ റാഫേൽ & കമ്പനിക്ക് അനുകൂലമായി കോടതി വിധിക്കുകയും, 2008 സെപ്റ്റംബർ വരെ വില വ്യതിയാനം സംബന്ധിച്ച വ്യവസ്ഥ നടപ്പാക്കാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തു. 2017 ഡിസംബറിൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ചിട്ടും, അത് നടപ്പാക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടുവെന്ന് ആരോപിച്ചു. തുടർന്ന് 2018 ഡിസംബറിൽ എതിർകക്ഷി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തു.

വിധിന്യായത്തിലെ നിർദ്ദേശം 2020 മെയ് മാസത്തിൽ പാസാക്കിയ ഒരു ഉത്തരവിലൂടെ പാലിച്ചിട്ടുണ്ടെന്ന് അപ്പീൽവാദി അവകാശപ്പെട്ടെങ്കിലും, പണ്ഡിതനായ സിംഗിൾ ജഡ്ജി ഒന്നിലധികം ഉത്തരവുകൾ പുറപ്പെടുവിക്കുകയും, കാലതാമസം ഉണ്ടായാൽ വില വ്യതിയാനവുമായി ബന്ധപ്പെട്ട നിശ്ചിത തുക പലിശ സഹിതം നൽകാനുള്ള 2025 ജനുവരിയിലെ ഒരു ഉത്തരവിൽ അത് കലാശിക്കുകയും ചെയ്തു. അതിൽ സങ്കടപ്പെട്ടുകൊണ്ടാണ് അപ്പീൽവാദി നിലവിലെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

വിധിന്യായം മനഃപൂർവ്വം അനുസരിക്കാതിരുന്നിട്ടുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് പകരം, വിധിന്യായത്തിൽ പറഞ്ഞിട്ടില്ലാത്ത പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സിംഗിൾ ജഡ്ജി കോടതിയലക്ഷ്യത്തിന്റെ അധികാരിതക്ക് പുറത്ത് പോയിട്ടുണ്ടോ എന്നതായിരുന്നു കോടതിയുടെ പരിഗണനയ്ക്കായി ഉയർന്നു വന്ന ചോദ്യം.

പുതിയ ഉത്തരവുകൾ പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ കോടതിയലക്ഷ്യ അധികാരിത സംബന്ധിച്ച നിയമ സുസ്ഥാപിതമാണ്. കോടതിയുടെ മഹത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിനാണ് കോടതിയലക്ഷ്യ അധികാരിത നിക്ഷിപ്തമായിരിക്കുന്നത്. അത് ഒരു വിശേഷ അധികാരിത മാത്രമല്ല, അതിന് ചില പരിമിതികളുമുണ്ട്. ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ കക്ഷികൾ തമ്മിലുണ്ടായിരുന്ന വ്യവഹാരത്തിന്റെ തുടർച്ചയായി പുതിയ ഉത്തരവുകൾ കോടതി പുറപ്പെടുവിക്കരുത് എന്നതാണ് കോടതിയലക്ഷ്യ അധികാരിതയിലെ ഒരു പരിമിതി. കോടതി ഉത്തരവ് മനഃപൂർവം അനുസരിച്ചിട്ടില്ല എന്ന് ആരോപിച്ചാണ് സിവിൽ കോടതിയലക്ഷ്യമെങ്കിൽ, കോടതി നടപടികൾ അവസാനിപ്പിക്കുകയോ കോടതിയലക്ഷ്യത്തിന് ശിക്ഷിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യും. അസ്സൽ ഉത്തരവിൽ എന്തെങ്കിലും സംശയമോ പോരായ്മയോ ഉണ്ടെങ്കിൽ, അത് പുനഃപരിശോധനാ അധികാരിതയിൽ വരുന്ന കാര്യമാണ്, മറിച്ച് കോടതിയലക്ഷ്യ അധികാരിതയിൽപ്പെടുന്നതല്ല.

സിവിൽ കോടതിയലക്ഷ്യ അധികാരിത കോടതി ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കോടതിയുടെ അന്തസ്സ് നിലനിർത്തുന്നതിനുമാണ്. എന്നാൽ, മുൻപ് ഇതിനകം പുറപ്പെടുവിച്ച വിധിന്യായങ്ങളിൽ കൂട്ടിച്ചേർക്കാനോ ഭേദഗതി ചെയ്യാനോ ഈ അധികാരിത ഉപയോഗിക്കാൻ പാടില്ല. അസ്സൽ വിധിന്യായത്തിനപ്പുറം പോകാനോ മുമ്പ് തീർപ്പുകൽപ്പിക്കാത്ത പ്രശ്നങ്ങളിലേക്ക് കടക്കാനോ കഴിയില്ല. വിധിന്യായത്തിൽ ഉൾപ്പെടാത്ത നിർദ്ദേശങ്ങൾ കോടതിയലക്ഷ്യ നടപടികളിലൂടെ നടപ്പാക്കാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും ചെയ്തു.



# ലേഖനങ്ങൾ






# വിവര സാങ്കേതിക നിയമവും സൈബർ സുരക്ഷയും



**റ്റി. ജയകുമാർ**
ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

ഐക്യരാഷ്ട്രസഭയുടെ കമ്മീഷൻ ഓൺ ഇന്റർനാഷണൽ ട്രേഡ് ലോ അംഗീകരിച്ച ഇലക്ട്രോണിക് വാണിജ്യത്തെക്കുറിച്ചുള്ള മാതൃക നിയമത്തിനെ അടിസ്ഥാന മാക്കി, ഡിജിറ്റൽ ഇടപാടുകളുടെ നിയമാനുസൃതമായ നടത്തിപ്പ് ഉറപ്പാക്കുന്ന, സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ, 09/05/2000ൽ രാഷ്ട്രപ തി ഒപ്പ് വെച്ച, 17.10.2000 ന് പ്രാബല്യത്തിൽ വന്ന നിയമമാണ് 2000 ലെ Information Technology Act - 2000. ഇലക്ട്രോണിക് രേഖകൾക്ക് നിയമപരമായ അംഗീകാരം നൽകുക, ഇ-കൊമേഴ്സ്, ഡിജിറ്റൽ ഇടപാടുകളുടെ വളർച്ചയ്ക്ക് കാരണമാകുക എന്നതാണ് ടി നിയമത്തിന്റെ ഉദ്ദേശം. ഇലക്ട്രോണിക് ഒപ്പുകളെ (ഡിജിറ്റൽ സിഗ്നേച്ചർ) ഔദ്യോഗിക ഒപ്പുകൾക്ക് തുല്യമായി ഈ നിയമം സ്ഥാപിച്ചു. അന ധികൃതമായി പൗരന്റെ സ്വകാര്യതയിലേക്ക് നുഴഞ്ഞു കയറി, കൈയ്യേറ്റം നടത്തി, വസ്തുവകകൾക്കും നാശനഷ്ടമുണ്ടാക്കുന്നതും വ്യക്തികൾക്ക് അവമതിപ്പ് ഉണ്ടാക്കുന്നതും ടി നിയമം വിലക്കുന്നു. ഈ നിയമത്തിലൂടെ സൈബർ കുറ്റകൃത്യങ്ങൾ, ഹാക്കിംഗ്, കമ്പ്യൂട്ടർ വൈറസുകളുടെ വ്യാപനം എന്നിവ കുറ്റകരമാക്കി. സൈബർ സെക്യൂരിറ്റി ഉറപ്പു വരുത്തുന്നതിന്, സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ഫലപ്രദമായ നടപടി എടുക്കേണ്ട ഏജൻസിയാണ് Indian Computer Emergency Response Team (C.E.R.T). ഇലക്ട്രോണിക് ഡാറ്റാ ഇന്റർചേഞ്ച്, മറ്റ് ഇലക്ട്രോണിക് ആശയവിനിമയ മാർഗ്ഗങ്ങൾ എന്നിവയിലൂടെ നടത്തുന്ന ഇടപാടുകൾക്ക് നിയമപരമായ അംഗീകാരം നൽകുന്നതിനാണ് 2000 ലെ ഐ റ്റി ആക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ ഏജൻസികളിൽ ഇലട്രോണിക് രേഖകൾ ഇ-ഫയലിംഗ് മുഖേന സുഗമമായി സ്വീകരിക്കുന്നതിനായി, ഭാരതീയ ന്യായ സംഹിത 2023 (BNS),

ഭാരതീയ സാക്ഷ്യ അധിനിയമം (BSA) 2023, എന്നിവയിൽ ഐ.റ്റി നിയമത്തിനനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 1891 ലെ ബാങ്കേഴ്സ് ബുക്ക് എവിഡൻസ് ആക്റ്റ്, 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റ് എന്നിവയിൽ ഭേദഗതി കൊണ്ട് വന്ന് കാലികമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിലോ കമ്പ്യൂട്ടർ ശൃംഖലകളുമായി ബന്ധപ്പെട്ടോ എന്തെങ്കിലും കുറ്റകൃത്യം ഏതെങ്കിലുമൊരു വ്യക്തി വിദേശത്തിരുന്നു ചെയ്താൽ പോലും അത് കുറ്റകരമാക്കിയിട്ടുണ്ട്.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഡിജിറ്റൽ ഒപ്പുകൾ (digital signature) നൽകുന്നതിനും നിയന്ത്രിക്കുന്നതിനും ഒരു കൺട്രോളർ ഓഫ് സർട്ടിഫൈയിംഗ് അതോറിറ്റീസ് രൂപീകരിയ്ക്കാൻ ടി നിയമം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഐ. റ്റി ആക്റ്റുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിയ്ക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവുകൾക്കെതിരെ അപ്പീൽ കേൾക്കുന്നതിനുമായി ഒരു സൈബർ അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുവാനും വ്യവസ്ഥയുണ്ട്. 2017 ൽ ന്യൂഡൽഹിയിലെ സൈബർ അപ്പലേറ്റ് ട്രിബ്യൂണൽ, ടെലികോം ഡിസ്പ്യൂട്ട് സെറ്റിൽമെന്റ് ആന്റ് അപ്പലേറ്റ് ട്രബ്യൂണലുമായി (TASAT) ലയിപ്പിച്ചിട്ടുണ്ട്.

2008 ൽ കുറ്റകരമായ സന്ദേശങ്ങൾ അയക്കുന്നതും ഷെയർ ചെയ്യുന്നതും കുറ്റകരമാക്കിക്കൊണ്ട് 66A വകുപ്പ് ഭേദഗതി ചെയ്തു. സൈബറിടങ്ങളിലെ അശ്ലീല സാഹിത്യം (Pornography), സൈബറിടങ്ങളിലെ കുട്ടികളുടെ അശ്ലീലം(Child pornography), സൈബർ ഭീകരത, സൈബറിടങ്ങളിലെ ലൈംഗികാതിക്രമം(voyeurism) എന്നിവ തടയുന്നതിനുള്ള വ്യവസ്ഥകളും 66A വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ **ശ്രേയ സിംഗാൽ V യൂണിയൻ ഓഫ് ഇന്ത്യ (AIR 2015SC 1523)** എന്ന കേസിൽ, 66A വകുപ്പിൽ offensive, menacing എന്നീ വാക്കുകൾ വ്യക്തമായി നിർവചിച്ചിട്ടില്ല എന്നും ഭരണഘടനയുടെ അനുച്ഛേദം 19(1)(a) പ്രകാരം ഇത് പൗരൻമാരുടെ അഭിപ്രായസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിട്ട്, അറസ്റ്റു ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് വ്യാപകമായ വിവേചനാധികാരം നൽകുന്നുവെന്നും അഭിപ്രായപ്പെട്ട് സുപ്രീം കോടതി 66A വകുപ്പ് റദ്ദാക്കിയിട്ടുണ്ട്. offensive, menacing എന്നീ വാക്കുകൾക്ക് വ്യക്തമായ നിർവചനം നൽകി, സൈബറിടങ്ങളിലെ വ്യക്തിഹത്യയും വ്യക്തികൾക്ക് അവമതിപ്പുണ്ടാക്കുന്നതരത്തിലും രാജ്യത്തിനുള്ളിലും പുറത്തും സമൂഹത്തിലും ഭിന്നിപ്പുണ്ടാക്കുന്നതരത്തിലും സോഷ്യൽ മീഡിയയിലൂടെ ആശയ പ്രചരണ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നത് തടയാൻ ടി നിയമത്തിൽ ഭേദഗതി കൊണ്ടുവരുമെന്ന് കരുതാം.

കമ്പ്യൂട്ടറിൽ കൃത്രിമം കാണിച്ച് ഒറിജിനൽ രേഖ തിരുത്തുന്നതും(വകുപ്പ് 65), കമ്പ്യൂട്ടർ സിസ്റ്റം ഹാക്ക് ചെയ്യുന്നതും (വകുപ്പ് 66), മോഷണം ചെയ്ത് എടുക്കുന്ന കമ്പ്യൂട്ടറുകളോ മറ്റ് ഡിവൈസുകളോ സ്വീകരിയ്ക്കുന്നതും (വകുപ്പ് 66B), മറ്റൊരു വ്യക്തിയുടെ പാസ്സ് വേർഡ് സമ്മതമില്ലാതെ ഉപയോഗിയ്ക്കുന്നതും (വകുപ്പ് 66C), കമ്പ്യൂട്ടർ ഉപയോഗിച്ച് ആൾമാറാട്ടത്തിലൂടെ വഞ്ചന നടത്തുന്നതും (വകുപ്പ് 66D), സ്വകാര്യ ചിത്രങ്ങളും ഫോട്ടോകളും സമ്മതമില്ലാതെ പ്രചരിപ്പിക്കുന്നതും (വകുപ്പ് 66E), മൂന്നു വർഷം വരെ തടവുശിക്ഷയും, 1 ലക്ഷം രൂപ മുതൽ 5 ലക്ഷം വരെ പിഴശിക്ഷകളും ലഭിച്ചേക്കാവുന്ന കുറ്റങ്ങളാണ്. ഏതെങ്കിലും രാഷ്ട്രീയ ലാഭത്തിന് വേണ്ടി ഹിംസാത്മകമായി ആശയം പ്രചരിപ്പിയ്ക്കുന്നതും ഇന്റർനെറ്റ് ഉപയോഗിച്ച് അക്രമപ്രവർത്തികൾ നടത്തി പൗരൻമാരുടെ ജീവൻ നഷ്ടപ്പെടുത്തുന്നതും, ശാരീരിക ഉപദ്രവങ്ങൾ ഏൽപ്പിയ്ക്കുന്നതും സൈബർ ഭീകരാക്രമണമാണ് . അതിന് ജീവപര്യന്തം ശിക്ഷയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് (വകുപ്പ് 66F). ഇലക്ട്രോണിക് രൂപത്തിൽ അശ്ലീല വിവരങ്ങൾ പ്രസിദ്ധീകരിക്കുക (വകുപ്പ് 67), ലൈംഗിക പ്രവർത്തികൾ പ്രസിദ്ധീകരിക്കുക(വകുപ്പ് 67A), തുടങ്ങിയവക്ക് യഥാക്രമം 5 വർഷം തടവുശിക്ഷയും 1 ലക്ഷം രൂപ പിഴയും, 7 വർഷം തടവുശിക്ഷയും 10 ലക്ഷം പിഴയും വ്യവസ്ഥ ചെയ്യുന്നു. നിയമ പ്രകാരം സൂക്ഷിച്ചു

വെയ്ക്കേണ്ട കമ്പ്യൂട്ടർ രേഖകൾ സൂക്ഷിച്ചു വെയ്ക്കാതെ ഡിലീറ്റ് ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്താൽ മൂന്നു വർഷം വരെ തടവ് ശിക്ഷയും പിഴയും ലഭിക്കാം (വകുപ്പ് 67C).ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവുകൾ പാലിക്കാതിരുന്നാൽ 2 വർഷം വരെ തടവുശിക്ഷയും 1 ലക്ഷം രൂപ വരെ പിഴയും ലഭിക്കും(വകുപ്പ് 68). രഹസ്യ കോഡോ ഡാറ്റയോ സാധാരണ ഭാഷയിൽ ആക്കാൻ വിസ്സമ്മതിയ്ക്കുകയോ (Decrytion of data), ഉത്തരവ് അനുസരിക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ 7 വർഷം വരെ തടവു ശിക്ഷ ലഭിക്കും(വകുപ്പ് 69), സുരക്ഷിതമാക്കപ്പെട്ട കമ്പ്യൂട്ടർ സിസ്റ്റത്തിലേക്ക് അനുവാദമില്ലാതെ നുഴഞ്ഞുകയറുകയോ, അതിനു ശ്രമിക്കുകയോ ചെയ്താൽ 10 വർഷം വരെ തടവ് ശിക്ഷയും പിഴയും ലഭിക്കും (വകുപ്പ് 70). തെറ്റിദ്ധരിപ്പിയ്ക്കലുകൾക്ക് (misrepresention) 2 വർഷം വരെ തടവ് ശിക്ഷയും 1 ലക്ഷം രൂപ വരെ പിഴ ശിക്ഷയും ലഭിക്കും(വകുപ്പ് 71), രഹസ്യാത്മകതയുടേയും സ്വകാര്യതയുടെയും ലംഘനത്തിന് 2 വർഷം വരെ തടവ് ശിക്ഷയും 1 ലക്ഷം വരെ പിഴശിക്ഷയും ലഭിക്കും(വകുപ്പ് 72), നിയമപരമായ കരാറുകൾ നിലനിൽക്കെ അത് ലംഘിച്ചുകൊണ്ട് വിവരങ്ങൾ വെളിപ്പെടുത്തുന്നത് 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ലഭിയ്ക്കാവുന്ന കുറ്റമാണ് (വകുപ്പ് 72A), തെറ്റായ ഇലക്ട്രോണിക്ക് സിഗ്നേച്ചർ സർട്ടിഫിക്കറ്റ് പ്രസിദ്ധീകരിയ്ക്കുന്നത് 73-ാം വകുപ്പുപ്രകാരം 2 വർഷം വരെ തടവും ശിക്ഷയും 1 ലക്ഷം രൂപ വരെ പിഴയും ഈടാക്കാവുന്ന കുറ്റങ്ങൾ ആണ്. വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെ സൈബറിടങ്ങളിൽ എന്തെങ്കിലും പ്രസിദ്ധീകരിക്കുന്നത് 74-ാം വകുപ്പു പ്രകാരം 2 വർഷം വരെ തടവുശിക്ഷയും 1 ലക്ഷ രൂപ പിഴയും കിട്ടാവുന്ന കുറ്റമാണ്.

2000ലെ വിവരസാങ്കേതിക നിയമം സൈബറിടങ്ങളിലും സോഷ്യൽ മീഡിയകളിലും എങ്ങനെ പെരുമാറണമെന്ന പെരുമാറ്റ സംഹിത കൊണ്ടു വരികയും, ഇലക്ട്രോണിക് കൊമേഴ്സിന്റെ അനന്തസാധ്യതകൾ ഉയർത്തി, ആധുനിക സമൂഹത്തെ ബിസിനസ്സ്, വിദ്യഭ്യാസം മുതൽ ആരോഗ്യസംരക്ഷണം, ഭരണം വരെ ജീവിതത്തിന്റെ വിവിധ മേഖലകളെ തിരിച്ചറിയാനാവാത്തവിധം പരിവർത്തനം ചെയ്തു എന്നത് നിസ്സാര കാര്യമല്ല. വിദൂര മേഖലകളിൽ ഇരുന്ന് ഇ-കൊമേഴ്സ് നടത്തുന്ന ഇടപാടുകാരിൽ ഓരോരുത്തർക്കും സമ്പൂർണ്ണ ഉത്തരവാദിത്വവും ബാധ്യതയും തീർച്ചപ്പെടുത്തി, ഇലക്ട്രോണിക് കൊമേഴ്സിലേയും സൈബറിടങ്ങളിലേയും കുറ്റകൃത്യങ്ങൾ പരമാവധി കുറച്ച്, വിശ്വാസ്യത കൊണ്ടു വരുന്നതിലൂടെ നമ്മുടെ രാജ്യത്തിന്റെ ജി.ഡി.പി യിലും സമ്പദ് വ്യവസ്ഥയിലും വൻ കുതിച്ചുചാട്ടത്തിന് ഇടയാക്കുകയും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിലേക്ക് രാജ്യത്തെ കൈപിടിച്ചുയുർത്തുകയും ചെയ്ത പ്രേരക ശക്തിയാണ് 2000 ലെ Information Technology Act എന്ന് നിസ്സംശയം പറയാം. കുറ്റകൃത്യങ്ങൾ ചെയ്താൽ, കൃത്യമായ തെളിവോടെ, കുറ്റവാളികളെ കണ്ടെത്തി നിയമസംവിധാനത്തിനു മുന്നിൽ കൊണ്ടു വന്ന് വിചാരണ വേഗത്തിലാക്കാനും വിവര സാങ്കേതിക നിയമം വഴിതെളിച്ചു എന്നത് ശുഭോദർക്കമായ സംഗതിയാണ്. ആധുനിക സാറ്റലൈറ്റ് ജി.പി.എസ് സംവിധാനങ്ങളിൽ നിന്നും ടെലികമ്മ്യൂണിക്കേഷൻ നെറ്റ് വർക്കുകളിൽ നിന്നും ഡിജിറ്റൽ സിഗ്നലുകളിൽ നിന്നും ആർക്കും രക്ഷപ്പെടാൻ പറ്റാത്ത അവസ്ഥയിൽ നിയമം അനുസരിക്കുകയേ വഴിയുള്ളൂ. എല്ലാവരുടേയും തലയ്ക്ക് മുകളിൽ ഇരുന്നുകൊണ്ട് സർവ്വ വ്യാപിയായി,നിരീക്ഷണം നടത്തുന്ന ആധുനിക വിവര സാങ്കേതിക വിദ്യയുടെ ചിറകിലേറിയാണ് സമൂഹം ഇനി മുന്നോട്ട് കുതിക്കുവാൻ പോകുന്നത്. വിവര സാങ്കേതിക വിദ്യയിൽ മികച്ചു നിൽക്കുന്ന രാജ്യങ്ങളാണു ഇനി മുതൽ ലോകക്രമം നിയന്ത്രിക്കുവാൻ സാധ്യതയുള്ളത് . ആകയാൽ നമ്മുടെ രാജ്യത്തിനും ഈ മത്സരത്തിൽ നിന്നും പിന്തിരിഞ്ഞു നിൽക്കുവാൻ സാധ്യമല്ല. അതിനു നമ്മെ സഹായിക്കുന്നതാണ് സൈബർ സുരക്ഷ ഉറപ്പാക്കുന്ന വിവര സാങ്കേതിക നിയമം 2000 എന്ന് നിസ്സംശയം പറയാം.




# ' റാഗിംഗ് ' നിരോധനം ചരിത്രവും വർത്തമാനവും



**ദിപിൻ റോയ് എസ്. എൽ.**
സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്.

നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ റാഗിംഗ് (ragging) അസ്വസ്ഥത ഉളവാക്കുന്ന ഒരു യാഥാർത്ഥ്യമാണ്. കാലങ്ങളായി, "റാഗിംഗ്'' നൂറുകണക്കിന് നിരപരാധികളുടെ ജീവൻ അപഹരിക്കുകയും ആയിരക്കണക്കിന് മിടുക്കരായ വിദ്യാർത്ഥികളുടെ കരിയർ നശിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, പൊതുവെ വിദ്യാർത്ഥി സമൂഹം ഇപ്പോഴും ഈ രീതിയെ 'വെറുമൊരു പരിചയപ്പെടുത്തൽ", "സ്വാഗതം ചെയ്യൽ'' എന്നിവ മാത്രമായി കാണുന്നു എന്നതാണ് വസ്തുത. മാത്രമല്ല ഒരിക്കൽ റാഗിംഗിന് ഇരയായവർ തന്നെ തൊട്ടടുത്ത വർഷങ്ങളിൽ റാഗിംഗിന് നേതൃത്വം നൽകുന്നു എന്ന സവിശേഷ സാഹചര്യവും നിലനിൽക്കുന്നു. റാഗിംഗുമായി ബന്ധപ്പെട്ട ചില കെട്ടുകഥകളുണ്ട്. ഈ കെട്ടുകഥകൾ റാഗിംഗിനെ "മഹത്വവൽക്കരിക്കുകയും'' ന്യായീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്, റാഗിംഗ് ഒരു വിദ്യാർത്ഥിയെ ധൈര്യശാലിയാക്കുകയും ജീവിതത്തിലെ ദുഷ്ക്കരമായ സാഹചര്യങ്ങൾക്ക് അവനെ സജ്ജമാക്കുകയും ചെയ്യുന്നുവെന്നതാണ് ഒരു ജനപ്രിയ മിത്ത്. ഇത്തരം ധാരണകൾ ഈ ചൂഷണത്തെ പ്രോത്സാഹിപ്പിക്കുകയും പ്രതിരോധമില്ലാത്ത സ്വീകാര്യത ഉണ്ടാക്കിയെടുക്കാൻ കാരണമാകുകയും ചെയ്യുന്നു. റാഗിംഗ് എന്ന് കേൾക്കുമ്പോൾ നാമെല്ലാം പൊതുവായി കരുതുന്നത് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും ഉടലെടുത്ത അല്ലെങ്കിൽ നിലനിന്നുപോരുന്ന ഒരു പ്രതിഭാസം (phenomenon)എന്ന നിലയ്ക്കാണ്. എന്നാൽ റാഗിങ്ങിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അടിസ്ഥാനപരമായി റാഗിംഗ് എന്നത് ഒരു പാശ്ചാത്യ ആശയം (western concept) ആണെന്ന് കാണാം. എ ഡി എട്ടാം നൂറ്റാണ്ടിൽ ഗ്രീസിൽ നടന്ന ഒളിമ്പിക്സ് മത്സരങ്ങൾക്കിടയിൽ, നവാഗതരായ കായികതാരങ്ങളെ സ്വാഗതം ചെയ്യാനും അവരെ ഊർജ്ജസ്വലരാക്കാനും ഉദ്ദേശിച്ച് നടത്തിയിരുന്ന പരിപാടികളിലാണ് റാഗിംഗിന്റെ ആദ്യരൂപം ഉടലെടുത്തത് എന്ന് ചരിത്രം പറയുന്നു. പതിനെട്ടാം നൂറ്റാണ്ടോടെ

ഈ സമ്പ്രദായം യൂറോപ്പിലേക്കും അമേരിക്കയിലേക്കും വ്യാപിച്ചുവെങ്കിലും ഇംഗ്ലീഷ് സ്കൂളുകളിലും സൈനിക സ്ഥാപനങ്ങളിലും ആണ് ഇത് കൂടുതലായി പ്രചാരത്തിലുണ്ടായിരുന്നത്. കാലക്രമത്തിൽ ഈ പ്രതിഭാസത്തിന് കൂടുതൽ തീവ്രത സംഭവിച്ച് വിവിധ രാജ്യങ്ങളിലെ സായുധസേന കളിലേക്കും പബ്ലിക് സ്കൂളുകളിലേയ്ക്കും വ്യാപിച്ചു. ഒന്നാം ലോകമഹായുദ്ധസ മയത്ത് റാഗിംഗ് വലിയ പരിവർത്തനത്തിന് വിധേയമായി. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾക്കു ശേഷമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപങ്ങളിൽ റാഗിംഗ് കൂടുതൽ വ്യാപകമാകാൻ തുടങ്ങിയത്. യുദ്ധാനന്തരം, സൈനിക സേവനത്തിലേർപ്പെട്ടിരുന്ന വിദ്യാർത്ഥികളായ സൈനികർ, അവരുടെ പഠനം പുനരാരംഭിക്കാൻ , ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുകയും, സൈനിക ക്യാമ്പുകളിൽ പരിശീലിക്കുന്ന കഠിനമായ രീതികൾ, പഠനത്തിന്റെ ഇടവേളയിൽ, റാഗിങ്ങിന്റെ രൂപത്തിൽ വിദ്യാർത്ഥികൾക്കിടയിൽ പ്രയോഗിക്കാനും തുടങ്ങി ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോട് കൂടി തന്നെ യൂറോപ്പിലാകമാനം സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾക്കിടയിൽ 'ragging syndrome' വ്യാപകമായി. ഇന്ത്യ യിലും സമീപരാജ്യങ്ങളിലും ഈ പ്രതിഭാസം 'റാഗിംഗ്' എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത് എങ്കിലും വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമായ പേരിലാണ് ഇത് അറിയപ്പെടുന്നത്. അമേരിക്കയിൽ ഇതിന് 'hazing' എന്നാണ് പേരെങ്കിൽ ഇംഗ്ലണ്ടിൽ ഇത് 'fagging' ആണ്. ഫ്രാൻസിലേക്ക് വരുമ്പോൾ 'bizutage' എന്നും പോർച്ചുഗലിൽ ഇത് 'Praxe' എന്ന പേരിലും അറിയപ്പെടുന്നു. മറ്റ് ചില രാജ്യങ്ങളിൽ 'doop', 'bullying' എന്നീ പേരുകളിലും ഇത് അറിയപ്പടുന്നു. ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലെയും വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ റാഗിംഗ് നിലനിൽക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. 1873-ൽ അമേരിക്കയിലെ Cornell University-യിലാണ് റാഗിംഗ് മൂലം ഒരു വിദ്യാർത്ഥി ആദ്യമായി കൊല്ലപ്പെടുന്നത് എന്ന് ചരിത്രം പറയുന്നു.

**'റാഗിംഗ്' ഇന്ത്യയിൽ**

ഇന്ത്യയിലെ കോളേജുകളിലും സർവകലാ ശാലകളിലും റാഗിംഗിന് ദീർഘവും സങ്കീർണ്ണവുമായ ഒരു ചരിത്രമുണ്ട്. ബ്രിട്ടീഷ് കൊളോണിയൽ സ്വാധീനത്തിലൂടെയാണ് റാഗിങ് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പിടിമുറുക്കിയത്. ബ്രിട്ടീഷ് ഭരണ കാലത്ത് സ്ഥാപിക്കപ്പെട്ട ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രങ്ങളിലൂടെയാണ് 'initiation ritual' എന്ന നിലയിൽ റാഗിംഗ് കടന്നുവന്നത്. സീനിയർ, ജൂനിയർ വിദ്യാർത്ഥികൾക്കിടയിൽ സൗഹൃദം വളർത്തുന്നതിനും അവർ തമ്മിലുള്ള അകൽച്ച ഇല്ലാതാക്കുന്നതിനുമുള്ള ഒരു മാർ ഗമായാണ് ഇത് തുടക്കത്തിൽ അവതരിപ്പിച്ചത്. 1980കളിൽ സ്വകാര്യ മെഡിക്കൽ, എഞ്ചിനീ യറിംഗ് കോളേജുകൾ കൂണുപോലെ വളർന്നുവന്നതിനുശേഷം, റാഗിംഗ് ഇന്ത്യയിൽ വ്യാപകമായി. ഈ രീതി ക്രമേണ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിച്ചു.

ഇന്ത്യയിൽ വളരെയധികം വാർത്താപ്രാധാന്യം നേടിയതും രാജ്യത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ചതുമായ ആദ്യകാല റാഗിംഗ് സംഭവങ്ങളിൽ ഒന്നായിരുന്നു 1997ൽ തമിഴ് നാട്ടിലെ ചിദംബരത്തുള്ള അണ്ണാമല സർവകലാശാലയിലെ രാജ മുത്തയ്യ മെഡിക്കൽ കോളേജിൽ റാഗിങ്ങിനെ തുടർന്ന് 19 വയസുള്ള പൊൻ നവരസു എന്ന മെഡിക്കൽ വിദ്യാർത്ഥി ക്രൂരമായി കൊല ചെയ്യപ്പെട്ട സംഭവം. ജോൺ ഡേവിഡ് എന്ന സീനിയർ വിദ്യാർത്ഥിയാണ് അദ്ദേഹത്തെ റാഗ് ചെയ്തതെന്ന് ആരോപി ക്കപ്പെടുന്നു. 1996-ലാണ് ഒന്നാം വർഷ മെഡിക്കൽ വിദ്യാർത്ഥിയും മുൻ മദ്രാസ് സർവകലാശാല വൈസ് ചാൻസലർ പി.കെ. പൊന്നുസാമിയുടെ മകനുമായ പൊൻ നവരസുവിനെ സർവകലാശാലാ കാമ്പസിൽ വെച്ച് റാഗ് ചെയ്യുന്നതിനിടെ ഡേവിഡ് കൊലപ്പെടുത്തിയത്. ഹോസ്റ്റൽ മുറിയിൽ റാഗിംഗ് സെഷനിൽ ഡേവിഡ് നവരസുവിനെ തന്റെ ചെരുപ്പ് നക്കാൻ നിർബന്ധിക്കുകയും

അതിനു വിസമ്മതിച്ച നവരസുവിനെ മർദിച്ചു കൊലപ്പെടുത്തി മൃതദേഹം കഷണങ്ങളാക്കി ശരീരഭാഗങ്ങൾ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ ഉപേക്ഷിക്കുകയുമായിരുന്നു. 1998 മാർച്ച് 11ന് വിചാരണ കോടതി ജോൺ ഡേവിഡിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തി ഇരട്ട ജീവപര്യന്തം തടവ് വിധിച്ചു. എന്നിരുന്നാലും, 2001ൽ ഹൈക്കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. സംസ്ഥാന സർക്കാർ നൽകിയ അപ്പീലിൽ സുപ്രീം കോടതി ഹൈക്കോടതി ഉത്തരവ് റദ്ദാക്കുകയും 2011ൽ ഡേവിഡിന്റെ ജീവപര്യന്തം തടവ് ശരിവയ്ക്കുകയും ചെയ്തു. ജോൺ ഡേവിഡ് നിലവിൽ ശിക്ഷ അനുഭവിക്കുകയാണ്. കൊലപാതകത്തിന്റെ ഭീകരമായ സ്വഭാവം പൊതുജന പ്രതിഷേധത്തിന് കാരണമായി. റാഗിംഗ് കുറ്റകരമാക്കുന്ന ഒരു റാഗിംഗ് വിരുദ്ധ ഓർഡിനൻസ് തമിഴ്നാട് സർക്കാർ പാസാക്കി. പിന്നീട് ഈ ഓർഡിനൻസ് 1997-ൽ തമിഴ്നാട് റാഗിംഗ് നിരോധന നിയമം എന്ന പേരിൽ ഔദ്യോഗികമായി നിലവിൽ വന്നു. അങ്ങനെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കുകയും ആ പ്രവൃത്തി കുറ്റക രമാക്കുകയും ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി തമിഴ്നാട് മാറി. എന്നാൽ ഈ സംഭവത്തിന് വളരെ മുൻപ് തന്നെ എഴുപ തുകളുടെ അവസാനത്തിൽ ഒരു റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് പുതുമുഖങ്ങളുടെ മരണത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ കണക്കിലെടുത്തു ഇന്ത്യാ ഗവൺമെന്റ് ആദ്യമായി രാജ്യത്ത് റാഗിംഗ് നിരോധിച്ചുകൊണ്ട് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി എന്ന് ചില രേഖകൾ സൂചിപ്പിക്കുന്നു . (Indian Journal of Integrated Research in Law, Volume IV Issue IV | ISSN: 2583-0538)

**റാഗിംഗിന്റെ നിർവചനം**

"സാഹോദര്യങ്ങളിലേക്കുള്ള കടന്നുവരവിന്റെ ഒരു ആഘോഷ ചടങ്ങ്'' എന്ന നിലയിൽ നിന്ന് സമൂഹം ഭയത്തോടെ നോക്കിക്കാണുന്ന ചിലപ്പോഴൊക്കെ അക്രമാ സക്തവും, മനുഷ്യത്വരഹിതവും, സാമൂ ഹിക വിരുദ്ധവുമാകുന്ന ഒരു ഇട പെടൽ എന്ന നിലയിലേയ്ക്ക് ഇന്ന് "റാഗിംഗ് മാറിയിരിക്കുന്നു . ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ തന്നെ "റാഗിംഗ് നിരോധിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തിയിട്ടുണ്ട് . ഏറ്റവും ആദ്യം ഇത്തരത്തിൽ നിയമ നിർമ്മാണം നടത്തിയത് 1997ൽ തമിഴ്നാടാണ് . നിലവിൽ പതിമൂന്നോളം സംസ്ഥാനങ്ങൾ "റാഗിംഗ് നിരോധിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തിയിട്ടുണ്ട് . മറ്റ് ചില സംസ്ഥാനങ്ങളും അതെ പാതയിലാണ്. കേരള സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപങ്ങളിൽ 'റാഗിംഗ്' നിരോധിക്കുക എന്ന ലക്ഷ്യത്തിനായി 1998-ൽ കേരള 'റാഗിംഗ്' നിരോധന ആക്ട് (1998 ലെ 10 -ാം ആക്റ്റ്) പുറപ്പെടുവിച്ചു. പ്രസ്തുത ആക്ടിന് 1997 ഒക്ടോബർ 23 മുതൽ മുൻകാല പ്രാബല്യം നൽകി. ഈ നിയമ നിർമ്മാണങ്ങളിലെല്ലാം തന്നെ റാഗിംഗിന് ഏറെക്കുറെ സമാനമായ നിർവ്വചനം തന്നെ യാണ് നൽകിയിട്ടുള്ളത്.

1998 ൽ കേരള റാഗിംഗ് നിരോധന ആക്ടിലെ വകുപ്പ് 2 (ബി) റാഗിങ്ങിനെ നിർവചിക്കുന്നത് "ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനം ഒരു വിദ്യാർത്ഥിയോട് ക്രമവിരുദ്ധമായ പെരുമാറ്റം മൂലം ആ വിദ്യാർത്ഥിക്ക് ശാരീരികമോ / മാന സികമോ ആയ പീഡനം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ അല്ലെങ്കിൽ ഭയാശങ്കയോ, ഭയപ്പാടോ, അപമാനമോ ബുദ്ധിമുട്ടോ ഉണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യൽ എന്നർത്ഥ മാകുന്നതും, അതിൽ അങ്ങനെയുള്ള വിദ്യാർത്ഥിയെ ശല്യപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ, പരിഹസിക്കുന്നതോ, ഉപദ്രവിക്കുന്നതോ; അല്ലെങ്കിൽ ഒരു വിദ്യാർത്ഥി സാധാരണഗതിയിൽ, സ്വമനസാലെ ചെയ്യാൻ ഒരുമ്പെടാത്ത ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനോ നിർവഹിക്കുന്നതിനോ ആവശ്യപ്പെടുന്നതോ, ഉൾപ്പെടുന്നതുമാകുന്നു.''

ഇന്ത്യയിൽ പൊതുവായി റാഗിങ് നിരോധനത്തിന് കൂടുതൽ കരുത്ത് പകരാൻ കാരണമായത് ബഹു.സുപ്രീംകോടതിയുടെ ഇടപെടലുകളാണ്. നിരവധി കേസുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റാഗിങ്

തുടച്ചുനീക്കുന്നത് സംബന്ധിച്ച് പരമോന്നത നീതിപീഠം കൃത്യമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതാണ്. **2001-വിശ്വ ജാഗ്രതി മിഷൻ v. കേന്ദ്ര സർക്കാർ (AIR 2001 SC 2793)** എന്ന കേസിൽ വിശ്വ ജാഗ്രതി മിഷൻ സമർപ്പിച്ച ഒരു പൊതുതാൽപ്പര്യ ഹർജിയിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ഇന്ത്യയിൽ റാഗിംഗ് വിരുദ്ധ ശ്രമങ്ങൾക്ക് വലിയ പ്രോത്സാഹനം നൽകി. മാത്രമല്ല ഈ കേസിൽ റാഗിംഗിന് സമഗ്രമായ ഒരു നിർവ്വചനവും ബഹു. സുപ്രീംകോടതി നല്കുകയുണ്ടായി. പ്രസ്തുത നിർവ്വചനത്തിന്റെ ഏകദേശ മലയാള രൂപം ഇപ്രകാരമാണ്. "വാക്കുകൾ കൊണ്ടോ എഴുത്ത് കൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റേതെങ്കിലും വിദ്യാർത്ഥിയെ കളിയാക്കുന്നതോ, പരുഷമായി പെരുമാറുന്നതോ കൈകാര്യം ചെയ്യുന്നതോ ആയ ഏതെങ്കിലും ക്രമവിരുദ്ധമായ പെരുമാറ്റമോ, ഒരു പുതുമുഖത്തിനോ ജൂനിയർ വിദ്യാർത്ഥിക്കോ ശല്യം, ബുദ്ധിമുട്ട് അല്ലെങ്കിൽ മാനസിക ഉപദ്രവം ഉണ്ടാക്കുകയോ അല്ലെങ്കിൽ ഭയമോ ആശങ്കയോ ഉണ്ടാക്കുകയോ ചെയ്യുന്ന അല്ലെങ്കിൽ ചെയ്യാൻ സാധ്യതയുള്ള അക്രമാസക്തമോ അച്ചടക്കമില്ലാത്തതോ ആയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ അല്ലെങ്കിൽ അത്തരം വിദ്യാർത്ഥി സാധാരണഗതിയിൽ ചെയ്യാത്തതും ഒരു പുതുമുഖത്തിന്റെയോ ജൂനിയർ വിദ്യാർത്ഥിയുടെയോ ശരീരത്തെയോ മനസ്സിനെയോ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ലജ്ജയോ നാണക്കേടോ ഉണ്ടാക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ നിർവഹിക്കുന്നതിനോ ആവശ്യപ്പെടുന്നതോ, ഉൾപ്പെടുന്നതുമാകുന്നു."

2001-ൽ, രാജ്യമെമ്പാടും റാഗിംഗ് നിരോധിച്ചുകൊണ്ട് സുപ്രീം കോടതി സുപ്രധാനമായ ഈ വിധി പുറപ്പെടുവിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഭീഷണി തടയുന്നതിനായി നിരവധി നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ ജീവിതത്തിൽ റാഗിംഗ് ചെലുത്തുന്ന വ്യാപകമായ പ്രതികൂല സ്വാധീനവും ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു ഏകീകൃത സമീപനത്തിന്റെ ആവശ്യകതയും കോടതി അംഗീകരിച്ചു. റാഗിംഗിനെതിരെ നടപടിയെടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമുള്ള സ്ഥാപന മേധാവികളുടെയും അധികാരികളുടെയും ഉത്തരവാദിത്തം സുപ്രീം കോടതി ഊന്നിപ്പറഞ്ഞിട്ടുണ്ട്. റാഗിംഗ് വിരുദ്ധ നയത്തോടുള്ള പ്രതിബദ്ധത സ്ഥിരീകരിക്കുന്ന ഒരു ഉറപ്പ് ഓരോ വിദ്യാർത്ഥിയും അവരുടെ മാതാപിതാക്കളോ രക്ഷിതാക്കളോ ഒപ്പിടണമെന്നും ഈ രേഖകൾ ഇലക്ട്രോണിക് രീതിയിൽ സൂക്ഷിക്കണമെന്നും കോടതി ഉത്തരവിട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നതിനും പരിഹരിക്കുന്നതിനുമുള്ള സമഗ്രമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കുക, എല്ലാ വിദ്യാർത്ഥികൾക്കും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കുക എന്നിവയാണ് സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നത്.

**അമൻ കച്രൂ റാഗിംഗ് കേസ്**

വിശ്വ ജാഗ്രതി മിഷൻ കേസിൽ സുപ്രീം കോടതിയുടെ വ്യക്തമായ നിർദേശങ്ങൾ ഉണ്ടായിരുന്നിട്ടും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന റാഗിംഗ് പ്രശ്നം തടയാൻ പ്രസ്തുത നിർദേശങ്ങൾ ഫലപ്രദമായില്ല എന്നതിന്റെ തെളിവായിരുന്നു 2009 ൽ നടന്ന അമൻ കച്രൂ റാഗിംഗ് കേസ്. റാഗിംഗിനെതിരെ രാജ്യവ്യാപകമായ ഒരു വികാരം ഉണ്ടാകുന്നതിനു തുടക്കം കുറിച്ചതും റാഗിംഗുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ഏറ്റവും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട കേസുകളിൽ ഒന്നുമാണിത്. കൂടാതെ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യുജിസി), സംസ്ഥാന സർക്കാരുകൾ, വിദ്യാഭ്യാസ സ്ഥാപന മേധാവികൾ എന്നിവരുടെ ഫലപ്രദമായ നടപടികൾക്കായി സുപ്രീം കോടതി ഇടപെടലും ഉണ്ടായി. കേസിനാസ്പദമായ സംഭവം നടന്നത് ഹിമാചൽ പ്രദേശിലെ കാൻഗ്രയിലുള്ള ഒരു സർക്കാർ കോളേജിലാണ്. ഡോ. രാജേന്ദ്ര പ്രസാദ് മെഡിക്കൽ കോളേജിലെ ഒന്നാം വർഷ എംബിബിഎസ് വിദ്യാർത്ഥിയായ 19 വയസ്സുള്ള അമൻ സത്യ കച്രൂ-വിനെ 2009 മാർച്ച് 8 ന്, മദ്യപിച്ചെത്തിയ നാല് സീനിയർ

വിദ്യാർത്ഥികൾ ചേർന്ന് (എല്ലാവരും രണ്ടാം വർഷ എംബിബിഎസ് വിദ്യാർത്ഥികൾ) ഹോസ്റ്റലിൽ റാഗിംഗിന് വിധേയനാക്കി ക്രൂരമായി മർദ്ദിച്ചതിനെ തുടർന്ന് പരിക്കേറ്റ അമൻ കച്രൂ കൊല്ലപ്പെട്ടു. തുടർന്നുണ്ടായ പ്രക്ഷോപങ്ങളെ തുടർന്ന് ഹിമാചൽ പ്രദേശ് സർക്കാർ 2009-ൽ ഹിമാചൽ പ്രദേശ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ (റാഗിംഗ് നിരോധനം) നിയമം പാസാക്കി. അമൻ കച്രൂവിന്റെ പിതാവ് രാജേന്ദ്ര കച്രൂ റാഗിംഗിനെതിരായ രാജ്യവ്യാപക പ്രചാരണത്തിന്റെ മുഖമായി മാറി. അദ്ദേഹം പിന്നീട് 'റാഗിംഗിനെതിരെ പോരാടുന്നതിനു Aman movement' എന്ന ഒരു എൻ ജി ഒ രൂപീകരിച്ചു. കൂടാതെ റാഗിംഗ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് രാജ്യത്താദ്യമായി ആന്റി റാഗിംഗ് വെബ്സൈറ്റുകൾ നിലവിൽ വരുകയും തുടർന്നുള്ള വർഷങ്ങളിൽ, യുജിസി അതിന്റെ ആന്റി റാഗിംഗ് ഹെൽപ്പ് ലൈൻ നിരീക്ഷിക്കുന്നതിനും അനുബന്ധ ഡാറ്റാബേസ് പരിപാലിക്കുന്നതിനുമുള്ള ചുമതല അമന്റെ പിതാവ് പ്രൊഫസർ രാജ് കച്രൂ സ്ഥാപിച്ച അമൻ സത്യ കച്രൂ ട്രസ്റ്റിന് (അമൻ മൂവ്മെന്റ്) നൽകി.

**രാഘവൻ കമ്മിറ്റി റിപ്പോർട്ട്**

റാഗിംഗുമായി ബന്ധപ്പെട്ട മരണങ്ങളുടെ വർദ്ധനവ് അന്വേഷിക്കുന്നതിനും പ്രായോഗികമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സുപ്രീം കോടതി മുൻ സിബിഐ ഡയറക്ടർ ഡോ. ആർ.കെ. രാഘവന്റെ നേതൃത്വത്തിൽ ഏഴംഗ സമിതിയെ നിയമിച്ചിരുന്നു. റാഗിംഗ് എന്ന വിപത്ത് ഇല്ലാതാക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും കൂടുതൽ ഫലപ്രദമായി എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ശുപാർശകൾ നൽകുക എന്നതാണ് കമ്മിറ്റിയുടെ ചുമതല. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഇല്ലാതാക്കുന്നതിനുള്ള സമഗ്രമായ ശുപാർശകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് കമ്മിറ്റി സുപ്രീം കോടതിയിൽ സമർപ്പിച്ചു. രാഘവൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നതിന് നിരവധി പ്രധാന ശുപാർശകൾ നൽകി. റാഗിംഗ് ഒരു നിരുപദ്രവകരമായ ആചാരമല്ല, മറിച്ച് ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണെന്ന് രാഘവൻ കമ്മിറ്റി റിപ്പോർട് ചെയ്തു. രാഘവൻ കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു, അവ ഉടൻ തന്നെ സ്വീകരിക്കാൻ നിർദ്ദേശിച്ചു. .ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഭീഷണി തടയുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറപ്പെടുവിച്ച 2009 ലെ റഗുലേഷനുകൾക്ക് അടിസ്ഥാനമായത് ഈ ശുപാർശകൾ ആയിരുന്നു. യൂ ജി സി യെ കൂടാതെ റാഗിംഗ് നിയന്ത്രിക്കുന്നതിനായി എഐസിടിഇ (ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ), എംസിഐ (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ) എന്നിവ യഥാക്രമം All India Council for Technical Education (Prevention and Prohibition






of Ragging in Technical Institutions, Universities including Deemed to be Universities imparting Technical Education) Regulation, 2009, Medical Council of India (Prevention and Prohibition of Ragging in MedicalColleges/Institutions) Regulations, 2009 പുറപ്പെടുവിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം റാഗിംഗ് വിരുദ്ധ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ച മറ്റൊരു പ്രസക്തമായ കേസാണ് കേരള യൂണിവേഴ്സിറ്റി v. കൗൺസിൽ ഓഫ് പ്രിൻസിപ്പൽസ് ഓഫ് കോളേജസ് (Civil Appeal No. 887 of 2009 ). പ്രസ്തുത കേസിൽ ബഹു സുപ്രീംകോടതി രൂപപ്പെടുത്തിയ സമഗ്രമായ നിർദേശങ്ങളാണ് നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിയന്ത്രണ നയം രൂപീകരിക്കുന്നതിൽ അടിസ്ഥാനമായി വർത്തിക്കുന്നത്.

**'റാഗിംഗ്' കേരളത്തിൽ**

1970- ളിൽ തന്നെ കേരളത്തിലെ കാമ്പസുകളിൽ നിന്ന് റാഗിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുതിർന്ന വിദ്യാർഥികൾ ജൂനിയർ വിദ്യാർഥികളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്ന നിരവധി സംഭവങ്ങൾ അക്കാലത്ത് വാർത്തയായി. അക്കാലംമുതൽ തന്നെ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ റാഗിങ് എന്നും ചൂടേറിയ ഒരു ചർച്ച വിഷയം തന്നെയായിരുന്നു. 1998 ൽ ആണ് കേരളത്തിൽ റാഗിംഗ് നിരോധന നിയമം കൊണ്ടുവരുന്നത് . കേരള റാഗിംഗ് നിരോധന ആക്ട് കൊണ്ട് വന്ന് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് നിരോധനം കർശനമാക്കിയെങ്കിലും കൃത്യമായ ഇടവേളകളിൽ കേരളത്തിലെ കാമ്പസുകളിൽ നിന്ന് റാഗിങ്ങിന്റെ വാർത്തകൾ വന്നുകൊണ്ടേയിരുന്നു. കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ച റാഗിങ് സംഭവങ്ങളിൽ ഒന്നായിരുന്നു 2005ൽ കോട്ടയത്തെ ഒരു മെഡിക്കൽ എഡ്യൂക്കേഷൻ സ്ഥാപനത്തിന്റെ ലബോറട്ടറിയിൽ 17 വയസുള്ള പെൺകുട്ടി റാഗിങ്ങിനിരയായി ലൈംഗികമായി പീഡിപ്പിക്കപ്പെട്ടത്. കേസിൽ ആറ് പ്രതികളാണ് ഉണ്ടായിരുന്നത്. കൂടാതെ, കോളജിന്റെ പ്രിൻസിപ്പാളിനെയും ഡയറക്ടറെയും കേസിലെ ആറ്, ഏഴ് പ്രതികളാക്കി. ഇന്ത്യൻ ശിക്ഷാ നിയമം (ഐപിസി), റാഗിങ് ആക്ട് എന്നിവ പ്രകാരം പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. കേസിൽ, ഒന്ന് മുതൽ മൂന്ന് വരെയുള്ള പ്രതികൾ സീനിയർ വിദ്യാർത്ഥികളായിരുന്നു പ്രതികളിൽ രണ്ട് പേർക്ക് പത്ത് വർഷം തടവും 20,000 രൂപ പിഴയും മൂന്നാം പ്രതിക്ക് മൂന്ന് വർഷം കഠിനതടവും കോടതി വിധിച്ചു. തെളിവുകളുടെ അഭാവത്തിൽ മറ്റ് പ്രതികളെ കോടതി വെറുതെ വിടുകയായിരുന്നു. റാഗിംഗ് നിരോധന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷിക്കപ്പെട്ട ആദ്യ കേസും ഇത് തന്നെയായിരുന്നു. ഈ കേസ് കേരളത്തിൽ വലിയ കോളിളക്കം സൃഷ്ടിക്കുകയും സുപ്രീം കോടതിയുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്തിരുന്നു. റാഗിംഗിനെ തിരെ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാൻ നിയോഗിച്ച ആർ.കെ. രാഘവൻ കമ്മിറ്റി റിപ്പോർട്ടിലും ഈ കേസ് പരാമർശിച്ചിട്ടുണ്ട്.

2016ൽ കോട്ടയത്തെ ഒരു ഗവൺമെൻറ് പോളിടെക്നിക് കോളജ് ഹോസ്റ്റലിലെ ഒന്നാം വർഷ വിദ്യാർഥി, സീനിയർ വിദ്യാർഥികളുടെ ക്രൂരമായ റാഗിങ്ങിന് ഇരയായതിന് പിന്നാലെ വൃക്ക തകരാറിലായി ഗുരുതരാവസ്ഥയിലായ വാർത്തയും വലിയ പ്രതിഷേധത്തിന് ഇടയാക്കി .റാഗിംഗിന് ഇരയായ വിദ്യാർഥി പത്ത് ദിവസത്തിനുള്ളിൽ മൂന്ന് തവണയാണ് ഡയാലിസിസിന് വിധേയനായത്. റാഗിങ്ങിന്റെ ഭാഗമായി അമിതമായ വ്യായാമം ചെയ്യിപ്പിച്ചതും മദ്യം കുടിപ്പിച്ചതും ഡിപ്ലോമ വിദ്യാർഥിയുടെ വൃക്കകളെ ബാധിച്ചതായാണ് ഡോക്ടർമാർ കണ്ടെത്തിയത്. അതുപോലെ 2019ൽ എറണാകുളത്തെ മെഡിക്കൽ കോളേജിലും 2021-ൽ കണ്ണൂരിലെ ഒരു സ്വകാര്യ ആർട്സ് ആൻഡ് സയൻസ് കോളജിലും നടന്ന റാഗിങ് സംഭവങ്ങളും കേരളം വലിയരീതിയിൽ ചർച്ച ചെയ്ത വിഷയങ്ങളായിരുന്നു. മാത്രമല്ല ഈ കാലയളവിൽ തന്നെ ചെറുതും വലുതുമായ നിരവധി റാഗിംഗ് കേസുകൾ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ഏറ്റവും ഒടുവിലായി വയനാട്ടിലെ പൂക്കോട്

വെറ്ററിനറി കോളജ് വിദ്യാർത്ഥി ക്രൂരമായ റാഗിങ്ങിന് വിധേയനായി ആൾക്കൂട്ട വിചാരണയ്ക്കും കഠിനമായ മർദനത്തിനും പിന്നാലെ മരണപ്പെട്ട നിർഭാഗ്യകരമായ സംഭവം കേരള മനസാക്ഷിയെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയത്. ഈ സംഭവത്തിന് ശേഷം റാഗിങ് എന്ന സാമൂഹിക വിപത്തിനെതിരെ കേരള നിയമസഭ 1998 ൽ കൊണ്ടുവന്ന റാഗിങ് നിരോധന നിയമത്തിലെ പ്രായോഗികത സംബന്ധിച്ച ചർച്ചകൾ പൊതുസമൂഹത്തിൽ കൂടുതൽ ചർച്ചചെയ്യപ്പെടാൻ തുടങ്ങി. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു വിദ്യാർഥി റാഗിങ് നടത്തിയതായി കണ്ടെത്തിയാൽ, രണ്ട് വർഷം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കും. കൂടാതെ, വകുപ്പ്, 5 പ്രകാരം മൂന്ന് വർഷത്തേക്ക് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം തുടരാൻ കഴിയില്ല. പ്രസ്തുത നിയമത്തിലെ വകുപ്പ് 7 പ്രകാരം പരാതി ലഭിച്ചിട്ടും പരാതിയിൽ നടപടിയെടുക്കാത്തവർക്ക് രണ്ട് വർഷം തടവും 10,000 രൂപ പിഴയും ലഭിക്കും. നിലവിലെ സാഹചര്യത്തിൽ മേൽ വ്യവസ്ഥകൾ പര്യാപ്തമല്ല എന്നും കൂടുതൽ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി റാഗിങ് നിരോധന നിയമം കാലാനുസൃതമായി ഭേദഗതി വരുത്തണം എന്ന ആവശ്യം വിവിധ കോണുകളിൽ നിന്നും ഉയർന്നു വന്നു. 2008 ൽ ബെറിൻ പി. വർഗീസ് vs കേരള സംസ്ഥാനം, ILR(KER) 2008 (1) KER 279,എന്ന കേസിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ 1998-ലെ റാഗിങ് നിരോധന നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ ഫലപ്രദവും പ്രയോഗികവുമാക്കുന്നതിനായി ആവശ്യമായ ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ട് എന്ന് നിരീക്ഷിക്കുകയുണ്ടായി .

സംസ്ഥാനത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്ന റാഗിംഗ് ഭീഷണിയെക്കുറിച്ച് ആശങ്കകൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) കേരള ഹൈക്കോടതിയിൽ ഒരു പൊതുതാൽപ്പര്യ ഹർജി (പി ഐ എൽ) ഫയൽ ചെയ്തു [കെൽസ v കേരള സർക്കാരും മറ്റുള്ളവരും WP(C) 8600/2025]. ഇത്തരം സംഭവങ്ങളുടെ വർദ്ധനവ് ചൂണ്ടിക്കാട്ടി, കർശന നടപടികൾ ആവശ്യമാണെന്ന് കെൽസ ഊന്നിപ്പറഞ്ഞു. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ റാഗിംഗ് വിരുദ്ധ നിയമങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെടുന്നു. വർദ്ധിച്ചുവരുന്ന റാഗിംഗ് കേസുകൾ പരിഹരിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം സമഗ്രമായ ഒരു നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നത് ഉറപ്പാക്കുന്നതിനും കെൽസ കോടതിയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടു .ആന്റി റാഗിംഗ് കമ്മിറ്റികൾ സ്ഥാപിക്കാനും കർശനമായ നിരീക്ഷണം നടത്താനും നിർബന്ധിതമാക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ (യുജിസി) 2009 ലെ ചട്ടങ്ങൾ ഉണ്ടായിരുന്നിട്ടും , റാഗിംഗ് തടസ്സമില്ലാതെ തുടരുന്നുവെന്ന് കെൽസ എടുത്തുകാണിക്കുന്നു. റാഗിംഗ് വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു സംസ്ഥാന തലകമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിക്കാൻ കെൽസ നിർദ്ദേശിച്ചു. ഈ കമ്മിറ്റികളിൽ സർക്കാർ, നിയമ സേവന സ്ഥാപനങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ, സിവിൽ സമൂഹം എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടണം. റാഗിംഗിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും അധ്യാപകരെയും അറിയിക്കുന്നതിന് ഒരു കേന്ദ്രീകൃത പരാതി പരിഹാര സംവിധാനം നടപ്പിലാക്കുക, അജ്ഞാത റിപ്പോർട്ടിംഗ് ചാനലുകൾ സ്ഥാപിക്കുക, പൊതുജന അവബോധ കാമ്പെയ്നുകൾ ആരംഭിക്കുക എന്നിവയും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു കേസ് പരിഗണിക്കവെ (ഡോ. കാന്തനാഥൻ ആർ v. കേരള സംസ്ഥാനം, 2025 SCC ONLINE KER 4389.) യുജിസി റാഗിംഗ് വിരുദ്ധ ചട്ടങ്ങൾ കർശനമാണെങ്കിലും, വിദ്യാർത്ഥികളുടെ അക്രമാസക്തമായ പെരുമാറ്റം തടയുന്നതിൽ അവ ഫലപ്രദമല്ലെന്ന് കോടതി ആശങ്ക പ്രകടിപ്പിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് പ്രവർത്തനങ്ങൾക്ക് കടുത്ത ശിക്ഷകൾ നൽകുന്ന കൂടുതൽ കർശനമായ നിയമം സംസ്ഥാനം നടപ്പിലാക്കണമെന്ന് കോടതി

ശുപാർശ ചെയ്തു. കുറ്റവാളികൾക്ക് ഉചിതമായ ശിക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടു.

വർദ്ധിച്ചുവരുന്ന റാഗിങ് കേസുകളുടെ പശ്ചാത്തലത്തിൽ 1998ലെ കേരള റാഗിങ് നിരോധന ആക്ടിൽ സമഗ്രമായ ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ബോഡി ഷെയിമിങ്പോലുള്ള ശാരീരികവും മാനസികവുമായ അപമാനിക്കൽ നവാഗതരെ മദ്യമോ മറ്റു ലഹരിവസ്തുക്കളോ ഉപയോഗിക്കാൻ പ്രേരിപ്പിക്കൽ, കുറ്റകരമായ രീതിയിലുള്ള ബലപ്രയോഗം, മാനംകെടുത്തൽ, മുറിവേൽപ്പിക്കൽ, ലൈംഗികാതിക്രമം, അതിക്രമിച്ചുകടക്കൽ, ഭീഷണിപ്പെടുത്തൽ തുടങ്ങിയവയും റാഗിങിന്റെ പരിധിയിൽവരും. ശിക്ഷയിലും വർധനയുണ്ടാകും. വ്യാജ പരാതികളാണെങ്കിൽ അതിനും ശിക്ഷയുണ്ട്. റാഗിംഗിന്റെ നിർവചനത്തിലും മാറ്റം വരും. റാഗിങ്ങിന് പ്രേരിപ്പിക്കുന്നതും ഇതിനായി ഗൂഢാലോചന നടത്തുന്നതും കുറ്റകരമാകും. ജൂനിയർ വിദ്യാർത്ഥികളെ ഉപദ്രവിക്കാൻ സൃഷ്ടിക്കുന്ന ഏതെങ്കിലും അനൗപചാരിക വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ നിരീക്ഷിക്കാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്, ഇത് റാഗിംഗായി കണക്കാക്കുമെന്നും യുജിസി അതിന്റെ ഏറ്റവും പുതിയ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

ഡൽഹി ആസ്ഥാനമായുള്ള റാഗിംഗ് വിരുദ്ധ സംഘടനയായ സൊസൈറ്റി എഗൈൻസ്റ്റ് വയലൻസ് ഇൻ എഡ്യൂക്കേഷൻ (SAVE) 2025 മാർച്ചിൽ പ്രസിദ്ധീകരിച്ച "സ്റ്റേറ്റ് ഓഫ് റാഗിംഗ് ഇൻ ഇന്ത്യ, 2022-24" റിപ്പോർട്ട് പ്രകാരം, 2022 നും 2024 നും ഇടയിൽ റാഗിംഗുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ 51 കോളേജ് വിദ്യാർത്ഥികൾക്ക് ജീവൻ നഷ്ടപ്പെട്ടു. 2022-ൽ റാഗിംഗുമായി ബന്ധപ്പെട്ട 14 മരണങ്ങളും 2023 ൽ 17 മരണങ്ങളും 2024 ൽ 20 മരണങ്ങളും നടന്നതായി റിപ്പോർട്ടിൽ കണ്ടെത്തി. കണക്കുകൾ പ്രകാരം പെൺകുട്ടികളേക്കാൾ ആൺകുട്ടികളാണ് റാഗിംഗിന് ഇരയാകുന്നത്. മെഡിക്കൽ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങളാണ് പട്ടികയിൽ മുന്നിൽ. റാഗിങ് സംബന്ധിച്ച പരാതികൾ കൂടുതലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽ ഉത്തർപ്രദേശ് ആണ് മുന്നിൽ. തൊട്ടു പിന്നിൽ മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡീഷ , ബീഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുമുണ്ട്.

ഓരോ വ്യക്തിക്കും വിവേചനമില്ലാതെ ലഭിക്കുന്ന അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യവുമാണ് മനുഷ്യാവകാശങ്ങൾ. റാഗിംഗ്, ഒരാളുടെ അന്തസ്സ്, വ്യക്തിസ്വാതന്ത്ര്യം, സുരക്ഷിതമായ അന്തരീക്ഷം തുടങ്ങിയ അടിസ്ഥാന മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നു. ഇരകൾക്ക് ശാരീരിക മുറിവുകളും, വൈകാരിക മുറിവുകളും, പലപ്പോഴും ഗുരുതരമായ മാനസിക ആഘാതവും അനുഭവപ്പെടുന്നു, ചിലപ്പോൾ ആത്മഹത്യയിലേക്ക് നയിക്കുന്നു. റാഗിംഗിനെ ഗുരുതരമായ മനുഷ്യാവകാശ ലംഘനമായി തിരിച്ചറിഞ്ഞ് അഭിസംബോധന ചെയ്യേണ്ടതിന്റെ അടിയന്തര ആവശ്യകതയെ ഇത് അടിവരയിടുന്നു. റാഗിംഗ് വിരുദ്ധ നിയമങ്ങൾ പര്യാപ്തമാണെങ്കിൽ പോലും കേസുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നതും ഇരയുടെ ഏതൊരു പരാതിയും അധികാരികൾ ചിലപ്പോഴൊക്കെ വ്യക്തിപരമായ ആക്രമണമായി കണക്കാക്കുന്നതും, പരാതിക്കാരൻ വീണ്ടും ഇരയാക്കപ്പെടുമെന്ന ഭയപ്പാടുണ്ടാക്കുന്നു. കോളേജുകൾ പരാതികളിൽ വേഗത്തിൽ, സംവേദനക്ഷമതയോടെയും സഹാനുഭൂതിയോടെയും നടപടിയെടുക്കേണ്ടതുണ്ട്. നിയമപാലനം, അവബോധം, സ്ഥാപനപരമായ ഉത്തരവാദിത്തം എന്നിവയിലൂടെ റാഗിംഗ് ഇല്ലാതാക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭയത്തിനും അപമാനത്തിനും പകരം പഠനത്തിനും വളർച്ചയ്ക്കും സുരക്ഷയ്ക്കുമുള്ള സ്ഥലങ്ങളായി തുടരുന്നുവെന്ന് ഉറപ്പാക്കുന്നതിന് കർശനമായ നിയമങ്ങൾ, കർശനമായ നിരീക്ഷണം, സാമൂഹിക പരിഷ്കാരങ്ങൾ എന്നിവ നിർണായകമാണ്. റാഗിംഗിന്റെ ഭീഷണിയിൽ നിന്ന് മുക്തമായ, മാന്യവും സുരക്ഷിതവുമായ ഒരു അക്കാദമിക് അന്തരീക്ഷം ഓരോ വിദ്യാർത്ഥിക്കും അവകാശമുണ്ട്.




# സാന്ത്വന പരിചരണവും ലഹരിവിരുദ്ധ നിയമങ്ങളും



**ഗൗരി എസ്**

ലീഗൽ അസിസ്റ്റന്റ്, നിയമവകുപ്പ്

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ അനുസരിച്ച് ലോകമെമ്പാടും, സാന്ത്വന പരിചരണം ആവശ്യമുള്ളവരിൽ ഏകദേശം 14% പേർക്ക് മാത്രമേ നിലവിൽ മതിയായ പരിചരണം ലഭിക്കുന്നുള്ളൂ. ലോകാരോഗ്യ സംഘടന സാന്ത്വന പരിചരണത്തെ " മരണ കാരണമായേക്കാവുന്ന രോഗങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ നേരിടുന്ന രോഗികളുടെയും കുടുംബങ്ങളുടെയും വേദന യും മറ്റു ശാരീരിക, മാനസിക-സാമൂഹിക പ്രശ്നങ്ങളും കാലേകൂട്ടി കണ്ടെത്തുകയും ശ്രദ്ധയോടെ വിലയിരുത്തുകയും ചികിത്സി ക്കുകയും ചെയ്യുന്നതിലൂടെ രോഗപീഡകൾ തടയുകയും കുറയ്ക്കുകയും ചെയ്ത് അവരുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന ഒരു സമീപനം" എന്ന് നിർവചിക്കുന്നു.

"Strengthening of palliative care as a component of comprehensive care throughout the life course" എന്ന തലക്കെട്ടിൽ 2014-ൽ ലോകാരോഗ്യ അസംബ്ലി 67.19 നമ്പർ പ്രമേയം പാസാക്കിയിരുന്നു. പ്രസ്തുത പ്രമേയത്തിൽ ലോകമെമ്പാടുമുള്ള പ്രായ മേറുന്ന ജനസംഖ്യയുടെയും സാംക്രമികേതര രോഗങ്ങളുടെയും മറ്റ് വിട്ടുമാറാത്ത രോഗങ്ങളുടെയും വർദ്ധനവിനൊപ്പം ഓരോ വർഷവും 40 ദശലക്ഷത്തിലധികം ആളുകൾക്ക് സാന്ത്വന പരിചരണം ആവശ്യമായി വരുമെന്ന് പ്രതിപാദിക്കുന്നു.

## സാന്ത്വന ചികിത്സയും അന്താരാഷ്ട്ര കരാർ വ്യവസ്ഥകളും

സാന്ത്വന പരിചരണത്തിന്റെ ഒരു പ്രധാന വശം ഒഴിവാക്കാവുന്ന വേദന തടയുക/കുറയ്ക്കുക എന്നതാണ്. രോഗികൾക്ക് അന്തസുറ്റ ജീവിതം ഉറപ്പാക്കുന്നതിന് വേദന നിയന്ത്രണം അവിഭാജ്യമാണ്.

വേദനയും കഷ്ടപ്പാടും ഒഴിവാക്കാൻ മയക്കുമരുന്നുകളുടെ മെഡിക്കൽ ഉപയോഗം അനിവാര്യമാണെന്നും കൂടാതെ അത്തരം ആവശ്യങ്ങൾക്കായി മയക്കുമരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ മതിയായ വ്യവസ്ഥകൾ ഏർപ്പെടുത്തണമെന്നതും ഇന്ത്യ ഭാഗമായ 1961-ലെ സിംഗിൾ കൺ വെൻഷൻ ഓൺ നാർക്കോട്ടിക് ഡ്രഗ്സ്-ന്റെ ആമുഖത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1971-ലെ സൈക്കോട്രോപ്പിക്ക് ലഹരിവസ്തുക്കളുടെ കൺവെൻഷന്റെ, ആർട്ടിക്കിൾ 5 പ്രകാരം ഷെഡ്യൂൾ I ലെ വസ്തുക്കളുടെ ഉപയോഗം ഓരോ കരാർ കക്ഷിയും പരിമിതപ്പെടുത്തണമെന്നും, ഓരോ കക്ഷിയും ഉചിതമെന്ന് കരുതുന്ന നടപടികൾ വഴി ഷെഡ്യൂൾ II, III, IV ലെ വസ്തുക്കളുടെ നിർമ്മാണം, കയറ്റുമതി, ഇറക്കുമതി, വിതരണം, സ്റ്റോക്കുകൾ, വ്യാപാരം, ഉപയോഗം, കൈവശംവയ്ക്കൽ എന്നിവ മെഡിക്കൽ, ശാസ്ത്രീയ ആവശ്യങ്ങൾക്കായി പരിമിതപ്പെടുത്തണമെന്നും പറയുന്നു. മെത്താംഫിറ്റാമിൻ സൈലോസിബിൻ തുടങ്ങിയ വസ്തുക്കളുടെ കാര്യത്തിൽ, ശാസ്ത്രീയവും വളരെ പരിമിതവുമായ മെഡിക്കൽ ആവശ്യങ്ങൾക്ക് ഒഴികെയുള്ള എല്ലാ ഉപയോഗങ്ങളും നിരോധിക്കണമെന്ന് ആർട്ടിക്കിൾ 7 വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 9 നിയന്ത്രിത അല്ലെങ്കിൽ സൈക്കോട്രോപ്പിക് വസ്തുക്കളുടെ കുറിപ്പടി അടിസ്ഥാനമാക്കിയുള്ള ഉപയോഗം ശക്തമാക്കാൻ ആവശ്യപ്പെടുന്നു. 1971-ലെ സൈക്കോട്രോപ്പിക് ലഹരിവസ്തുക്കളുടെ കൺവെൻഷൻ വൈദ്യശാസ്ത്രപരവും ശാസ്ത്രീയവുമായ ആവശ്യങ്ങൾക്കായി സൈക്കോട്രോപ്പിക് വസ്തുക്കളുടെ ഉപയോഗം അനിവാര്യമാണെന്ന് കണ്ട് അത്തരം ആവശ്യങ്ങൾക്ക് അവയുടെ ലഭ്യത അനാവശ്യമായി നിയന്ത്രിക്കരുതെന്നും കരാർ കക്ഷികളോട് നിർദേശിക്കുന്നു.

**ഇന്ത്യൻ നിയമ വ്യവസ്ഥയിൽ മയക്കുമരുന്നുകളുടെ നിയന്ത്രണം**

ഇന്ത്യയിൽ 1985-ലെ എൻഡിപിഎസ് നിയമം മയക്കുമരുന്നുകളുടെയും സൈക്കോട്രോപിക് മരുന്നുകളുടെയും കൃഷി, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നു. അതിനാൽ ഈ നിയമം അത്തരം നിയന്ത്രിത വസ്തുക്കളുടെ നിയമവിരുദ്ധ വ്യാപാരം, കൈവശംവയ്ക്കൽ, ഉപയോഗം എന്നിവ കുറ്റകരമാക്കുന്നു.

വൈദ്യശാസ്ത്രപരവും ശാസ്ത്രീയപരവുമായ ആവശ്യങ്ങൾക്കായി മയക്കുമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടി 2014-ൽ എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി കൊണ്ടുവരികയും അപ്രകാരം അവശ്യ മയക്കുമരുന്നുകൾ എന്ന പുതിയ വ്യവസ്ഥ വകുപ്പ് 2(vii a) ൽ ഉൾപ്പെടുത്തുകയും ചെയ്തു. അപ്രകാരം അവശ്യ മയക്കുമരുന്നുകളുടെ പട്ടിക തയ്യാറാക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് റൂൾസ്, [2015 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (മൂന്നാം ഭേദഗതി) ചട്ടങ്ങൾ] ചട്ടം 52A പ്രകാരം, പ്രസ്തുത ചട്ടങ്ങളിൽ ഉള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെ മറ്റാരും അവശ്യ മയക്കുമരുന്ന് കൈവശം വയ്ക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്ത ഒരു മെഡിക്കൽ പ്രാക്ടീഷണർക്കും രജിസ്റ്റർ ചെയ്ത മെഡിക്കൽ സ്ഥാപനത്തിനും ഉപയോഗത്തിനായി അവശ്യ മയക്കുമരുന്ന് കൈവശം വയ്ക്കാം എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചട്ടം 52W പ്രകാരം ഹോം കെയർ ചികിത്സയെ കുറിച്ചും നിർദ്ദേശമുണ്ട്. പ്രസ്തുത ചട്ട പ്രകാരം അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു രോഗിക്ക്, അത്തരം അംഗീകൃത മെഡിക്കൽ സ്ഥാപനത്തിലെ യോഗ്യതയുള്ള ഉദ്യോഗസ്ഥരെ രോഗിയുടെ

താമസ സ്ഥലത്തേക്ക് നിയോഗിച്ചുകൊണ്ട് ഹോം കെയർ ചികിത്സ നൽകാനും നിയുക്ത മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സാഹചര്യം അനുസരിച്ച്, ചുമതലയുള്ള വ്യക്തിയും, അത്തരം രോഗിയുടെ ചികിത്സയ്ക്ക് ആവശ്യമായ അളവിൽ അവശ്യ മയക്കുമരുന്ന് കൈവശം വെയ്ക്കാനും ഉപയോഗിക്കാനും അധികാരപ്പെടുത്തുന്നു.

**വേദന നിയന്ത്രണവും ആർട്ടിക്കിൾ 21 മൗലികാവകാശവും**

ജീവിതാവസാനത്തിൽ ശരിയായ വേദന നിയന്ത്രണവും വേദനയിൽ നിന്നുള്ള ആശ്വാസവും രോഗിയുടെ മൗലികാവകാശത്തിന്റെ ഭാഗമാണ്. അന്തസ്സോടെയുള്ള ജീവിതം ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമുള്ള മൗലിക അവകാശത്തിന്റെ ഭാഗമാണ്. ഇത് നിരവധി കേസ് നിയമങ്ങളിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുണ്ട്. **കോമൺ കോസ് v. യൂണിയൻ ഓഫ് ഇന്ത്യ (2018)** എന്ന കേസിൽ, കോടതി നിഷ്ക്രിയ ദയാവധം നിയമവിധേയമാക്കുകയും ആർട്ടിക്കിൾ 21 പ്രകാരം അന്തസ്സോടെ മരിക്കാനുള്ള അവകാശത്തെ ഒരു മൗലികാവകാശമായി അംഗീകരിക്കുകയും ചെയ്തു.

**ഫ്രാൻസിസ് കൊറാലി മുള്ളിൻ v. അഡ്മിനിസ്ട്രേറ്റർ, യൂണിയൻ ടെറിട്ടറി ഓഫ് ഡൽഹി എന്ന കേസിൽ**, ഭരണഘടനയുടെ ആർട്ടിക്കിൾ 21 ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിൽ അന്തസ്സോടെ ജീവിക്കാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്ന് കോടതി അംഗീകരിച്ചു.

**ഡോ. അശ്വനി കുമാർ vs യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും** എന്ന വിധിന്യായത്തിൽ അന്തസ്സോടെ ജീവിക്കാനുള്ള അവകാശം, അഭയത്തിനുള്ള അവകാശം, ആരോഗ്യത്തിനുള്ള അവകാശം എന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുക മാത്രമല്ല, നടപ്പിലാക്കുകയും എല്ലാ പൗരന്മാർക്കും ലഭ്യമാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണ് എന്ന് സുപ്രീം കോടതി പ്രസ്താവിച്ചിട്ടുണ്ട്. **മുഹമ്മദ് അഹമ്മദ് (മൈനർ) vs യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും (2014)** എന്ന വിധിന്യായത്തിൽ ആരോഗ്യത്തിനുള്ള അവകാശം മൗലിക അവകാശങ്ങളുടെ ഭാഗമാണെന്ന് ബഹു. സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുണ്ട്.

ആരോഗ്യത്തിനുള്ള അവകാശവും ആരോഗ്യ സംരക്ഷണവും ഭരണഘടനയുടെ ആർട്ടിക്കിൾ 21, 38, 46 എന്നിവയുടെ ഭാഗമാണ്. അതനുസരിച്ച്, ഓരോ വ്യക്തിക്കും ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണത്തിനുള്ള മൗലികാവകാശമുണ്ട്.

**ഉപസംഹാരം**

2010 California Health and Safety Code Section 124960-124961 പ്രകാരം അർബുദം അല്ലെങ്കിൽ അർബുദമല്ലാത്ത അവസ്ഥകളിൽ നിന്ന് ഉത്ഭവിക്കുന്ന നിശിതവും വിട്ടുമാറാത്തതുമായ വേദനയ്ക്ക് അപര്യാപ്തമായ ചികിത്സ ഒരു പ്രധാന ആരോഗ്യ പ്രശ്നമാണെന്നും ചില രോഗികൾക്ക്, ഒരു ഡോക്ടർക്ക് നൽകാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ചികിത്സ വേദന നിയന്ത്രണം ആണെന്നും കൂടാതെ കഠിനമായ വിട്ടുമാറാത്ത വേദന അനുഭവിക്കുന്ന ഒരു രോഗിക്ക് അവരുടെ വേദനയ്ക്ക് ശരിയായ ചികിത്സ ലഭിക്കാനുള്ള അവകാശം ഉണ്ടെന്നും പ്രസ്താവിക്കുന്നു.

2019-ലെ കേരള സംസ്ഥാന പാലിയേറ്റീവ് കെയർ നയം പ്രകാരം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട ഓപിയോയിഡുകളുടെയും (opioids) മറ്റ് അവശ്യ മരുന്നുകളുടെയും ലഭ്യത ഉറപ്പാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ അവശ്യ മരുന്നുകളുടെ പട്ടിക പരിഷ്കരിക്കുമെന്നും സർക്കാർ അല്ലെങ്കിൽ അംഗീകൃത സർക്കാരിതര ഏജൻസികളുടെ ഹോം വിസിറ്റ് ടീമുകൾ

വഴി ഒരു സ്റ്റാൻഡേർഡ് ലിസ്റ്റ് അനുസരിച്ച് മരുന്നുകളുടെയും സാധനങ്ങളുടെയും ഫല പ്രദമായ വിതരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ പാലിയേറ്റീവ് ഗ്രിഡ് പദ്ധതി അനുസരിച്ച് സന്നദ്ധ സംഘടന കളുടെയും പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും പിന്തുണയോടെ ഗുരുതര രോഗബാധിതർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാപരവും സാമൂഹ്യവും മാന സികവുമായ ഗൃഹകേന്ദ്രീകൃത പരിചരണം വിഭാവന ചെയ്യുന്നു.

എന്നാൽ വേദന അനുഭവിക്കുന്ന രോഗികളുടെ സാന്ത്വനപരിചരണത്തിനായി National List of Essential Medicines-ലും എൻഡിപിഎസ് നിയമത്തിലും മതിയായ ഭേദഗതി വരുത്തേണ്ടതുണ്ട്. അപ്രകാരം മേൽപ്പറഞ്ഞ ചട്ടങ്ങൾ വഴി മയക്കുമരുന്നുകളുടെയും സൈക്കോട്രോപിക് മരുന്നുകളുടെയും സംഭരണം, മെഡിക്കൽ ഉപയോഗം എന്നിവ ലൈസൻസ് വഴിയും ശക്തമായ പരിശോധന വ്യവസ്ഥ വഴിയും കർശന മായി നിയന്ത്രിക്കപ്പെടുന്നു. ആയത് മയക്കുമരുന്നുകൾ കൊണ്ടുള്ള ദുരുപയോഗം തടയാനും തുടർന്നുള്ള സാമൂഹ്യ വിപത്തിനെ തടയാനും അത്യാവശ്യമാണ്. എന്നിരുന്നാലും കർശന നിയന്ത്രണത്തിന്റെ ഒരു അപ്രതീക്ഷിത പരിണിത ഫലം എന്തെന്നാൽ അടിയന്ത രഘട്ടത്തിലുള്ള സാന്ത്വന പരിചരണത്തിനും മാറാരോഗങ്ങൾക്കുള്ള വേദന നിയന്ത്രണ ചികിത്സക്കും ആവശ്യമായ മരുന്നുകൾ ലഭ്യമാകാത്തതും അല്ലെങ്കിൽ ആയതിന്റെ ലഭ്യത കുറയുന്നതും സാധാരണ ജനങ്ങൾക്ക് അപ്രാപ്യം ആവുകയും ചെയ്യുന്നു എന്നതാണ്.

മയക്കു മരുന്നുകളുടെ കർശനമായ ലൈസൻസ് അടിസ്ഥിത നിയന്ത്രണം പ്രസ്തുത മരുന്നുകളുടെ ലഭ്യത തടയുന്നതിനോടൊപ്പം തന്നെ സാന്ത്വന പരിചരണത്തെ സന്നദ്ധ സംഘടനകൾ വഴിയും ഗാർഹിക പരിചരണം വഴിയും വികേന്ദ്രീകരിക്കാനുള്ള ശ്രമങ്ങളെ പരിമിതപ്പെടുത്തുന്നു. രോഗികൾക്കായി അവശ്യ നാർക്കോട്ടിക് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര കൺവെൻഷനുകൾക്ക് അനുസൃതമായി നിയമപ രമായ ലൈസൻസിംഗ് ലളിതമാക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

*കുറിപ്പ്: മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെയുള്ള NDPS നിയമത്തിലെ ക്രിമിനൽ വ്യവസ്ഥകളുടെ കാഠിന്യം കുറയ്ക്കുന്നതിനെ ഈ ലേഖനം പിന്തുണയ്ക്കുന്നില്ല.*






# വേറിട്ട
# വിധികൾ

കുറിപ്പ് : വേറിട്ട വിധികളിൽ ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമ വിധികൾ അല്ല. വ്യത്യസ്തവും കൗതുകകരവുമായ വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്




2019-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 35-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത പരാതി പ്രകാരം, പരാതിക്കാരൻ ഒരു സുഹൃത്തിനൊപ്പം 09-11-2024 ന് രാത്രി 10:30 ന് "പേർഷ്യൻ ടേബിൾ" എന്ന റെസ്റ്റോറന്റിൽ ഭക്ഷണം കഴിച്ചു. അവർ പൊറോട്ടയും ബീഫ് ഫ്രൈയും ഓർഡർ ചെയ്തതായും, അതിനോടൊപ്പം ഗ്രേവി വിളമ്പാത്തതിനാൽ ഭക്ഷണം "ഡ്രൈ' ആയതിനാൽ കഴിക്കാൻ സുഖകരമല്ലെന്നും ആരോപിക്കുന്നു. ഇതിനെ പറ്റി അന്വേഷിച്ചപ്പോൾ, ഉപഭോക്താക്കൾക്ക് ഗ്രേവി നൽകാറില്ലെന്നും, അത് റെസ്റ്റോറന്റിന്റെ വിൽപ്പന നയങ്ങൾക്ക് വിരുദ്ധമാണെന്ന് സ്ഥാപനത്തിന്റെ ജീവനക്കാർ വിശദീകരിച്ചു. അതിൽ തൃപ്തരല്ല എങ്കിൽ കൂടിയും, പരാതിക്കാരനും സുഹൃത്തും ഭക്ഷണം കഴിച്ച് ബില്ല് അടച്ചുവെന്നും പ്രസ്താവിച്ചിട്ടുണ്ട്. തുടർന്ന്, പരാതിക്കാരൻ ഉടമയുമായി ബന്ധപ്പെട്ടുകയും, ഗ്രേവി വിളമ്പുന്നത് തന്റെ സ്ഥാപനത്തിന്റെ വിൽപ്പന നയമല്ലെന്ന് അദ്ദേഹവും വ്യക്തമാക്കുകയും ചെയ്തു. എതിർകക്ഷികളുടെ മേൽപ്പറഞ്ഞ നടപടികളിൽ സങ്കടപെട്ടുകൊണ്ട്, പരാതിക്കാരൻ കുന്നത്തുനാട് താലൂക്ക് സപ്ലൈ ഓഫീസർക്ക് പരാതി നൽകുകയും, അദ്ദേഹം 20-11-2024-ന് പരിശോധന നടത്തുകയും, ടി സ്ഥാപനം "ഡ്രൈ' ആയ ഭക്ഷണ സാധനങ്ങൾക്കൊപ്പം ഗ്രേവി നൽകുന്നില്ലെന്ന് സ്ഥിരീകരിച്ചു. ഇതിനെത്തുടർന്നു പരാതിക്കാരൻ 2019-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം എതിർകക്ഷികൾക്ക് എതിരായി എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ സമീപിച്ചു. അതിൽ, മാനസിക വേദനക്ക് നഷ്ടപരിഹാരമായി 1,00,000 രൂപയും, കേസുമായി ബന്ധപ്പെട്ട് ചെലവുകൾക്കായി 10,000 രൂപയും, ആവശ്യപ്പെട്ടു.

പരാതിക്കാരന്റെ അഭിപ്രായത്തിൽ, ടി പ്രവർത്തി 2019-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ള നിയന്ത്രിത വ്യാപാര സമ്പ്രദായത്തിൽ (restrictive trade practice) പെടുന്നതാണ്. ഗ്രേവി കിട്ടാൻ ഒരു കറി വാങ്ങാൻ ഉപഭോക്താക്കളെ നിർബന്ധിക്കുക വഴി അവരെ ചൂഷണം ചെയ്യുക എന്നതാണ് റസ്റ്റോറന്റിന്റെ ലക്ഷ്യം. ഗ്രേവി നിഷേധിക്കുന്നത് ആക്റ്റിലെ 2(11)-ാം വകുപ്പ് പ്രകാരം സേവനത്തിലെ പോരായ്മയാണ്. ഒരു ഉപഭോക്താവിനെ അവഗണിച്ചുകൊണ്ടും അസൗകര്യമുണ്ടാക്കുന്ന ഒരു വീഴ്ച വരുത്തിയും പ്രതീക്ഷിച്ച സേവന നിലവാരം പാലിക്കുന്നതിൽ റസ്റ്റോറന്റ് പരാജയപ്പെട്ടു.

ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 21-ാം വകുപ്പും, 2006-ലെ ഭക്ഷ്യസുരക്ഷാ ആക്റ്റിനെയും പരാതിയിൽ പരാമർശിക്കുന്നുണ്ട്. അവയിൽ, മനുഷ്യ ഉപഭോഗത്തിനായുള്ള ഏതൊരു വസ്തുവും ഭക്ഷണമാണെന്ന് നിർവചിച്ചിരിക്കുന്നു. ഗ്രേവി പോലുള്ളവ ഇല്ലാതെ ഭക്ഷണം വിളമ്പുന്നത് ഭക്ഷണത്തിന്റെ ഗുണനിലവാരം കുറയ്ക്കുമെന്നും ആരോപിച്ചു. റസ്റ്റോറന്റിന്റെ സമീപനം ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ നിർവചിച്ചിരിക്കുന്നതു പോലെയുള്ള ദോഷം തനിക്ക് വരുത്തിയെന്നും പരാതിക്കാരൻ വാദിച്ചു.

ഓർഡർ ചെയ്ത കഴിച്ച ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം, അളവ്, സുരക്ഷ എന്നിവ സംബന്ധിച്ച് പരാതിക്കാരൻ യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നം ഗ്രേവി നൽകാത്തതുമായി ബന്ധപ്പെട്ടാണ്, പരാതിക്കാരൻ അതിനുവേണ്ടി പണം നൽകിയിട്ടുമില്ല. റസ്റ്റോറന്റ് അത് വാഗ്ദാനം ചെയ്തിട്ടുമില്ല

2019 ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിലെ 2(11)-ാം വകുപ്പ് പ്രകാരം, "പോരായ്മ'

എന്നാൽ നിയമമോ കരാറോ പ്രകാരം സേവനം നിർവഹിക്കുന്നതിൽ പാലിക്കേണ്ട ഗുണമേന്മ, സ്വഭാവം, രീതി എന്നിവയിലുള്ള ഏതെങ്കിലും വീഴ്ച, അപൂർണ്ണത, അല്ലെങ്കിൽ അപര്യാപ്തത ആണ്. ഈ കേസിൽ, ഗ്രേവി നൽകുന്നതിന് എതിർകക്ഷികളുടെ ഭാഗത്ത് നിന്നും കരാർ പ്രകാരമുള്ള ബാദ്ധ്യത ഉണ്ടായിരുന്നില്ല.

അതിനാൽ, പൊറോട്ടയും ബീഫും നൽകുന്ന സമയത്ത് ഗ്രേവി നൽകാത്തത് എതിർ കക്ഷികളുടെ സേവനത്തിലെ പോരായ്മ യായി കണക്കാക്കാനാവത്തതിനാൽ, ഉപ ഭോക്തൃ ബന്ധം സ്ഥാപിച്ചിട്ടില്ല. ലഭിക്കുന്ന സേവനത്തിനും നൽകുന്ന പ്രതിഫലത്തിനും തമ്മിൽ നേരിട്ടുള്ള ബന്ധമില്ലെങ്കിൽ, ഉപ ഭോക്തൃ സംരക്ഷണ ആക്റ്റ് പ്രകാരം പരാതി നിലനിൽക്കില്ല എന്നത് സുസ്ഥാപിതമാണ്. ഒരു ഇടപാട് സംബന്ധിച്ച് ബന്ധം നിലനിൽക്കേണ്ടത് ഉപഭോക്തൃ കമ്മീഷന്റെ അധികാരിത വിനിയോഗിക്കുന്നതിന് ഒരു മുൻവ്യവസ്ഥയാണ്.

ഈ കേസിൽ എതിർകക്ഷി തെറ്റായി വിവരം നൽകിയതിനോ, തെറ്റായ വാഗ്ദാനങ്ങൾ നൽകിയതിനോ, വഞ്ചനാപരമായ വ്യാപാര രീതി നടത്തിയതിനോ തെളിവുകളൊന്നുമില്ല. ഓർഡർ ചെയ്ത വിഭവങ്ങളോടൊപ്പം ഗ്രേവി ഉൾപ്പെടുത്തിയതായോ അതോടൊപ്പം ഗ്രേവി വാഗ്ദാനം ചെയ്തതായോ മെനുവിലോ ബില്ലിലോ സൂചനയില്ല. നിയമപരമോ കരാർ പ്രകാരമോ ഉള്ള ബാധ്യതയുടെ അഭാവത്തിൽ, ഭക്ഷണത്തോടൊപ്പം അനുബന്ധ സാധനങ്ങൾ നൽകുന്നതോ നൽകാത്തതോ സംബന്ധിച്ച റസ്റ്റോറന്റിന്റെ വിൽപ്പന നയത്തെ സേവനത്തിലെ പോരായ്മയായി കണക്കാക്കാൻ കഴിയില്ല. തത്ഫലമായി, 2019 ലെ ഉപ ഭോക്തൃ സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പരാതി നിലനിൽക്കില്ലെന്ന് കമ്മീഷൻ കണ്ടെത്തുകയും അതനുസരിച്ച് അത് തള്ളുകയും ചെയ്തു.

[സി.സി. നമ്പർ 549/2025-ൽ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച 19-5-2025-ലെ അന്തിമ ഉത്തരവിനെ അടിസ്ഥാനമാക്കി.]





**ഷർട്ട് തയ്ച്ച് നൽകിയതിലെ പിഴവുകൾ പരിഹരിക്കുവാൻ തയ്യാറാവാത്തത് 'സേവനത്തിലെ പോരയ്മ' : പിഴ ചുമത്തി ജില്ലാ കമ്മീഷൻ**

2019-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ 35-ാം വകുപ്പ് പ്രകാരമാണ് നിലവിലെ പ രാതി നൽകിയിരിക്കുന്നത്. പരാതിക്കാരനായ സോഫ്റ്റ്‌വെയർ എഞ്ചിനീയർ 14-08-2023 ന് എതിർകക്ഷിയായ തയ്യൽക്കാരനെ സമീപിച്ച് ഒരു ഷർട്ട് തൈക്കാൻ ആവശ്യപ്പെടുകയും, അതിനാവശ്യമായ തുണിയും, അളവ് ഷർട്ടും നൽകുകയും എതിർകക്ഷി അത് സ്വീകരിക്കുകയും ചെയ്തു.

തയ്ച്ച് ഷർട്ട് പരാതിക്കാരന് വേണ്ടി തിരികെ വാങ്ങിയത് അയാളുടെ ബന്ധു ആയിരുന്നു. തയ്യൽക്കൂലിയായി 550 രൂപ നൽകുകയും ചെയ്തു. എന്നാൽ തൈച്ചുകൊണ്ടു വന്ന ഷർട്ട് ധരിച്ചപ്പോൾ, അയാൾക്ക് ധരിക്കാൻ കഴിയാത്ത തരത്തിലായിരുന്നുവെന്ന് പരാതിക്കാരൻ കണ്ടെത്തി.

അതിനാൽ 06-01-2024-ന് പരാതിക്കാരൻ എതിർകക്ഷിയെ സമീപിക്കുകയും തയ്ച്ച് ഷർട്ട് തിരികെ നൽകിക്കൊണ്ട് ആദ്യം നൽകിയ അളവ് അനുസരിച്ച് ഷർട്ട് തയ്ച്ചു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, എതിർകക്ഷി അതനുസരിച്ച് വീണ്ടും തയ്ച്ചു നൽകാനോ അല്ലാത്തപക്ഷം തയ്യൽക്കൂലി തിരികെ നൽകാനോ തയ്യാറായില്ല. ഈ സാഹ ചര്യത്തിൽ 17-02-2024-ന് എതിർകക്ഷിയോട് പ്രശ്നം പരിഹരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ഒരു വക്കീൽ നോട്ടീസ് അയച്ചിരുന്നുവെങ്കിലും എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഒരു നട പടിയും ഉണ്ടായില്ല.

വാഗ്ദാനം ചെയ്ത സേവനം നൽകുന്നതിൽ എതിർകക്ഷി പരാജയപ്പെട്ടിട്ടുള്ളതിനാൽ അത് "സേവനത്തിലെ പോരായ്മ" ആണെന്ന് അവകാശപ്പെട്ടുകൊണ്ട് പരാതിക്കാരൻ എറണാകുളം ജില്ല ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനെ സമീപിച്ചു.

കമ്മീഷൻ എതിർകക്ഷിക്ക് നോട്ടീസ് നൽകുകയും, എതിർകക്ഷി അത് കൈപ്പറ്റുകയും ചെയ്തു. എന്നാൽ നിയമപ രമായ കാലയളവിനുള്ളിൽ അവരുടെ വാദം ഫയൽ ചെയ്തിട്ടില്ലാത്തതിനാൽ എക്സ്-പാർട്ടെ ആയി വിധി പ്രസ്താവിച്ചു.

താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച ശേഷമാണ് കമ്മീഷൻ ഈ കേസിൽ വിധി പ്രസ്താവിച്ചത്.

(i) പരാതി നിലനിൽക്കുമോ ഇല്ലയോ?

(ii) എതിർകക്ഷികളുടെ ഭാഗത്ത് സേവനം നൽകുന്നതിൽ എന്തെങ്കിലും പോരായ്മയോ അന്യായ വ്യാപാരവൃത്തിയോ ഉണ്ടായിട്ടുണ്ടോ?

(iii) അങ്ങനെയെങ്കിൽ, പരാതിക്കാരന് എന്തെങ്കിലും ആശ്വാസത്തിന് അർഹതയുണ്ടോ?

(iv) നടപടിക്രമങ്ങളുടെ ചിലവുകൾ, നൽകേ ണ്ടതുണ്ടോ?

നിർദ്ദിഷ്ട അളവുകളുള്ള ഒരു ഷർട്ട് തയ്ക്കുന്നതിനായി പരാതിക്കാരൻ എതിർകക്ഷിയെ സമീപിച്ചു എന്നുള്ളത് 2019-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ 2(42)-ാം വകുപ്പ് പ്രകാരം "സേവനം" എന്ന വിഭാഗത്തിൽപ്പെടുന്നു. കൂടാതെ, പരാതിക്കാരൻ തയ്യൽക്കൂലിയായി 550/- രൂപ നൽകിയതുവഴി ആക്റ്റിന്റെ 2 (7)-ാം വകുപ്പ് പ്രകാരം അദ്ദേഹം ഒരു "ഉപ ഭോക്താവ്" ആകുകയും ചെയ്തു. തയ്യൽ സേവനത്തിലെ പോരായ്മ സംബന്ധിച്ച ഒരു തർക്കം ഉന്നയിക്കപ്പെട്ടിട്ടുള്ളതിനാൽ, ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പരാതി നിലനിൽക്കുന്നതാണെന്ന് കമ്മീഷൻ കണ്ടെത്തി.

പരാതിക്കാരന് പാകമായ ഒരു ഷർട്ടിന്റെ കൃത്യമായ അളവുകൾ അടിസ്ഥാനമാക്കി ഒരു ഷർട്ട് തയ്ക്കുന്നതിന് എതിർകക്ഷി സമ്മതിച്ചതായി പരാതിക്കാരൻ തെളിവ് നൽകി. എന്നിരുന്നാലും, അങ്ങനെ തയ്ച്ചു നൽകിയ ഷർട്ടിന്റെ അളവുകൾ അളവിനായി നൽകിയ ഷർട്ടിന്റേതിൽ നിന്നും വളരെ വ്യത്യാസം ഉള്ളതായിരുന്നതിനാൽ ഉപ യോഗ്യമല്ലാതായി തീർന്നു. ഇത് 2019 ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ 2(11)-ാം വകുപ്പ് പ്രകാരം "സേവനത്തിലെ പോരായ്മ" യുടെ വ്യക്തമായ കേസാണ് എന്ന് കമ്മീഷൻ കണ്ടെത്തി. എതിർകക്ഷി ഷർട്ട് അളവുകൾക്കനുസരിച്ച് വീണ്ടും തയ്ച്ച് നൽകാനോ, തയ്യൽക്കൂലിയായി നൽകിയ തുക തിരികെ നൽകാനോ വിസമ്മതിക്കുന്നത് ആക്റ്റിന്റെ 2(47)-ാം വകുപ്പ് പ്രകാരമുള്ള "അന്യായ വ്യാപാരവൃത്തിയാണ്" എന്നും കമ്മീഷൻ കണ്ടെത്തി.

വാഗ്ദാനം ചെയ്തതുപോലെ സേവനം നൽകുന്നതിൽ പരാജയപ്പെടുന്നത് സേവന ത്തിലെ പോരായ്മയായി കണക്കാക്കുകയും അത് പരാതിക്കാരനെ നഷ്ടപരിഹാരത്തിനു അർഹനാക്കുകയും ചെയ്യുന്നു. അതിനാൽ,

സമ്മതിച്ച അളവുകൾക്കനുസരിച്ച് ഷർട്ട് തയ്ക്കുന്നതിൽ എതിർകക്ഷി പരാജയപ്പെട്ടു എന്നുള്ളത് സേവനത്തിലെ പോരായ്മയ്ക്കും അന്യായ വ്യാപാരവ്യത്തിക്കും തുല്യമാണ് എന്നും കമ്മീഷൻ കൂട്ടിചേർത്തു

എതിർകക്ഷിക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും നിയമപരമായ കാലയളവിനുള്ളിൽ ഹാജരാകുകയോ അവരുടെ രേഖാമൂലമുള്ള വാദം ഫയൽ ചെയ്യുകയോ ചെയ്തില്ല. ഇത് പരാതിക്കാരൻ ഉന്നയിച്ച ആരോപണങ്ങൾ എതിർകക്ഷി പരോക്ഷമായി സമ്മതിക്കുന്നതിന് തുല്യമാണ്.

ഷർട്ട് തയ്ച്ച് നൽകാനോ പണം തിരികെ നൽകാനോ വിസമ്മതിക്കുന്നതും നിയമപരമായ നോട്ടീസിന് മറുപടി നൽകാത്തതും ഉത്തരവാദിത്തവും പ്രൊഫഷണലിസവും ഇല്ല എന്ന് കാണിക്കുന്നു. പരാതിക്കാരന്റെ നിരാശയും നഷ്ടവും പണമൂല്യത്തിനപ്പുറത്തേക്ക് പോകുന്നു, ഇത് അയാളുടെ സമയം, അന്തസ്സ്, മനസ്സമാധാനം എന്നിവയെ ബാധിക്കുന്നു. അത്തരം നടപ ടികൾ ഉപഭോക്താവിന്റെ ആത്മവിശ്വാസം ഇല്ലാതാക്കുന്നു. എതിർകക്ഷിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ സേവനത്തിലെ പോരായ്മ കാരണം (i) മുതൽ (iv) വരെ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പരാതിക്കാർക്ക് അനുകൂലമായി ഞങ്ങൾ നിർണ്ണയിക്കുന്നു. തൽഫലമായി, എതിർകക്ഷികളുടെ അശ്രദ്ധയുടെ ഫലമായി പരാതിക്കാരന് സാരമായ അസൗകര്യവും, മാനസിക ക്ലേശവും, മറ്റു ബുദ്ധിമുട്ടുകളും, സാമ്പത്തിക നഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്.

I. അതിനാൽ എതിർകക്ഷി പരാതിക്കാരന് 2,350 രൂപ (രണ്ടായിരം മുന്നൂറ്റി അമ്പത് രൂപ മാത്രം) തുണിയുടെ വിലയായും 1,800 രൂപ (ആയിരത്തയെണ്ണൂറ് രൂപ) തയ്യൽക്കൂലിയായും തിരികെ നൽകണം.

II. പരാതിക്കാരന് മാനസിക വേദന, സാമ്പത്തിക നഷ്ടം, അസൗകര്യം എന്നിവയ്ക്കുള്ള നഷ്ടപരിഹാരമായി, എതിർകക്ഷി 5,000/- (അയ്യായിരം രൂപ) നൽകണം. സേവനത്തിലെ പോരായ്മ മൂലവും അന്യായമായ വ്യാപാരവൃത്തിമൂലവും പരാതിക്കാരൻ അനുഭവിച്ച മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾക്കും വേണ്ടിയാണ് ഈ തുക നൽകുന്നത്.

III. എതിർകക്ഷി നടപടിക്രമങ്ങളുടെ ചെലവിലേക്കായി പരാതിക്കാരന് 5,000/- (അയ്യായിരം രൂപ) നൽകണം.

മുകളിൽ പറഞ്ഞ ഉത്തരവുകൾ നിറവേറ്റുന്നതിന് എതിർകക്ഷി ബാധ്യസ്ഥനാണ്. ഈ ഉത്തരവ് ലഭിച്ച തീയതി മുതൽ 45 ദിവസത്തിനുള്ളിൽ ഈ ഉത്തരവുകൾ നടപ്പിലാക്കണം. പോയിന്റ് I, II എന്നിവയ്ക്ക് കീഴിലുള്ള പേയ്മെന്റ് ഓർഡറുകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നത് പ്രതിവർഷം 9% പലിശ നിരക്കിന് കാരണമാകും എന്നും കമ്മീഷൻ വിധിച്ചു.

[സി.സി. നമ്പർ 877/2024-ൽ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച 24-3-2025-ലെ അന്തിമ ഉത്തരവിനെ അടിസ്ഥാനമാക്കി.]




# നിയമപദപരിചയം

| | | |
|---|---|---|
| Jactitation | - | മറ്റൊരാൾക്ക് ഹാനികരമാകുന്ന പ്രസ്താവന |
| Jus necis | - | മരിക്കുന്നതിനുള്ള അവകാശം |
| Jus non scriptum | - | എഴുതപ്പെടാത്ത നിയമം |
| Justa causa | - | നിയമാനുസൃത വ്യവഹാരകാരണം |
| Knock-out agreement | - | ലേലത്തിൽ എതിരായി പങ്കെടുക്കുകയില്ലെന്ന ഉടമ്പടി |
| Latent defect | - | സാധാരണരീതിയിലുള്ള പരിശോധനയിൽ വ്യക്തമാകാത്ത അവ്യക്തത |
| Lateral | - | പാർശ്വഭാഗത്ത് സ്ഥിതിചെയ്യുന്ന |
| Leading question | - | പ്രതീക്ഷിക്കുന്ന ഉത്തരം ഉൾപ്പെടുത്തികൊണ്ടുള്ള ചോദ്യം |
| Mainpernable | - | ജാമ്യം ലഭിക്കാവുന്ന |
| Novation | - | നിലവിലുള്ള ബാധ്യതകളുടെ സ്ഥാനത്ത് മറ്റൊന്ന് പ്രതിഷ്ഠിക്കൽ |
| Novus homo | - | ചെയ്ത കുറ്റത്തിന് മാപ്പ് ലഭിച്ച ആൾ |
| Preferential voting | - | മുൻഗണനാക്രമത്തിൽ വോട്ട് ചെയ്യുന്ന സമ്പ്രദായം |
| Quantum meruit | - | ഒരാൾക്ക് ലഭിക്കേണ്ടുന്നത് മുഴുവൻ |
| Quasi-contract | - | ഉടമ്പടിക്ക് സദൃശ്യമായ നിയമാനുസൃത ബാധ്യത |




(Legal Maxims)

# നിയമസൂക്തങ്ങൾ

***affectus punitur licet non sequatur effectus. [The intention is punished although the consequence does not follow.]***

ഉദ്ദേശ്യം, അനന്തരഫലം ഉളവാകുന്നില്ലെങ്കിലും, ശിക്ഷിക്കപ്പെടുന്നു.

ലക്ഷ്യം നേടുന്നില്ലെങ്കിൽ കൂടിയും ഉദ്ദേശ്യം ശിക്ഷിക്കപ്പെടുന്നു.

***bonum necessarium extra terminos necessitatis non est bonum. [A good thing required by necessity is not good beyond the limits of such necessity.]***

അനിവാര്യത ആവശ്യമാക്കിയ ഒരു നല്ല സംഗതി, അങ്ങനെയുള്ള അനിവാര്യതയുടെ പരിധികൾക്കപ്പുറം നല്ലതല്ല.

***Cum duo inter se pugnantia reperiuntur in testamento, ultimum ratum est. [When two clauses are found in a will, contradictory of, or inconsistent with, each other, the last is confirmed.]***

ഒരു വിൽപ്പത്രത്തിൽ പരസ്പര വിരുദ്ധമായതോ അസംഗതമായതോ ആയ രണ്ട് ഖണ്ഡങ്ങൾ കാണപ്പെടുമ്പോൾ, അവസാനത്തേത് സ്ഥിരീകരിക്കപ്പെടുന്നു.

ഒരു വിൽപ്പത്രത്തിൽ രണ്ട് ഖണ്ഡങ്ങൾ പരസ്പരവിരുദ്ധമായി കാണപ്പെടുമ്പോൾ, ക്രമത്തിൽ അവസാനത്തേത് പ്രാമാണ്യം സിദ്ധിക്കുന്നു.

***divinatio, non interpretatio, est quae omnino recedit a litera. [That is guessing, not interpretation, which altogether departs from the letter.]***

വാച്യാർഥത്തിൽ നിന്ന് മൊത്തത്തിൽ വ്യതിചലിക്കുന്നത് എന്താണോ, അത് ഊഹമാണ്, വ്യാഖ്യാനമല്ല.

വാച്യാർഥത്തിൽ നിന്ന് മൊത്തത്തിൽ വ്യതിചലിക്കുന്നത് ഊഹമാണ്, വ്യാഖ്യാനമല്ല.

***Expressio unius est exclusio alterius. [The special mention of one thing operates as the exclusion of things differing from it.]***

ഒരു സംഗതിയെ കുറിച്ചുള്ള പ്രത്യേക പ്രസ്താവം, അതിൽ നിന്ന് വ്യത്യാസപ്പെടുന്ന സംഗതികളുടെ ഒഴിവാക്കലായി പ്രവർത്തിക്കുന്നു.

ഒരു ആളിനെയോ വസ്തുവിനെയോ കുറിച്ചുള്ള പ്രത്യേക പ്രസ്താവം, മറ്റൊരാളുടെയോ വസ്തുവിന്റെയോ ഒഴിവാക്കലാണ്.

***festinatio justitiae est noverca infortunii. [Swift justice is the step mother of misfortune.]***

വേഗത്തിലുള്ള നീതി നിർഭാഗ്യത്തിന്റെ ചിറ്റമ്മയാണ്.

***ignodcitur ei qui sanguinem suum qualiter redemptum voluit. [He is justified who has acted in pure defence of his own life or limb.]***

തന്റെ സ്വന്തം ജീവന്റെയോ അവയവത്തിന്റെയോ സുരക്ഷണത്തിൽ മാത്രം പ്രവർത്തിച്ചിട്ടുള്ളയാൾ ന്യായീകരിക്കപ്പെടുന്നു.

തന്റെ സ്വന്തം രക്തം (അല്ലെങ്കിൽ ജീവൻ) ഏതെങ്കിലും വ്യവസ്ഥകളിന്മേൽ, അവ എന്തായാലും, കഠിനാധ്വാനത്തിലൂടെ നേടിയ ഒരാൾ ക്ഷമിക്കപ്പെടുന്നു.

ജീവനോ അവയവമോ നഷ്ടപ്പെടുമെന്ന ഭയത്തിൻകീഴിൽ ഒരാൾ ചെയ്യാവുന്നത് എന്തായാലും, അത് അയാളെ ബന്ധിക്കുന്നതായി നിയമത്തിൽ കണക്കാക്കപ്പെടുന്നതല്ല.

***Judici officium suum excedenti non paretur. [Effect is not given to the decision of a judge delivered in excess of his jurisdiction.]***

ഒരു ന്യായാധിപൻ തന്റെ അധികാരിതയുടെ അധികരണത്തിൽ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിന് പ്രഭാവം നൽകപ്പെടുന്നില്ല. തന്റെ ഉദ്യോഗത്തെ (അല്ലെങ്കിൽ അധികാരിതയെ) അതിക്രമിക്കുന്ന ഒരു ന്യായാധിപൻ അനുസരിക്കപ്പെടുന്നില്ല.

***lex reprobat moram. [The law reprobates delay.]***

നിയമം കാലതാമസം വർജിക്കുന്നു.

നിയമം കാലതാമസത്തെ നിരാകരിക്കുന്നു.

***pacta privata non derogant juri communi. [Private agreements cannot derogate from common right.]***

പൊതു അവകാശത്തിന് (അല്ലെങ്കിൽ നിയമത്തിന്) ന്യൂനത വരുത്തുവാൻ സ്വകാര്യ കരാറുകൾക്ക് കഴിയുന്നതല്ല.

***Qui parcit nocentibus innocentes punit. [He who spares the guilty punishes the innocent.]***

ആരാണോ അപരാധിക്ക് ദയ കാണിക്കുന്നത്, അയാൾ നിരപരാധിയെ ശിക്ഷിക്കുന്നു.




മഹച്ചരിതം
മഹത് കാവ്യം ( മഹാന്റെ കാവ്യം)
മഹത്വം
മഹദ്വചനം
മഹദ്വാക്യം
മഹാകാവ്യം (വലിയ കാവ്യം)
മഹാവ്യക്തി
മാംഗല്യം (വിവാഹം)
മാഢം
മാത്സര്യം
മാധ്യമം
മാധ്യമഭാഷ
മാനകീകരണം
മാനേജർ
മാൻഡമസ് റിട്ട്
മാന്ദ്യം
മാർഗം
മിതത്വം
മിഥുനം
മിനിറ്റ്
മിഷൻ
മുക്തകണ്ഠം
മുഖചിത്രം
മുഖതാവിൽ
മുഖപത്രം
മുഖാന്തരം
മുഗ്ധം
മുജ്ജന്മം
മുണ്ഡനം
മുതലാളിത്തം
മുദ്രപ്പത്രം
മുനിസിപ്പൽ കോർപ്പറേഷൻ
മുനിസിപ്പാലിറ്റി
മുന്നാക്കം
മുന്നോട്ട്
മുമ്പ്
മുഷ്ടി
മൂഢത്വം
മൂർച്ച
മൂർഛ
മൂർധന്യം
മൃഷ്ടാന്നം
മെക്കാനിക്ക്
മെഡിക്കൽ ബോർഡ്
മെമ്മോറാണ്ടം
മെഷീൻ
മെഷീൻ ഓപ്പറേറ്റർ
മേഖല

മേട്രൺ
മേധാവിത്വം
മേൽക്കോയ്മ
മേല്പറഞ്ഞ
മൊബൈൽഫോൺ
മോട്ടോർവാഹന ലൈസൻസ്
മ്ലേച്ഛം
യജ്ഞം
യഥാർഥം
യദൃച്ഛയാ
യന്ത്രവൽക്കരണം
യശ:ശരീരൻ/യശശ്ശരീരൻ
യശസ്സ്
യാചക
യാചകൻ
യാഥാർഥ്യം
യാദൃച്ഛികം
യുഗ്മം
യൂണിയൻ
യൗവനം
രക്ഷാകർത്താവ്
രക്ഷിതാവ്
രജിസ്ട്രാർ
രജിസ്ട്രേഷൻ
രജിസ്റ്റർ
രാഷ്ട്രീയം
രൂപവൽക്കരണം
രോഗഗ്രസ്തൻ
ലംഘനം
ലബ്ധം
ലബ്ധപ്രതിഷ്ഠം
ലഭ്യം
ലളിതമാക്കുക
ലളിതീകരണം
ലാ ഓഫീസർ
ലാഞ്ഛന
ലാൻഡ് റവന്യൂ
ലിംഗനിർണ്ണയം
ലിസ്റ്റ്
ലുപ്തം
ലുബ്ധം
ലെക്സിക്കൺ
ലെഫ്റ്റനന്റ് ജനറൽ
ലേഖകൻ
ലേഖിക
ലൈസൻസ്
വക്കീൽ
വച്ചു
വനവൽക്കരണം
വനിതാക്കമ്മീഷൻ
വനിതാദിനം
വയർലസ്
വയസ്സ്
വയ്ക്കുക
വരവുചെലവ്
വർഗീകരണം
വർജ്യം
വർണ്ണപരിണാമം
വർണ്ണമാല
വർധന
വർമ്മ
വല്മീകം
വസ്തുനിഷ്ഠം
വളർച്ചനിരക്ക്
വാക്സിൻ
വാഗ്ഭടൻ
വാഞ്ഛ
വാത്സല്യം
വായനക്കളരി
വായനദിനം
വായനവാരം
വായനശാല
വായനശീലം
വായ്പനയം
വാർഡൻ
വാർത്താപ്രക്ഷേപണം
വാർത്താപ്രാധാന്യം
വാർത്താവിനിമയം
വാർധക്യം
വാല്മീകി




# നിയമലോകം

**ബാർ കൗൺസിൽ അംഗീകരിക്കാത്ത ഓൺലൈൻ, വിദൂര, എക്സിക്യൂട്ടീവ് എൽ. എൽ. എം. പ്രോഗ്രാമുകൾക്കെതിരെ മുന്നറിയിപ്പ് നൽകി ബി.സി.ഐ.**

ചില ദേശീയ നിയമ സർവകലാശാലകളും, ചില സ്വകാര്യ നിയമ സർവകലാശാലകളും ഉൾപ്പെടെ രാജ്യത്തുടനീളമുള്ള വിവിധ സ്ഥാപനങ്ങൾ ബാർ കൗൺസിൽ ഓഫ് ഇന്ത്യയിൽ (ബി.സി.ഐ.) നിന്ന് മുൻകൂർ അനുമതി വാങ്ങാതെ എൽഎൽ.എം. (പ്രൊഫഷണൽ), എക്സിക്യൂട്ടീവ് എൽ.എൽ.എം., നിയമവുമായി ബന്ധപ്പെട്ട മറ്റ് പ്രോഗ്രാമുകൾ നടത്തുന്നതിനായി ബി.സി.ഐ. അറിയിച്ചു. ഇവ പലപ്പോഴും വാരാന്ത്യ ക്ലാസുകൾ, ഓൺലൈൻ മൊഡ്യൂളുകൾ, അല്ലെങ്കിൽ ഹാജരോ ആവശ്യമില്ലാതെ ഹൈബ്രിഡ് ഫോർമാറ്റുകൾ വഴിയാണ് നടത്തുന്നത്. ചില സ്ഥാപനങ്ങൾ, നിയമ ബിരുദം ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് പോലും പ്രവേശനം നൽകുന്നതായി കണ്ടുവരുന്നു.

ബന്ധപ്പെട്ട നിയന്ത്രണ ഏജൻസിയുടെ അംഗീകാരമില്ലാതെ ഓൺലൈൻ അല്ലെങ്കിൽ വിദൂര പ്രൊഫഷണൽ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നത് ഇവ നിരോധിക്കുന്ന 1961-ലെ അഭിഭാഷക ആക്ട്, ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിയമ വിദ്യാഭ്യാസ ചട്ടങ്ങൾ, വിനീത് ഗാർഗ് v. യു.ജി.സി., ഒഡീഷ ലിഫ്റ്റ് ഇറിഗേഷൻ കോർപ്പറേഷൻ v. പത്രോ എന്നീ കേസുകളിലെ സുപ്രീം കോടതി വിധിന്യായങ്ങൾ എന്നിവയ്ക്ക് വിരുദ്ധമാണെന്ന് ബി.സി.ഐ പ്രസ്താവിച്ചു.

ഇതുമായി ബന്ധപ്പെട്ട് ബിസിഐ നിരവധി സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. 2020-ലെ ദേശീയ വിദ്യാഭ്യാസ നയം (NEP) പ്രകാരമുള്ള ബഹുമുഖ-വിജ്ഞാനശാഖയെ (multi-disciplinary flexibility) ഉദ്ധരിച്ചും അത്തരം പ്രോഗ്രാമുകളെ “എക്സിക്യൂട്ടീവ്” അല്ലെങ്കിൽ “ഇന്നവേറ്റീവ്” എന്ന് തരംതിരിച്ചു കൊണ്ടും ചില സ്ഥാപനങ്ങൾ തങ്ങളുടെ




പ്രോഗ്രാമുകളെ ന്യായീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും, എന്നാൽ NEP 2020 നിയമ വിദ്യാഭ്യാസത്തെ അതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും, ബി.സി.ഐ.യുടെ നിയന്ത്രണ അധികാരത്തെ മറികടക്കാൻ സ്ഥാപനപരമായ സ്വയംഭരണാവകാശം ഉപയോഗിക്കാൻ കഴിയില്ലെന്നും ബി.സി.ഐ. വ്യക്തമാക്കിട്ടുണ്ട്.ബി.സി.ഐ.യുടെ നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് ദേശീയ നിയമ സർവകലാശാലകൾ ഉൾപ്പെടെയുള്ള ചില സ്ഥാപനങ്ങൾ അത്തരം പ്രോഗ്രാമുകൾ പിൻവലിച്ചിട്ടുള്ളതാണ്.

നിരാകരണങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ പോലും, എക്സിക്യൂട്ടീവ് കോഴ്സുകൾക്കും ഡിപ്ലോമ സ്വഭാവമുള്ള കോഴ്സുകൾക്കും പാർട്ട് ടൈം കോഴ്സുകൾക്കും എൽ.എൽ.എം. പോലുള്ള സംരക്ഷിത നാമകരണം നൽകുന്നത് നിയമപ്രകാരം അനുവദനീയമല്ലെന്ന് ബി.സി.ഐ. ആവർത്തിച്ചു. എൽഎൽ.ബി., എൽഎൽ.എം., മറ്റ് നിയമ യോഗ്യതകൾ എന്നിവയുൾപ്പെടെയുള്ള നിയമ വിദ്യാഭ്യാസ പരിപാടികൾ ഓൺലൈൻ, ഹൈബ്രിഡ് അല്ലെങ്കിൽ വിദൂര മോഡുകൾ വഴി മുൻകൂർ അനുമതിയില്ലാതെ നടത്താൻ കഴിയില്ലെന്നും അറിയിച്ചു.

നിയമ ബിരുദധാരികളല്ലാത്തവർക്ക് ഓൺലൈൻ അല്ലെങ്കിൽ പാർട്ട് ടൈം ഫോർമാറ്റുകളിൽ ഡിപ്ലോമ അല്ലെങ്കിൽ എക്സിക്യൂട്ടീവ് പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം വാഗ്ദാനം ചെയ്യുന്ന പ്രവണതകളെക്കുറിച്ച് കൗൺസിൽ ആശങ്ക പ്രകടിപ്പിച്ചു. ഇത് വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുകയും, നിയമപരമായ മാനദണ്ഡങ്ങൾ ദുർബലപ്പെടുത്തുകയും, ഇന്ത്യയിലെ നിയമ വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യത അപകടത്തിലാക്കുകയും ചെയ്യുന്നതാണ്.

**നിരാകരണം / disclaimer**

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

**പത്രാധിപസമിതി**







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

*https://lawsect.kerala.gov.in*

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 09
ഇഷ്യൂ 01

DATE OF PUBLICATION
16/07/2025



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar